

നാന

സിനിമാവാരിക







ഹിന്ദി സിനിമ പിന്നിട്ട ഒരു വർഷം.

ധീര ക്യാമറയിലൂടെ...

1 ക. 60 സ
28.2.82


ദേബശ്രീ റോയ്.

പുസ്തകം 10 ലക്കം 17 1982 ഫെബ്രുവരി 28 വില 1 രൂപ 60 പൈസ

Member, I.E.N.S.

മാനേജിംഗ് എഡിറ്റർ:
ആർ. കൃഷ്ണസ്വാമി

എഡിറ്റർ:
എസ്. രാമകൃഷ്ണൻ

നാന
സിനിമാവാരിക



നാടൻ കലകളെക്കുറിച്ച് ഡോക്യുമെൻററികളുണ്ടാക്കണം

നമ്മുടെ സാംസ്കാരിക പൈതൃകത്തിൻെറ അനർഘ രത്നങ്ങളാണ് നാടൻകലകൾ. സമ്പുഷ്ടമായൊരു കലാ പാരമ്പര്യത്തിൻെറ തുടിക്കുന്ന മുഖങ്ങൾ അവ പ്രതിനിധാനം ചെയ്യുന്നു. അനുഷ്ഠാന കലകളുൾപ്പെടെയുള്ള നാടൻ കലകളിൽ, നമ്മുടെ സംസ്കാരത്തിൻെറ വേരുകൾ ആഴത്തിൽ വേരോടിയിരിക്കുകയാണ്. വിശ്വാസങ്ങളുടെയും, അനുഷ്ഠാനങ്ങളുടെയും, ആചാരങ്ങളുടെയുമൊക്കെ വേദികളിൽ അരങ്ങേറി, ഓരോ കാലഘട്ടത്തിൻെറയും സാമൂഹ്യാത്മസത്തയിൽ അലിഞ്ഞുചേർന്ന നാടൻ കലകൾ, കലയുടെ അക്ഷയ ഖനികളാണ്. മറേറതൊരു നാടിനേയുംകാളധികം കേരളം ഇക്കാര്യത്തിൽ അനുഗ്രഹീതമാണ്. വ്യത്യസ്ത രൂപവും ഭാവവുമാർന്ന എത്രയെത്ര നാടൻ കലകൾ നമുക്കെടുത്തുകാട്ടാനാവും!

എന്നാൽ നമ്മുടെ നാടൻ കലകൾ, അന്വേഷണ കുതുകികളായ ഗവേഷകരുടെ പഠന വിഷയമോ, ഒരു ന്യൂനപക്ഷത്തിൻെറ പുരാതന കൗതുകമോ മാത്രമായി അധഃപതിക്കരുത്. വർത്തമാനകാല ജനങ്ങൾക്കും, മൺമറഞ്ഞതോ, മൺമറഞ്ഞുകൊണ്ടിരിക്കുന്നതോ ആയ നാടൻ കലകളെക്കുറിച്ച് ബോധമുണ്ടാകണം; അവയുമായ പരിചയമുണ്ടാകണം. എങ്കിൽ മാത്രമേ നമ്മുടെ കലാ പൈതൃകത്തെക്കുറിച്ച് ഊററം കൊള്ളാനാവൂ.

നാടൻ കലകളെ പുനരുജ്ജീവിപ്പിക്കാനും, അവയുടെ സങ്കരത്തിലൂടെ കാലാനുസൃതമായ കലാരൂപങ്ങൾ ഉരുത്തിരിച്ചെടുക്കാനും നടക്കുന്ന ശ്രമങ്ങൾ, ചെറിയ തോതിലാണെങ്കിലും, ശ്ലാഘനീയമാംവിധം നടന്നു വരുന്നുണ്ട്. എന്നാൽ അത്തരം പ്രവർത്തനങ്ങൾ ബുദ്ധിജീവികളിൽ മാത്രമാണ് കേന്ദ്രീകരിച്ചിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. അതുകൊണ്ട് സാമാന്യ ജനങ്ങൾ അവയെക്കുറിച്ച് അറിയുകയോ ബന്ധപ്പെടുകയോ ചെയ്യുന്നില്ല. നാടൻ കലകളെ സാമാന്യ ജനവുമായി ബന്ധിപ്പിക്കാനുള്ള വ്യാപകമായ ശ്രമങ്ങളാരംഭിക്കേണ്ടിയിരിക്കുന്നു. ആധുനികകാലത്തു സിനിമയോളം വലിയൊരു ബഹുജന മാദ്ധ്യമമില്ലാത്ത സ്ഥിതിക്ക്, നമ്മുടെ നാടൻകലകളെ സാധാരണക്കാർക്ക് പരിചയപ്പെടുത്താനുള്ള എളുപ്പവഴിയും ഇതുതന്നെയാണ്. ഓരോ നാടൻ കലയുടേയും സവിശേഷതകളും, രൂപവും ഭാവവും മേന്മയും അനാവരണം ചെയ്യുന്ന ഡോക്യുമെൻററികൾ നിർമ്മിക്കുകയും അവ വ്യാപകമായി പ്രദർശിപ്പിക്കുകയും ചെയ്താൽ, ഒട്ടൊക്കെ ഈ ലക്ഷ്യം നേടിയെടുക്കാനാവും. മഹനീയമായ ആ കലാരൂപങ്ങളെ അപ്രകാരം സാമാന്യ ജനത്തിലെത്തിക്കുകയും ചെയ്യാം. ഗവണ്മെൻറിൻെറ താല്പര്യവും സഹായവും തീർച്ചയായും ഇക്കാര്യത്തിലുണ്ടാവേണ്ടിയിരിക്കുന്നു.

—





മുഖചിത്രം സോമൻ
ഫോട്ടോ: എൻ. പ്രഭാകരൻ


കമലഹാസൻ
ഫോട്ടോ: എസ്. ആർ. ഡി. മൂർത്തി

രേഖ
ഫോട്ടോ: ജൂബ്കോ

സാപ്പ് ചിത്രം ചട്ടം ചിരിക്കുന്നു
ശ്രീപ്രിയ ചിത്രം ത്യാഗി

ദേബശ്രീ റോയ്

കൽക്കട്ടാ ടു മദ്രാസ് ടു ബോംബേ



ദേബശ്രീ റോയ് ചിത്രം
കനകച്ചിലങ്ക കിലുങ്ങെ കിലുങ്ങെ

ബംഗാളി സിനിമയിലെ തിരക്കുള്ള നടി ആയിരിക്കവെ തന്നെ മലയാള ചിത്രങ്ങളിൽ അഭിനയിക്കുകയും തുടർന്ന് ബോംബെ സിനിമാരംഗത്തു് ഹിന്ദി ചിത്രങ്ങൾ റിലീസാകുന്നതിനു മുമ്പ് ശ്രദ്ധേയ ആയിത്തീരുക അത്ര എളുപ്പമുള്ള കാര്യങ്ങളല്ല ഇതു്. എന്നാൽ ദേബശ്രീറോയ് ഇവയത്രയും ഇതിനകം സാധിച്ചു കഴിഞ്ഞു. അപർണാ സെന്നിന്റെ ഇംഗ്ലീഷ് ചിത്രം '36 ചൗരംഗിലേനി'ലെ ഉപ നായികയും ദേബശ്രീ തന്നെ. ഈ ചിത്രത്തിന്റെ റിലീസിംഗിനു ശേഷം ഈ നടിയുടെ കരിയർഗ്രാഫ് അതിവേഗം മുകളിലോട്ട് കുതിക്കുകയാണ്.

'ഇന്ന് ഞാൻ ബംഗാളി ചിത്രങ്ങളിൽ അഭിനയിക്കുന്നുണ്ട്. ന്യായമായും എനിക്ക് എന്റെ സ്വന്തം ഭാഷാ സിനിമയെ തള്ളിപ്പറയുക വയ്യ. ഹിന്ദി സിനിമയിലെ കരിയറിലും ഞാൻ ഒന്നുപോലെ തല്പരയാണ്. ഈ രണ്ടു സിനിമാ ലോകവും കൂട്ടിയിണക്കി കൊണ്ടു പോകുന്ന ബദ്ധപ്പാടിലാണു ഞാൻ' ദേബശ്രീ പറഞ്ഞു. അവരുടെ ജൂഹുവിലെ വസതിയിൽവെച്ച് നാനയ്ക്കുവേണ്ടിയുള്ള കൂടിക്കാഴ്ച പുരോഗമിക്കവെയാണ് ദേബശ്രീ തന്റെ 'ധർമ്മ സങ്കടം' എന്നെ അറിയിച്ചതു്. ഇതു മാത്രമല്ല, തെന്നിന്ത്യൻ സിമയിലും ദേബശ്രീ തനിക്ക് നല്ലൊനുള്ള 'സംഭാവനകൾ' ഈ തിരക്കിനിടയിൽ സമയം കണ്ടെത്തണം. മലയാളം, തമിഴ്, തെലുങ്ക് ഭാഷകളിൽ നിർമ്മിക്കുന്ന ശാന്താറാമിന്റെ 'ജനക് ജനക് പായൽ ബാജേ'യുടെ തെന്നിന്ത്യൻ പതിപ്പ് (മലയാളത്തിൽ ഇതു് പദാനുപദ തർജ്ജമ ആയി അനുഭവപ്പെടുന്ന 'കനകച്ചിലങ്ക കിലുങ്ങെ കിലുങ്ങെ' എന്ന പേരിലായിരിക്കും പുറത്തു വരിക) ദേബശ്രീയുടെ നിർമ്മാണത്തിലിരിക്കുന്ന തെന്നിന്ത്യൻ ചിത്രമാണ്. കഥക് നൃത്തത്തിൽ പ്രവീണയായ ദേബശ്രീക്ക് നൃത്തപ്രധാനമായ നായികയുടെ റോളാണ് ഈ ചിത്രത്തിലുള്ളതു്. ശങ്കറാണ് നായകൻ.

'കനകച്ചിലങ്ക....'യിലെങ്ങനെയാണ് താൻ എത്തിപ്പെട്ടതെന്നും അവർ വെളിപ്പെടുത്തി. തന്റെ സഹോദരൻ രബീന്ദ്രറോയ് ആണീ ചിത്രത്തിന്റെ ക്യാമറാമാൻ. നിർമ്മാതാക്കൾക്ക് ഒരു നായികയെ വേണമായിരുന്നു. രബീന്ദ്രന്റെ ശുപാർശയിലവർ ദേബശ്രീയെ കരാർ ചെയ്യുകയായിരുന്നു. രബീന്ദ്രൻ കുറെയധികം തെന്നിന്ത്യൻ ചിത്രങ്ങൾക്കു വേണ്ടി ക്യാമറ ചലിപ്പിച്ചിട്ടുണ്ടെന്ന് ദേബശ്രീ പറഞ്ഞു. 'കനകച്ചിലങ്ക...'യ്ക്ക് ഇനിയൊരവസാന ഷെഡ്യൂൾ കൂടിയുണ്ട്. അതിനവർ അടുത്ത മാസം മദിരാശിക്കു പോകുന്നു. അതിനു മുമ്പ് ഒരു ബംഗാളി ചിത്രത്തിന്റെ ഷെഡ്യൂളുണ്ട്.

'വർഷങ്ങൾക്കു മുമ്പ് ഞാൻ ഒരു മലയാള ചിത്രത്തിലഭിനയിച്ചിരുന്നു— 'ഈ ഗാനം മറക്കുമോ?' നിങ്ങൾ ഓർക്കുന്നുണ്ടോ യിരിക്കും. അന്നു ഞാൻ നന്നേ ചെറുപ്പമായിരുന്നു' പ്രേംനസീറായിരുന്നു നായകൻ. ചിത്രത്തിനു് സംഗീതം നല്കിയ സലിൽ ചൗധരിയുടെ നിർബന്ധംമൂലമാണ് ഞാനാ ചിത്രത്തിലഭിനയിച്ചതു്. ആ ചിത്രം സാമ്പത്തികമായി അത്ര വിജയമായില്ല എന്നു തോന്നുന്നു. തുടർന്ന് ഞാൻ ബംഗാളി സിനിമയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുവരികയായിരുന്നു. പ്രധാന കാരണം തെന്നിന്ത്യൻ ഭാഷകളുടെ കാഠിന്യമാണ്. സംഭാഷണം മുഴുവൻ ഇംഗ്ലീഷ് ലിപിയിലെഴുതിയാണ് ഞാൻ കാണാതെ പഠിച്ചിരുന്നതു്. സ്ലേറ്റുകളെ ആശ്രയിക്കാതെ തന്നെയാണ് മിക്കവാറും സംഭാഷണം ഉരുവിട്ടിരുന്നതു്. ഇതു് പിന്നീട് ഡബ്ബിംഗിൽ മായിക്കുകയും മറ്റൊരു ശബ്ദം കടം വാങ്ങുകയും ചെയ്തിരിക്കണം. —ദേബശ്രീ വിവരിച്ചു.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ഇവർക്ക് മലയാള ചിത്രങ്ങൾ ഇഷ്ടമാണ്. നല്ല ഒരു ചിത്രം, നല്ല ഒരു റോൾ ഇവ താനെപ്പോഴും സ്വാഗതം ചെയ്യുമെന്ന് ദേബശ്രീ പറയുന്നു. കേരളം കണ്ടിട്ടുള്ള എല്ലാ ബംഗാളികളും പറയാറുള്ളതുപോലെ ദേബശ്രീയും ബംഗാളും കേരളവും തമ്മിലുള്ള സാമ്യമാണ് എടുത്തു പറഞ്ഞതു്. കേരളീയരും ബംഗാളികളും മത്സ്യം ധാരാളം കഴിക്കുമെന്ന് ഇവർ മനസ്സിലാക്കിയിട്ടുണ്ട്. താൻ കണ്ടിട്ടുള്ള കേരളത്തിലെ സ്ഥലങ്ങളെക്കുറിച്ചു പറയുകയും വീണ്ടും സൗകര്യം കിട്ടുമ്പോഴൊക്കെ കേരളം കാണാൻ ശ്രമിക്കുമെന്നും ദേബശ്രീ പറഞ്ഞു.

രാജശ്രീയുമായി ഒരു കരാറുണ്ടാക്കിയിട്ടുള്ള ദേബശ്രീ അവരുടെ അഞ്ചു ചിത്രങ്ങളിൽ അഭിനയിക്കാനിടയുണ്ട്. ആദ്യ ചിത്രം 'ജിയോതോ ഐസേജിയോ' പൂർത്തിയായിരിക്കുകയാണ് അടുത്തമാസം തിയേറ്ററുകളിലെത്തും. അരുൺ ഗോവിലാണ് 'ജിയേതോ....'യിലെ നായകൻ. ഗ്രാമത്തിൽ നിന്ന് ബോംബെയിലെത്തുന്ന പെൺകുട്ടിയാണിതിൽ ദേബശ്രീ. രാജശ്രീയുടെ സ്ഥിരം ഫോർമുലകൾ പ്രേമവും ഗാനവും ഇതിൽ ധാരാളമുണ്ട്. ഷാഷേപുരിക്കൊപ്പം രാജശ്രീയുടെ 'ഫുൽവാരി'യി

ലും ഈ നടി അഭിനയിക്കുന്നു. ഇതേതാണ്ട് പകുതിയോളം പൂർത്തിയായിരിക്കുകയാണ്. 'ഫൂൽവാരി' ഭോജ്പുരിയിലും ഹിന്ദിയിലുമാണ് നിർമ്മിച്ചുവരുന്നത്.

ബാസു ചാററർജി സംവിധാനം ചെയ്യുന്ന 'അഭിനയം' ഹിന്ദിയിലും ബംഗാളിലും ഉള്ള ചിത്രമായിരിക്കും നായിക ദേബശ്രീ തന്നെ. ഇവരുടെ നൃത്തത്തിലുള്ള വിരുത് പ്രകടമാക്കാൻ പററിയ ഒരു ജിപ്സി പെണ്ണിൻെറ കഥാപാത്രം പേരിട്ടിട്ടില്ലാത്ത ഒരു ചിത്രത്തിൽ ഇവർ അവതരിപ്പിക്കുന്നുണ്ട്. ഇതൊരു ആർട്ടുചിത്രമായി ദേബശ്രീ വിശേഷിപ്പിച്ചു.

നീണ്ട കുറെയധികം ചുംബനരംഗങ്ങളും ഒരല്പം ശരീര പ്രദർശനവും 36 ചൗരംഗി ലേ'നിൽ നടത്തിയ ദേബശ്രീ അതു ന്യായീകരിക്കുകയും ഇന്ത്യൻ ഭാഷാ ചിത്രങ്ങളിൽ ഇങ്ങനെയൊന്നും ചെയ്യുകയില്ലെന്ന് വ്യക്തമാക്കുകയും ചെയ്തു. '36 ചൗരംഗി ലേൻ ഇന്ത്യയ്ക്ക് പുറത്ത് പ്രദർശിപ്പിക്കാനെടുത്ത ചിത്രമാണ്. അതിനാൽ ചുംബനരംഗങ്ങൾ അനാവശ്യമായി തോന്നില്ല. പക്ഷെ ഇത്തരം രംഗങ്ങൾ ഞാൻ ഹിന്ദിയിലോ മററു ഭാഷയിലോ ഉള്ള സിനിമകളിൽ അഭിനയിക്കുകയില്ല' ദേബശ്രീ ഇങ്ങനെ പറയുന്നതു കേൾക്കുമ്പോൾ ദേബശ്രീയുടെ കൂടുതൽ ഇംഗ്ലീഷ് ചിത്രങ്ങളുണ്ടാവട്ടെ എന്നു ന്യായമായും ആരാധകൻ ആശിച്ചു പോകും.

മൂന്നാമത്തെ വയസ്സിലാണ് ഇവരാദ്യം മൂവി ക്യാമറയെയും റിഫ്ളക്ടറുകളെയും അഭിമുഖീകരിച്ചത്. ഒരു ബാലനടിയായി കുറെ ചിത്രങ്ങളിൽ അഭിനയിച്ചു. ബാലനടി ബംഗാളി സിനിമയിലെ നായികയാവുന്നതിനു മുൻപ് മൂന്നുവർഷം ഒരു ഇടവേള സ്വയം സൃഷ്ടിച്ചു. നായികയായി ഇതിനകം ഒരു ഡസനോളം ചിത്രങ്ങളിൽ അഭിനയിച്ചുകഴിഞ്ഞു, ഏററവും ഒടുവിലായി പുറത്തുവന്ന ബംഗാളി ചിത്രം 'ദാദർ കീർത്തി' (തരുൺ മജുംദാറിൻെറ സംവിധാനം) ഗോൾഡൻ ജൂബിലി ആഘോഷിച്ചതായും സംസ്ഥാന അവാർഡു നേടിയതായും ദേബശ്രീ എന്നോടു പറഞ്ഞു.

ഏതു റോളും അവർക്കിഷ്ടമാണ്, നായിക ആയിരിക്കണം എന്നു മാത്രം. കോമഡിയും, ഗ്രാമീണ പെൺകുട്ടിയും വികാരഭരിതമായ റോളും എല്ലാം തനിക്കൊന്നുപോലെ ഇഷ്ടമാണെന്ന് കൂട്ടിച്ചേർക്കുന്നു. ഏതെങ്കിലും ചില ടൈപ്പ് റോളുകളിലൂടെ ബോധപൂർവ്വം ഒരു ഇമേജ് ഉണ്ടാക്കുന്നതിന് അനുകൂലമല്ല. എന്നാൽ പ്രേക്ഷകരേതെങ്കിലും ഇമേജ് നൽകിയാൽ അതു സ്വീകരിക്കാൻ തയ്യാറാണ്.

കല്ക്കത്ത, മദ്രാസ്, ബോംബെ ഈ മൂന്നു ലോകവും കണ്ടറിഞ്ഞിട്ടുള്ളവർ ഇവയെ തമ്മിൽ താരതമ്യപ്പെടുത്തുക ഔചിത്യപൂർവ്വമായിരിക്കുമോ എന്നു സംശയിക്കുന്നു. അതിനാൽ ഞാൻ അടുത്ത ചോദ്യത്തിലേയ്ക്കു കടന്നു. ഗോസ്സിപ്പിനെക്കുറിച്ചവർക്ക് വലിയ പരാതിയില്ല. കാരണം- ഇതുവരെ ഗോസ്സിപ്പുകാർ ഇവരെ ഇരയാക്കിയിട്ടില്ല എന്നതു തന്നെ എങ്കിലും എന്നെക്കുറിച്ചെന്തെങ്കിലും എഴുതുകയും അതു ഞാൻ ചെയ്യാത്തതാണെന്നും വന്നാൽ എനിക്കു വിഷമം തോന്നും. എന്ന് ദേബശ്രീ സമ്മതിച്ചു പത്രമാസികകൾ ഇവർക്കു നൽകിയ 'പ്രാധാന്യത്തിലും ഇവർക്ക് സന്തോഷമുണ്ട്. ചിത്രത്തിൻെറ റിലീസിംഗ് കഴിഞ്ഞ് നിങ്ങളുടെ പ്രവൃത്തിയെ വിലയിരുത്തി ആയിരിക്കുമല്ലോ ഏററെ കവറേജ് ലഭിക്കുക. ദേബശ്രീ കൂട്ടിച്ചേർക്കുന്നു. (എങ്ങനെയോ ഇതു തെററായാണ് ഈ നടി ധരിച്ചുവച്ചിരിക്കുന്നത്. ഇന്ത്യൻ പത്രമാസികകളിനിയും നടിയെ--നടനെ പ്രവൃത്തിയിലൂടെ കാണാൻ തക്കവണ്ണം എന്ന് ദേബശ്രീക്കു മനസ്സിലാക്കാൻ ഏററെ താമസം ഉണ്ടാവാനിടയില്ല.)



ദേബശ്രീ റോയ് ചിത്രം
കനകച്ചിലങ്ക കിലുങ്ങി കിലുങ്ങി

അപർണയുടെ ഒരു ആരാധിക ആയിരുന്ന ദേബശ്രീ ചെറുപ്പം മുതൽ. '36 ചൗരംഗി ലേനി'ൻെറ ഓഫർ കിട്ടിയപ്പോൾ മറെറാന്നും തന്നെ ചിന്തിച്ചില്ല. ഒരു വനിതാ സംവിധായകയുടെ പ്രത്യേകതകളെക്കുറിച്ചു ചോദിച്ചപ്പോൾ കോസ്റ്റ്യൂംസിൻെറ കാര്യത്തിലവർ അങ്ങേയററം ശ്രദ്ധിച്ചിരുന്നു എന്നാണ് ദേബശ്രീ പറഞ്ഞത് (ഒരു പെണ്ണിൽനിന്ന് ന്യായമായും ഇതു പ്രതീക്ഷിക്കേണ്ടിയിരുന്നു!) അപർണ്ണയുടെ സംവിധാനത്തെക്കുറിച്ചും ചിത്രത്തെക്കുറിച്ചും ഈ നടിക്ക് മതിപ്പുണ്ട്.

ദേബശ്രീയുടെ അച്ഛൻ വെസ്റ്റ്ബംഗാൾ ഫൈനാൻസ് കോർപ്പറേഷനിൽ പണിയെടുത്തിരുന്നു. അമ്മ ഒരു ഗായികയാണ്. രണ്ട് സഹോദരിമാർ തൃഷ്ണയും ജൂംകിയും പാട്ടുകാരാണ്. ജൂംകിയും ദേബശ്രീയും നൃത്തപരിപാടികൾ നടത്തിയിരുന്നു--സിനിമയിൽ ദേബശ്രീക്ക് തിരക്ക് വർദ്ധിക്കുന്നതുവരെ രബീന്ദ്രനെ കൂടാതെ മറെറാരു സഹോദരൻകൂടിയുണ്ട് ദേബശ്രീക്ക്.

ഏബ്രഹാം തോമസ്


ഝണ്..ഝണ്...



പ്രയാണത്തിൻെറ തമിഴ് പതിപ്പായ സാവിത്രിയിൽ മേനകയുടെ ഭർത്താവായി അഭിനയിച്ച രമണമൂർത്തി ശങ്കരാഭരണം സോമരാജുലുവിൻെറ സഹോദരൻ ആണ്. മാറോ ചരിത്രയിൽ കമലിൻെറ അച്ഛനായി അഭിനയിച്ച ഇദ്ദേഹം ഒരു ബി. എസ്. സി. ബിരുദധാരി കൂടി ആണ്.




അമിതാബിൻെറ നമ്പർ വൺ താരപദവി നിലനിർത്തിയ 'ലാവാറീസ്'



കഴിഞ്ഞ വർഷത്തെ ഹിറ്റ് താരജോഡി രേഖ, ജിതേന്ദ്ര



കമലഹാസൻ, രതിഅഗ്നിഹോത്രി ചിത്രം 'ഏക് ദൂജേ കേലിയേ



സീനത്തു് അമനെ നടിയായി അംഗീകരിച്ച ചിത്രം ഇൻസാഫ് കാ ത്രാസം



കഴിഞ്ഞ വർഷത്തെ സാമ്പത്തിക വിജയത്തിലൊന്നു് മനോജ് കുമാറിൻെറ 'ക്രാന്തി'

സഞ്ജീവ് കുമാർ, ഷർമ്മിള ടാഗോർ ചിത്രം ഗൃഹപ്രവേശം

ഹിന്ദി സിനിമ പിന്നിട്ട

സംഭവബഹുലമായ ഒരു വർഷം കൂടി ഹിന്ദി സിനിമ പിന്നിട്ടിരിക്കുന്നു. റിലീസുകളുടെ കാര്യത്തിൽ 1980 നെ അപേക്ഷിച്ച് ആറു ചിത്രങ്ങൾ കൂടുതലായിരുന്നു 1981–ൽ. ആകെ നൂററിഇരുപതു ചിത്രങ്ങൾ തിയേററുകളിലെത്തി. എണ്ണത്തിലെ ഈ വർദ്ധനവു് പ്രേക്ഷകൻെറ ഭാഗ്യത്തിനായിരുന്നില്ല. അങ്ങേയററം ഉന്നത നിലവാരം പുലർത്തിയതോ അവിസ്മരണീയമായതോ ആയ ഒരൊററ ചിത്രം പോലും പുറത്തുവന്നില്ല. ശരാശരി നിലവാരത്തിൽ നിന്നല്പം മുന്തിനിന്ന ചില ചിത്രങ്ങളുണ്ടായിരുന്നു, അത്രമാത്രം. അക്രമവും അടിപിടിയും പിൻനിരയിലേയ്ക്കു മാററപ്പെട്ടു എന്നതു് ആശ്വാസകരമായ വ്യതിയാനമാണു്. വളരെ കുറച്ചു ചിത്രങ്ങളിലേ അസഹനീയമായ വലിച്ചുനീട്ടിയ അക്രമരംഗങ്ങൾ കാണാനുണ്ടായില്ല. ഇവയിൽ 'ലാവാരിസും' 'നസീബും' ഒഴിച്ചുള്ളവയൊന്നും സാമ്പത്തികമായും വിജയിച്ചില്ല.

കഴിഞ്ഞ വർഷം 'ഏക് ദൂജേ കേലിയേ'യുടെ വർഷമായിരുന്നു എന്നു നിസ്സംശയം പറയാം. ഈ ചലച്ചിത്രത്തിനു നേടാൻ കഴിഞ്ഞ അഭൂതപൂർവ്വമായ വിജയം ബോക്സ് ഓഫീസ് പണ്ഡിതന്മാരുടെപോലും കണ്ണു തള്ളിപ്പിച്ചു. ലഘു ബഡ്ജററിലെടുത്ത ഈ ചിത്രവും അതിൻെറ പുതിയ നാടകജോഡിയും ആദ്യത്തെ റീലിലെ ഉപദേശപ്രസംഗവും അന്ത്യറീലുകളിലെ വലിച്ചുനീട്ടിയ മെലോഡ്രാമയും ശോകവുമെല്ലാം പ്രേക്ഷകർ സന്തോഷത്തോടെ സ്വീകരിച്ചതും പലർക്കും അത്ഭുതമായിരുന്നു. എന്നിരുന്നാലും ഈ ചലച്ചിത്രത്തിൻെറ വിജയം അതിനവകാശപ്പെട്ടതായിരുന്നില്ലഎന്നു പറയാനാവില്ല. കലയും കച്ചവടവും സമ്മേളിപ്പിക്കുവാൻ നടത്തിയ വളരെ ബുദ്ധിപരമായ ഒരു ശ്രമം ആയിരുന്നു ഇതു്.

നവ്യമായ ഒരു പരിവേഷം ഉണ്ടായിരുന്നു ഈ ചിത്രത്തിനു്. അങ്ങേയററം ചുറുചുറുക്കുള്ള നായകൻ (കമലഹാസൻ) സർക്കസ്സിലെ അഭ്യാസങ്ങളെ ഓർമ്മിപ്പിക്കുന്ന മെയ്വഴക്കം അനായസതയോടെ പ്രദർശിപ്പിച്ചതും, പഴക്കം ചെന്ന പ്രേമകഥയുടെ ചുരുളഴിഞ്ഞതു് തികച്ചും പുതിയ ശൈലിയായിരുന്നു എന്നതും, ഹിറ്റ് ഗാനങ്ങളും, സംഗീതവും, സാങ്കേതികമായ ഉന്നത നിലവാരവും എല്ലാം ഈ ചിത്രത്തിനെ എല്ലാ റിക്കാർഡുകളും ഭേദിക്കുവാൻ സഹായിച്ചു. ഇക്കാര്യത്തിൽ അമിതാദ്ധ്വാനം ചെയ്തു് പല തരം കഥകൾ കെട്ടിച്ചമച്ചു് (ചിത്രം നിരോധിക്കാനിടയുണ്ടു്, അന്ത്യം മാററിക്കഴിഞ്ഞു, ചിത്രം കണ്ടു നിരാശരായ പല കാമുകരും ആത്മഹത്യ ചെയ്തു എന്നിവ) ചിത്രത്തിൻെറ പബ്ലിക് റിലേഷൻസ് വിഭാഗം ചെയ്ത സേവനം മറക്കാനാവില്ല. 'ഏക്ദൂജേ കേലിയേ' റിക്കാർഡുകളുടെയും കാസ്സററുകളുടെയും വില്പനയിലും ചരിത്രം സൃഷ്ടിച്ചു.

'ഏക് ദൂജേ കേലിയേ' തെന്നിന്ത്യയിലെ പ്രതിഭാസമ്പന്നനായ കെ. ബാലചന്ദറിൻെറ തെലുങ്കു ചിത്രത്തിൻെറ റീമേക്കായിരുന്നു. മറെറാരു പ്രതിഭാശാലിയായ തമിഴ് സംവിധായകൻെറ തമിഴ് ചിത്രത്തിൻെറ (മൗനഗീതങ്ങൾ) റീമേക്ക് .ഏക് ഹി ഭൂൽ' (സംവിധാനം ടി. രാമറാവു) ആണു് നിലവാരം പുലർത്തിയ രണ്ടാമത്തെ കൊമേഴ്സിയൽ ചിത്രം. മൂലചിത്രത്തിലെ മെലോഡ്രാമയും നായികയുടെ അമിതാഭിനയവും എല്ലാം ഹിന്ദിപ്പതി

പ്പിലും ഉണ്ടായിരുന്നെങ്കിലും യഥാർത്ഥ ജീവിതത്തിലെ യഥാർത്ഥ പ്രശ്നങ്ങളുടെ മുഖം മൂടിയില്ലാത്ത അവതരണം ഈ ചിത്രത്തെ മററു ചിത്രങ്ങളിൽ നിന്നു് മാററി നിറുത്തുന്നു.

സിനിമ വിനോദത്തിനാണു് എന്നു വിശ്വസിക്കുന്ന കച്ചവട സിനിമയുടെ വക്താക്കളുടെ നല്ല രണ്ടു ചിത്രങ്ങളാണു് മുകളിൽ പറഞ്ഞവ. സിനിമ കല മാത്രമാണു്, വിട്ടുവീഴ്ചകൾക്കു് തങ്ങളില്ല എന്നു് എപ്പോഴും പ്രസംഗിക്കാറുള്ള ശ്യാംബനഗലിന്റെ 'കലിയുഗ്' ബാസു ഭട്ടാചാര്യയുടെ 'ഗൃഹ്പ്രവേശ്', അന്തരിച്ച രബീന്ദ്ര ധരംരാജിന്റെ 'ചക്ര', സായിവരഞ്ച്പൈയുടെ 'ചഷ്മേബദ്ദൂർ', സയ്യദ് മിസ്സയുടെ 'ആൽബർട്ട് പിന്റോ കോ ഗുസ്സാ ക്യോം ആത്താ ഹൈ' എന്നിവയും മററു ചിത്രങ്ങളിൽ നിന്നു് വ്യത്യസ്തമായി അനുഭവപ്പെട്ടു.

'കലിയുഗ്' എന്ന ചിത്രത്തിൽ ശ്യാം വളരെ നിലവാരം കുറഞ്ഞ രീതിയിൽ ഒരു ഡിസ്കോ രംഗം പോലും ഉൾക്കൊള്ളിച്ചു, പ്രേക്ഷകനെ പാട്ടിലാക്കാൻ. 'ഗൃഹ്പ്രവേശി'ലാകട്ടെ ബസു ഇരുപതു വർഷം മുമ്പ് തന്റെ ഗുരു ബിമൽറോയ് ഉപയോഗിച്ചിരുന്ന സിമ്പോളിസങ്ങൾ ഓരോ റീലിലും ആവർത്തിച്ച് വിരസത സൃഷ്ടിച്ചു. ചില സംഭവങ്ങളുടെ യഥാതഥമായ ചിത്രീകരണവും കഥാപാത്രങ്ങളെ പ്രതിനിധീകരിച്ച നടീനടന്മാരുടെ ആത്മാർത്ഥമായ പ്രയത്നവുമാണു് ഈ ചിത്രങ്ങളെ രക്ഷിച്ചതു്. ബാസുവും, ശ്യാമും വളരെ ശ്രദ്ധിച്ച് തങ്ങളുടെ വിജ്ഞാന മണ്ഡലത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചില്ലെങ്കിൽ മുൻ ചിത്രങ്ങളുടെ പ്രസിദ്ധിയിൽ മാത്രമായിരിക്കും ഇവർ അറിയപ്പെടുക. ഇരുവരുടെയും കരിയറുകൾ അങ്ങേയററം താണിരിക്കുകയാണെന്നു് 'കലിയുഗും' 'ഗൃഹ്പ്രവേശും' വ്യക്തമാക്കി.

അന്തരിച്ച ധരംരാജിന്റെ 'ചക്ര'യുടെ പ്രധാന പ്രശ്നം ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യത്തെ അതിന്റെ എല്ലാ മലീനതയോടും കൂടി ചിത്രീകരിക്കാൻ ശ്രമിച്ചതാണു്. വിവേകപൂർവ്വം എഡിററിംഗ് നടത്തിയിരുന്നെങ്കിൽ ഇതു് ഒരു ഒന്നാംകിട ചിത്രമായേനെ. അതുണ്ടായില്ല. എന്നു മാത്രമല്ല, സെൻസർബോർഡും ഏറെ അയഞ്ഞ നയം സ്വീകരിച്ച് കത്രിക തൊടീക്കാതെ ഈ ചിത്രം തിയേററിലെത്തിച്ചു. ഫലമോ കുടുംബത്തിലെ പ്രായപൂർത്തിയായവർക്കു പോലും ഒന്നിച്ചു കാണാനാവാത്ത ഒരു ചിത്രം. ഇതിലെ അക്രമ രംഗങ്ങളും അനാവശ്യമായി വലിച്ചു നീട്ടിയ സ്മിതാപാട്ടീലിന്റെ കുളിയും ഇതിനു് ഉദാഹരണങ്ങളാണു്. എന്തായാലും ഇവ ബോംബെയിൽ കളക്ട് ചെയ്യാൻ സഹായിച്ചു എന്നതു് മറെറാരുവശം.

'ചഷ്മേ ബദ്ദൂർ' എന്ന ചിത്രത്തിന്റെ ആദ്യ ദിവസങ്ങളിൽ തിയേററുകൾ ഒഴിഞ്ഞു കിടന്നു. ഇതു മനസ്സിലാക്കിയിട്ടായിരിക്കണം ചിത്രവുമായി ബന്ധപ്പെട്ടവർ 'ബുദ്ധിജീവികളായ' പ്രേക്ഷകർക്കു നേരെ വിവിധതരം പരസ്യ മാർഗ്ഗങ്ങൾ സ്വീകരിച്ചതു്. ഇവ ലക്ഷ്യത്തിൽ കൊണ്ടു ആണും പെണ്ണും പ്രഥമ ദർശനത്തിൽ അനുരാഗബദ്ധരാകുന്നതും കാർമേഘങ്ങൾ ഓടിയെത്തുന്നതും ഒടുവിൽ എല്ലാം ശുഭമായി അവസാനിക്കുന്നതുമാണു്, വിദേശ ചിത്രങ്ങളിൽ നിന്നും പഴയ ഇന്ത്യൻ ചിത്രങ്ങ



...ൻസറിൽ കോളിളക്കം സൃഷ്ടിച്ച ...ധേശ്വര ആവാസും സുനോ'


നസിറുദ്ദീൻഷാ, മിഥുൻ ചക്രവർത്തി, സഞ്ജയ് കുമാർ, ദീപ്തി നേവൽ തുടങ്ങിയ താരങ്ങളെ പങ്കെടുപ്പിച്ച് വിജയം നേടിയ ചിത്രം ഹംപാഞ്ച്

ഒരു വർഷം

എബ്രഹാം തോമസ്

സ്മിതാപട്ടേൽ ചിത്രം ചക്രം



മരണം അപഹരിച്ച നർഗ്ഗീസ്, ഭർത്താവ് സുനിൽദത്തു്







ലൗവ് സ്റ്റോറി




ദർദ്



റോക്കി



ഹിന്ദി ചലച്ചി
പ്രേമ നാടകം



സിൽസില



ബസേര



81—ലെ ഹിററ് മേക്കറായ

തെന്നിന്ത്യൻ സംവിധായകൻ ഭാസരി



നാസിയ ഹസ്സൻ ഡിസ്കോ ദീവാനയിലൂടെ
ഹരമായിത്തീ[illegible] ഗായിക

ളിൽ നിന്നും പ്രചോദിതയായി സായി പറഞ്ഞത്. ലളിതമായ കഥ, ലളിതമായ ശൈലി, ലളിതമല്ലാത്തതും ബന്ധപ്പെട്ട് സൃഷ്ടിച്ചതുമായ ചിരിയുടെ രംഗങ്ങൾ ഇവയാണ് 'ചഷ്മേ....'യെ ചില നിരൂപകരടക്കം പലർക്കും പ്രിയംകരമാക്കിയത്.

ഒരു സ്ത്രീയുടെ സംവിധാനമാകുമ്പോൾ കേന്ദ്ര കഥാപാത്രമായ സ്ത്രീയുടെ മാനസ്സിക വ്യാപാരങ്ങളിലേയ്ക്ക് അല്പം വെളിച്ചം വീശും എന്നു പ്രതീക്ഷിച്ചവർക്ക് തെററി. പകരം സായി ഇഷ്ടപ്പെട്ടത് സുരക്ഷിതമായ, ഫോർമുലകൾ നിറഞ്ഞ വഴി ആയിരുന്നു. അങ്ങനെ 'ചഷ്മേ....'യും അതിൻെറ അന്തസ്സ് കളഞ്ഞു കുളിച്ചിട്ട് സാധാരണ ചിത്രങ്ങളിൽ നിന്നു അല്പം മാത്രം മുന്നോട്ട നീങ്ങി നിന്നു.

വളരെ വ്യത്യസ്തമായ ഒരു കഥയാണ് 'ആൽബർട്ട് വിൻെറാ കോ ഗുസ്സാക്യോം ആത്താഹൈ' എന്ന ചിത്രത്തിനുണ്ടായിരുന്നത്. സംവിധായകനായ സയ്യദ് മിഴ് സയ്യ് അമേരിക്കൻ നഗരങ്ങളിലേയ്ക്കു കുടിയേറുന്ന കുടുംബങ്ങളുടെ കഥ പറയുന്ന ഹോളിവുഡ് ചിത്രങ്ങൾ നൽകിയ പ്രചോദനം വിസ്മരിക്കാവുന്നതല്ല. എങ്കിലും. സയ്യദ് കുറച്ചുകൂടി തൻെറ കഥ രൂപപ്പെടുത്തുന്നതിൽ സമീപനത്തിൽ ശ്രദ്ധിച്ചിരുന്നെങ്കിൽ, കുറച്ചുകൂടി ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നെങ്കിൽ ഇതൊരു അവിസ്മരണീയമായ ചിത്രമായേനെ. പുതിയ ഹിന്ദി സിനിമയുടെ സംഭാവനകളായ നടീനടന്മാരായിരുന്നു കഥാപാത്രങ്ങളെ പ്രതിനിധീകരിച്ചത്. എന്തുകൊണ്ടോ അവരുടെ പ്രകടനം സന്ദർഭത്തിനൊത്ത് ഉയർന്നില്ല. ഇത് മറെറാരു പോരായ്മയായി.

കണ്ടിരിക്കാവുന്ന, നിർദ്ദോഷമായ ഏതാനും ചിത്രങ്ങളും 1980—ൽ പുറത്തു വരികയുണ്ടായി. രാജേന്ദ്രകുമാറിൻെറ മകൻെറ ആദ്യ ചിത്രം 'ലവ്സ്റ്റോറി', 'ശാർദ'. 'ബസേരാ', 'പ്രേംഗീത്', 'ജയിൽ യാത്ര', 'പ്യാസാ സാവൻ', 'ശ്രദ്ധാൻജലി' എന്നിവയാണീ ചിത്രങ്ങൾ. കുപ്രസിദ്ധയായ കൊള്ളക്കാരി ഫൂലാൻ ദേവിയും ഹിന്ദി സിനിമയിലേയ്ക്കു കടന്നു. 'കഹാനി ഫൂലൻ കി' എന്ന പേരിൽ അശോക് റോയ് സംവിധാനം ചെയ്യുന്ന ഒരു ചിത്രം നിർമ്മാണത്തിലിരിക്കെ സംവിധായക നിർമ്മാതാവായ സോഹൻലാൽ കംവർ വളരെ ധൃതിവച്ച് 'നാരി' എന്നൊരു ചിത്രം പുറത്തിറക്കി. നീതാ മേത്ത എന്ന നടി പ്രതിനിധാനം ചെയ്ത കേന്ദ്ര കഥാപാത്രത്തിന് ഫൂലനോട് ഏറെ സാമ്യമുണ്ടായിരുന്നു. നീതയുടെ കുററമററ പ്രകടനം മാത്രമാണ് വളരെ വേഗം മറക്കാനാകുന്ന ഈ ചിത്രത്തിലെ സഹനീയമായ അംശം.

ജീതേന്ദ്ര ഒഴികെ മറെറല്ലാ വൻ താര നടന്മാർക്കും അനുകൂലമായ ഒരു വർഷമായിരുന്നില്ല 1981. ജിതേന്ദ്രയുടെ വൻ വിജയങ്ങളിൽ 'ഏക് ഹി ഭൂല്ം' വിവാദവിഷയമായ 'മേരി ആവാസ് സുനോ'യും പെടുന്നു. അമിതാഭ് ബച്ചന് ഒരൊററ സാമ്പത്തിക വിജയം 'ലാവാരീസ്' മാത്രമേ ഉണ്ടായുള്ളു. ഇതിൽ ആണും പെണ്ണും അല്ലാത്ത വേഷം കെട്ടിയ അമിതാഭ് കരിയർ രക്ഷിക്കാൻ വേണ്ടി എന്തും ചെയ്യാൻ ഒരുക്കമാണെന്നറിയിച്ചു. 'നസീബ്'ൽ ഒരു വൻ താരനിരയുണ്ടായിരുന്നതിനാൽ അതിൻെറ വിജയത്തിൻെറ മുഴുവനും അമിതാഭിന് അവകാശപ്പെടാനാവില്ല. സ്വന്തം ജീവിത കഥയായി വിശേഷിപ്പിക്കപ്പെട്ട 'സിൽസില'യും 'യാരാനയും' തകർന്നു തരിപ്പണമായെങ്കിൽ വർഷാവസാനം റിലീസായ 'കാലിയ' രക്ഷപ്പെടാനിടയുണ്ട്.

അമിതാഭ് മാത്രമല്ല, ധർമ്മേന്ദ്ര, ശത്രുഘ്നൻ സിൻഹ, വിനോദ്ഖന്ന, സൻജീവ്കുമാർ, ശശികപൂർ, അംജത്ഖാൻ, രാജ്ബബ്ബർ എന്നിവരും വളരെ വേഗം മറക്കാനാഗ്രഹിക്കുന്ന ഒരു വർഷമാണ് 1981. രാജേഷ്ഖന്നയ്ക്കാകട്ടെ വർഷത്തിൻെറ അവസാനത്തിൽ 'ഫിഫ്ടി ഫിഫ്ടി' എന്നൊരു വിജയം കിട്ടി. മുൻ റിലീസുകൾ രണ്ടും ('ദർദ്', ധൻവാൻ) കാര്യമായൊന്നും ചെയ്തില്ലെങ്കിൽക്കൂടി.

നടികളിൽ ഹേമമാലിനി, സീനത്ത് അമൻ ഇവർക്ക് മങ്ങലേല്ക്കുകയും, രേഖ കൂടുതൽ കൂടുതൽ ഉയരത്തിലെത്തുകയും ചെയ്തു. രേഖയുടെ അഭിനയപാടവം പ്രദർ



ഡലത്തിൽ കോളിളക്കം സൃഷ്ടിച്ച
ാബ്ബ്" രേഖ



അനിതാരാജ്



കലിയുഗ് എന്ന ചിത്രത്തിന്റെ സംവിധായകൻ ശ്യാംബെനഗലും ജെന്നികപൂറും



പത്മിനി.



ശ്രദ്ധാഞ്ജലി



'ചഷ്മേ ബദ്ദര' എന്ന ചിത്രം സംവിധാനം ചെയ്ത സായി പരഞ്ച്പയ്, നായിക ദീപ്തിനേവൽ എന്നിവർ പഴയ നടി ലീലമിശ്രിയോടൊപ്പം



ദേബ ശ്രീറോയ്





ശ്രദ്ധേയരായ സ്ത്രീ സംവിധായകർ
അപർണ്ണ ചിത്രം 36 ചൗരംഗി ലയിൻ
സായി പരഞ്ച്പയി ചിത്രം ചഷ്മേ ബദ്ദൂർ

ശിപ്പിക്കാൻ അവസരം ലഭിക്കുകയും ചെയ്തു എന്നതാണ് സവിശേഷമായ വസ്തുത. പൂനം ധില്ലൻ, പത്മിനി കോലാപ്പുരേ, രതി അഗ്നിഹോത്രി, ടീനാമുനിം, ദീപ്തി നാവൽ, ദേബശ്രീ റോയ് ഇവരും മുന്നോട്ടു പോകുകയുണ്ടായി.

കമലഹാസൻ വന്നു, കണ്ടു, കീഴടക്കി. കമലിനെക്കൂടാതെ നേട്ടങ്ങളുണ്ടാക്കിയവർ കുമാർ ഗൗരവ്, മിഥുൻ ചക്രവർത്തി, സൻജയ് ദത്ത് ഇവരാണ്. താരപുത്രന്മാരായ ഗൗരവും സൻജയും കുണാൽ കപൂറും താര നടന്മാർക്ക് വലിയ വെല്ലുവിളി ഒന്നുമല്ലെങ്കിലും കുറെയധികം ചിത്രങ്ങൾ നേടിയെടുത്ത് സ്ഥാനം ഭദ്രമാക്കിയിട്ടുണ്ട്. റിഷി കപൂറിന്റെ കരിയറിന് കയററവും ഇറക്കവും ഒന്നുപോലെ ഉണ്ടായി. നസിറുദ്ദീൻ ഷാ, കുൽഭൂഷൺ കാർബന്ദ, ഗിരീഷ് കർണാഡ്, സ്മിതാ പാട്ടീൽ എന്നിവർ കൊമ്മേർഷ്യൽ ചിത്രങ്ങളിൽ പ്രത്യക്ഷപ്പെടുകയും പരാജയം ഏററുവാങ്ങുകയും ചെയ്തു.


അക്രമവും അടിപിടിയും പിൻനിരയിലേയ്ക്കു തള്ളിമാററിയ ഡിസ്കോ സംഗീതത്തിനും അധിക നാൾ പിടിച്ചുനില്ക്കാകുമോ എന്നതു സംശയമാണ്. 'പ്യാരാ ദുശ്മൻ' എന്ന ചിത്രം ഇതിനാൽ വിജയിച്ചതു് 1980–ലായിരുന്നു. 81–ലും സാഗർ ഫിലിംസ് ഇത്തരമൊരു ചിത്രം 'അർമാൻ' പുറത്തിറക്കി ഭാഗ്യം പരീക്ഷിക്കുകയും പരാജിതനാകുകയും ചെയ്തു. 'ഏക് ദുജേ കേലിയേ'യും മററ് മദിരാശ്കഥകളുടെ റീമേക്കും നേടിയ വിജയം സംഗീത–നൃത്ത പ്രധാന ചിത്രങ്ങളുടെ വേലിയേററം ഉണ്ടാകുമെന്ന് സൂചിപ്പിക്കുന്നു.

വർഷം അവസാനിപ്പിച്ചതു് സിനിമാ നിർമ്മാതാക്കളും ഗവണ്മെൻറുമായി ഒരു ചെറിയ ഏററുമുട്ടലിലാണ്. 'മേരി ആവാസ് സുനോ' എന്ന ചിത്രം വെട്ടിച്ചുരുക്കലുകളോടെ അഡൽററ്സ് ഒൺളി ഷനടി തിയേററിൽ എത്തിയതിന്റെ രണ്ടാം ദിവസം കേന്ദ്ര ഗവണ്മെൻറ് ഇതിനെ നിരോധിച്ചു. തുടർന്ന് വിതരണക്കാർ അതതു് ഹൈക്കോടതികളെ സമീപിക്കുകയും, ഈ നിരോധത്തിനെതിരെ സ്റ്റേ വാങ്ങുകയും ചെയ്തു. ബോംബെയിലെ തിയേററുകളിൽ അഞ്ചു പ്രദർശനങ്ങൾ വരെ നടത്തി പണം വാരുന്ന വിതരണക്കാർ നമ്മുടെ ബ്യൂറോക്രസിക്ക് നന്ദി പറയുകയാണിപ്പോൾ. യഥാർത്ഥത്തിൽ അഞ്ചോ ആറോ മിനിട്ട് ദൈർഘ്യം വരുന്ന അറപ്പിക്കുന്ന ക്രൂരമായ മർദ്ദനം നീക്കം ചെയ്താൽ ഈ ചിത്രം നിർദ്ദോഷമാണ്, ചില മന്ത്രിമാരെയും ഉന്നതഉദ്യോഗസ്ഥന്മാരെയും അഴിമതിക്കാരായിചിത്രീകരിച്ചിട്ടുണ്ടെങ്കിലും. അക്രമത്തിനെതിരെയല്ല, ഇത്തരം ചിത്രീകരണത്തിനെതിരെയാണ് ഭരണവർഗ്ഗം സടകുടഞ്ഞെഴുന്നേററതു് എന്നും ആരോപിക്കപ്പെടുന്നുണ്ട്. 'ചക്ര'യിലെയും 'ദി മാരത്തോൺ മാൻ', 'ദി ഹിമാലയൻ മാൻ' 'ദി വലാച്ചി പേപ്പേഴ്സ്' എന്നീ വിദേശ ചിത്രങ്ങളിലെയും അക്രമരംഗങ്ങൾ കണ്ടവർക്ക് 'മേരി ആവാസ് സുനോ'യിലെ അക്രമത്തിൽ കൂടുതലായൊന്നും അനുഭവപ്പെടാറില്ല.

മൺമറഞ്ഞുപോയ ഒരു സുവർണ്ണകാലത്തിന്റെ പ്രതിനിധിയായ അനുഗ്രഹീത നടി നർഗീസ് ദത്തു് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു, മകന്റെ കന്നി ചിത്രം 'റോക്കി'യുടെ റിലീസിന് ഏതാനും നാൾ മുമ്പ്. ഡിസംബറിൽ ദത്ത് കുടുംബത്തിന്റെ ദുഃഖത്തിന്റെ ഭാരം കുറയ്ക്കാൻ ഒരു സന്തോഷവാർത്തയുണ്ടായി. സുനിൽ ദത്ത് ബോംബെയുടെ ഷരീഫായി നിയമിക്കപ്പെട്ടു. പ്രസിദ്ധ നടനും സംവിധായകനുമായ രാജ്കപൂറിന് സോവിയററ് ലാൻഡിന്റെ നെഹ്റു അവാർഡ് ലഭിച്ചതും ഡിസംബറിലായിരുന്നു. നടനും നിർമ്മാതാവുമായ ശശികപൂർ നിർമ്മിച്ച ഇംഗ്ലീഷ് ചിത്രം '36 ചൗരംഗി ലേൻ' ബംഗാളി നടി അപർണ്ണാ സെന്നിന്റെ സംവിധാനം കൊണ്ടും ജെന്നി ഫർകപൂർ, ദേബശ്രീ റോയ് എന്നിവരുടെ പ്രകടനം കൊണ്ടും ശ്രദ്ധിക്കപ്പെട്ടു.

ഇന്ത്യൻ ടോക്കിക്ക് അൻപതു തികഞ്ഞതും കഴിഞ്ഞ വർഷമായിരുന്നു. ഒരു മാസം നീണ്ടുനിന്ന സമുചിതമായ ആഘോഷപരിപാടികളുടെ ഭാഗമായി ഇൻഡ്യൻ സിനിമയിലെ മൂൻ തലമുറകളിലെ പ്രതിഭാശാലികൾ മാനിക്കപ്പെട്ടു. പ്രസിദ്ധി നേടിയവയും അവിസ്മരണീയമായവയുമായ ഒട്ടേറെ ചിത്രങ്ങൾ ഈ ആഘോഷങ്ങളുടെ ഭാഗമായി പ്രദർശിപ്പിക്കപ്പെട്ടു.






സിംഹം

ശ്രീദേവി മൂവീസിന്റെ രണ്ടാമത്തെ സിനിമാസ്കോപ്പ് വർണ്ണ ചിത്രമായ സിംഹം രാജൻ വില്ല്യംസ് നിർമ്മിക്കുന്നു. സംവിധാനവും എഡിറ്റിംഗും സുരേഷും നിർവ്വഹിക്കുന്നു. പുരുഷൻ ആലപ്പുഴയാണ് കഥ തിരക്കഥ–സംഭാഷണം കാർത്തികേയൻ ആലപ്പുഴയും എഴുതിയിരിക്കുന്നു. ഈ ചിത്രത്തിൽ, പ്രേംനസീർ, ഷാനവാസ്, സുകുമാരൻ, സോമൻ, ബാലൻ കെ. നായർ, ജനാർദ്ദനൻ, മാള, കടുവാക്കുളം, ശ്രീവിദ്യ, സ്വപ്ന, സത്യകല, സത്യചിത്ര മീന തുടങ്ങിയവരും അണിനിരക്കുന്നു.

സിംഹത്തിന്റെ ഗാനവിഭാഗം പൂവച്ചൽഖാദർ എ. റ്റി. ഉമ്മർ ടീം നിർവ്വഹിക്കുന്നു. യേശുദാസ്, ജാനകി, അമ്പിളി എന്നിവർ പാടിയിരിക്കുന്നു.

യവനിക


സംവിധായകനായ കെ. ജി. ജോർജ്ജ് അണിയിച്ചൊരുക്കുന്ന കരോലിനാ ഫിലിംസിന്റെ ആദ്യചിത്രമായ 'യവനിക'. സംവിധായകന്റെതന്നെ കഥയ്ക്ക് എസ്. എൽ. പുരം സദാനന്ദൻ തിരനാടകവും സംഭാഷണവുമെഴുതിയിരിക്കുന്നു: നെടുമുടി വേണു, മമ്മൂട്ടി, ഗോപി, വേണു നാഗവള്ളി, ശ്രീനിവാസൻ, ജഗതി ശ്രീകുമാർ. ജലജ, കഥാപാത്രങ്ങൾക്ക് വേഷപ്പകർച്ച നൽകുന്നു. ഒ. എൻ. വി–യുടെ കവിതകൾക്ക് എം. ബി. ശ്രീനിവാസൻ വശ്യമധുരമായ രാഗം പകർന്നിരിക്കുന്നു. ക്യാമറകൊണ്ട് കവിത രചിക്കുന്ന രാമചന്ദ്രബാബുവിന്റെ ഛായാഗ്രഹണം 'യവനിക'യുടെ ദാർശനികഭാവത്തിന് കരുത്തേകുന്നു.



പൂവും പൊന്നും

പ്രതാപ് ചിത്രയുടെ ആറാമത്തെ ചിത്രമായ പൂവും പൊന്നും സംവിധാനം ചെയ്യുന്നത് പ്രശസ്ത ഛായാഗ്രാഹകനായ വിൻസെന്റാണ്. സുകുമാരൻ നെടുമുടി വേണു, മമ്മൂട്ടി, മേനക, സുകുമാരി, ബഹദൂർ, പ്രതാപ് ചന്ദ്രൻ തുടങ്ങിയവർ അഭിനയിക്കുന്ന ഈ ചിത്രത്തിന്റെ നിർമ്മാതാവ് എസ്. പാവമണിയാണ്.





ന്യൂസ് റീൽ

മൈലാഞ്ചി


ജയ്ജയ കമ്പയിൻസ്സിൻെറ ബാനറിൽ ടി. ഇ. വാസുദേവൻ കളറിൽ നിർമ്മിക്കുന്ന പുതിയ ചിത്രമാണ് മൈലാഞ്ചി. ഈ മുസ്ലീം ചിത്രത്തിലെ കരുത്തുററ കഥാപാത്രങ്ങളെ ഷാനവാസ്, ബാലൻ കെ. നായർ, ജനാർദ്ദനൻ, അടൂർ ഭാസി, നെല്ലിക്കോട്ട് ഭാസ്കരൻ, ശങ്കരാടി, മാള അരവിന്ദൻ, ഭരതൻ, കെ. ആർ. വിജയ, അംബിക, ശുഭ, അഞ്ജലി, നീലമ്പൂർ ഐഷ. ശാന്താദേവി തുടങ്ങിയവർ അവതരിപ്പിക്കുന്നു. കൃഷ്ണൻനായർ ജയ്മാരുതിക്കുവേണ്ടി സംവിധാനം ചെയ്യുന്നു. മൊയ്തു പടിയത്തു്, പി. ഭാസ്കരൻ, ഏ. ടി. ഉമ്മർ, ദയാളൻ, മണി, വി. ജി. എസ്. ദേവ് തുടങ്ങിയവർ അണിയറയിൽ പ്രവർത്തിക്കുന്നു.



നെടുമുടി വേണു, മേനക
ചിത്രം പൂവും പൊന്നും

അങ്കച്ചമയം

രാജാജി ബാബുവിൻെറ സംവിധാനത്തിൽ ലക്ഷ്മൺഖോദെ-ഫിലിമിൽ പകർത്തിയിരിക്കുന്ന സിനിമാസ്ലോപ്പ് ചിത്രമാണ് അങ്കച്ചമയം. ജോസ് ഇൻറർ നാഷണൽ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ മലയാള ചലച്ചിത്ര വേദിയിലെ നിത്യനായകനായ പ്രേംനസീറും, ഡ്രീംഗേൾ സ്വപ്നയും ജോഡിയായി അഭിനയിക്കുന്ന ഇതിൽ ബാലൻ കെ., ജാഫർഖാൻ, സത്താർ, ജോസ്, ജഗതി, പ്രതാപൻ, വിജയകുമാർ, കൃഷ്ണൻ നായർ, പ്രേംശങ്കർ, അഞ്ജലി, ജയശ്രീ, ടി. ആർ. ഓമന തുടങ്ങിയവരും തികച്ചും വ്യത്യസ്ഥമായ കഥാപാത്രങ്ങൾക്ക് രൂപം നൽകുന്നു. ബാബു ജോസ്, മങ്കൊമ്പ്, ദേവരാജൻ, ലക്ഷ്മൺഖോറെ, വി. ജി. എസ്. ദേവ്, കോന്നി ഉണ്ണികൃഷ്ണൻ, കൂട്ടമത്തു് കുറുപ്പ്, വിഷ്ണു തുടങ്ങിയവർ അണിയറയിൽ പ്രവൃത്തിക്കുന്നു.





സെററിലൂടെ... ധീര

കോഴിക്കോട്ട് നഗരത്തിലെ ടാഗോർ സെഞ്ച്വറി ഹാളിൽ വെച്ചാണ് 'ധീര'യുടെ ചിത്രീകരണം ആരംഭിച്ചത്. വിവിധതരം സംഗീതോപകരണങ്ങളിൽ നിന്നുതിർന്ന ശോകത്തിന്റെ ഈണം പകരുന്ന നാദ പ്രപഞ്ചത്തിലേയ്ക്കാണ് നാന കടന്നുചെന്നത്. ഫിലിം യൂണിററുവാനും പ്രൊഡക്ഷൻ കാറുകളും ഹാളിനു മുററത്ത് നിറുത്തിയിട്ടിരിക്കുന്നു. ഹാളിനകത്ത് കയറിയപ്പോൾ കണ്ടത് ഗാനമേള കേൾക്കാൻ വന്ന തിങ്ങിനിറഞ്ഞ സദസ്സിനേയാണ്. സംവിധായകൻ ജോഷി ഓടി നടന്നു നിർമ്മാണ പ്രക്രിയയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. സ്നേഹാന്വേഷണങ്ങൾക്കിടയിൽ സ്റ്റേജിനകത്തു കയറിയപ്പോൾ ഗ്രീൻ റൂമിൽ ശ്രീവിദ്യയും ജോസ് പ്രകാശും കൊച്ചിൻ ഹനീഫയും സൊറ പറഞ്ഞിരിക്കുന്നു സ്റ്റേജ് വിവിധ വർണ്ണങ്ങളിലുള്ള വൈദ്യുത വിളക്കുകളാൽ അലങ്കരിച്ചിരുന്നു. സുന്ദരനും ചെറുപ്പക്കാരനുമായ ഒരു പോപ്പ് സിംഗർ കയ്യിൽ മൈക്കുമായി ഒരു ഗാനമേളയ്ക്കു തയ്യാറെടുത്തു നില്ക്കുന്നു. വാദ്യോപകരണങ്ങളിൽ നിന്നു ശ്രുതിമധുരമായ ശബ്ദങ്ങൾ ഉതിർന്നു വീഴുന്നു. ജോഷി ക്യാമറാമാൻ താരാസ്സ് എടുക്കാനിരിക്കുന്ന ഷോട്ടിനെക്കുറിച്ച് നിർദ്ദേശം നൽകുകയാണ്. ഷൂട്ടിങ്ങ് നടക്കുന്ന ഹാളിനകത്തേയ്ക്ക് പഴുതില്ല. ഷൂട്ടിങ്ങിൽ പങ്കെടുക്കാനും കാണാനും എത്തിയ സ്ത്രീകളാണ് നിറയെ. ധാരാളം ആഭരണങ്ങളും ഫോറിൻ സാരിയും ചുററിയ ഗൾഫ് സ്പ്രേയുടെ ഗന്ധം പകരുന്ന സ്ത്രീകൾ!

ഗാനമേള ആരംഭിച്ചു. പോപ്പ് സിംഗർ വിനോദ് രംഗത്ത് തയ്യാറായിക്കഴിഞ്ഞു. സദസ്സിന്റെ മുൻനിരയിൽ വിമലാ മേനോനും സ്ഥാനം പിടിച്ചു. 'ജീവിതം ആരോ എഴുതിയ ഗാനം' എന്നു തുടങ്ങുന്ന വിനോദ് പാടിയ ശോകഗാനം സദസ്സിനെ ഇളക്കിമറിക്കുന്നു. ആസ്വാദകരുടെ കണ്ണും കാതും വിനോദിൽ കേന്ദ്രീകരിക്കുന്നു. സദസ്സ് ആ ഗാനലഹരിയിൽ അലിഞ്ഞു ചേരുന്നു. അതാ പെട്ടെന്നു ഇടിമുഴക്കംപോലൊരു ശബ്ദം. ഒപ്പം കറുത്ത പുകയും പൊടിപടലങ്ങളും ഹാളിനകത്ത് പരക്കുന്നു. വിനോദ് പാടിയ ശോകഗാനം വെട്ടിമുറിച്ചപോലെ നിലച്ചു. ഹാളിനകത്ത് ഇരുട്ട് പരന്നു. കാണികൾ പരിഭ്രമത്തോടെ അവരുടെ ജീവിതം കൊണ്ട് ഓടിപ്പോകാൻ ശ്രമിക്കുന്നു. ഹാളിൽ പരന്ന പുകമറയിൽ പോപ്പ് സിംഗർ വിനോദ് വിമലാ മേനോനുമായി ഓടി രക്ഷപ്പെടുന്നു.


വിമലാ മേനോൻ എന്ന കോടീശ്വരിയുടെ എല്ലാ രഹസ്യങ്ങളും അറിയാവുന്ന ഫെർണാണ്ടസ്സ് വിമലാ മേനോന്റെ മകനെത്തന്നെ ഉപയോഗിച്ച് വിമലാ മേനോനേയും അവരുടെ മകനേയും കുടുംബത്തേയും നശിപ്പിക്കാൻ തീരുമാനിക്കുന്നു. അതിനുവേണ്ടി അയാൾ ഒരു പോപ്പ് മ്യൂസിക്കിലൂടെ ചതിപ്രയോഗം നടത്താൻ ഏർപ്പാട് ചെയ്യുന്നു പക്ഷെ വിധിയെന്നു പറയട്ടെ ആ വിപത്തിൽ നിന്ന് വിമലാ മേനോനും അവരുടെ മകൻ പോപ്പ് സിംഗർ വിനോദും രക്ഷപ്പെടുന്നു. അതോടെ ഫെർണ്ണാണ്ടസ്സിന്റെ പദ്ധതി തകരുകയും ചെയ്യുന്നു. ഇതാണ് രംഗം. ഈ രംഗത്തു വിമലാമേനോന്റെ വേഷത്തിൽ ശ്രീവിദ്യയും, ഫെർണ്ണാണ്ടസ്സായി ജോസ് പ്രകാശും പോപ്പ് സിംഗർ വിനോദായി സുകുമാരനും പ്രത്യക്ഷപ്പെട്ടു.

ധീരയുടെ കഥാകൃത്തു കൂടിയായ നടൻ കൊച്ചിൻ ഹനീഫയോട് തിരക്കഥയുടെ ഉള്ളടക്കത്തെക്കുറിച്ച് കുത്തി കുത്തി ചോദിച്ചപ്പോൾ അദ്ദേഹം ഇത്രയും പറഞ്ഞു: ഫെർണ്ണാണ്ടസ്സ് എന്ന ക്രൂരനായ മനുഷ്യൻ വാച്ചർ വേലായുധന്റെ (പ്രതാപ് ചന്ദ്രൻ) മകൾ റാണിയുടെ (ശ്രീവിദ്യ) ചാരിത്ര്യം അപഹരിക്കുകയും വാച്ചർ വേലായുധനെ കൊല്ലുകയും ചെയ്യുന്നു. അതോടെ വാച്ചർ വേലായുധന്റെ കുടുംബം തകരുന്നു. റാണി നാടുവിടുന്നു. ഇരുപത്തിയഞ്ച് വർഷങ്ങൾക്കു ശേഷം റാണി വിമലാ മേനോൻ എന്ന കോടീശ്വരിയായി നാട്ടിൽ തിരിച്ചുവരുന്നു. തന്നേയും തന്റെ കുടുംബത്തേയും തകർക്കാനുപയോഗിച്ച പണമുപയോഗിച്ച് തന്നെ വെറും ഭോഗവസ്തു മാത്രമല്ലെന്നും പ്രതികാരത്തിന്റെ പ്രതീകമായി മാറുമെന്നും തെളിയിക്കുന്നതാണ് കഥ. ജോഷി സംവിധാനം ചെയ്യുന്ന ധീര പല പുതുമകളുൾക്കൊള്ളുന്ന ഒരു ചിത്രമായിരിക്കും.

—



ധന്യ എന്റർപ്രൈസസ്സിന്റെ വർണ്ണചിത്രമായ ധീരയുടെ കഥ കൊച്ചിൻ ഹനീഫയും തിരക്കഥ–സംഭാഷണം പാപ്പനംകോട് ലക്ഷ്മണനുമാണ് കൈകാര്യം ചെയ്തിട്ടുള്ളത്. പൂവച്ചൽ ഖാദറുടെ വരികൾക്ക് രവി ഈണം നൽകുന്നു. യേശുദാസ്, ജയചന്ദ്രൻ, എസ്. ജാനകി തുടങ്ങിയവർ പാടുന്നു. ക്യാമറ എ. താരയും ചിത്രസംയോജനം ശങ്കുണ്ണിയും നിർവ്വഹിക്കുന്നു. സുകുമാരൻ, സോമൻ, ജോസ് പ്രകാശ്, കൊച്ചിൻ ഹനീഫ, പ്രതാപ് ചന്ദ്രൻ, ബാലൻ കെ. നായർ, കെ. പി. ഉമ്മർ, ജനാർദ്ദനൻ, ശ്രീവിദ്യ, അംബിക, സുമലത തുടങ്ങിയവർ അണിനിരക്കുന്നു.










എന്നെ ചിരിപ്പിച്ച രംഗം


പൊട്ടിച്ചിരിപ്പിച്ച നിമിഷങ്ങൾ

തമിഴിലെ അതികായനായ കെ. ബാലചന്ദർ സംവിധാനം നിർവ്വഹിച്ച 'വരുമയിൻ നിറം ശിവപ്പ്' (വിശപ്പിന്റെ നിറം ചുവപ്പാണ്') എന്ന ചിത്രം തമിഴ് സിനിമ ഒരു വലിയ പരിവർത്തനത്തിന്റെ കാലഘട്ടത്തിലാണെന്ന് വിളിച്ചോതുന്ന ഒന്നാണ്. പ്രതിഭാധനനായ ബാലചന്ദറിന്റെ അനശ്വരമായ ഒരു ചിത്രമാണ് വരുമയിൽ നിറം ശിവപ്പ്. ആ ചിത്രത്തിലെ ഒരു രംഗം എന്നും ഓർത്തോർത്തു ചിരിക്കാൻ വക നൽകുന്നതാണ്.

നായകനും (കമലാഹാസൻ) രണ്ടു കൂട്ടുകാരും ജോലി തേടി പട്ടണത്തിൽ എത്തിയവരാണ്. നഗരത്തിലെത്തി വളരെ കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ അതിന്റെ ജീർണ്ണിച്ച മുഖത്തിന്റെ ഭീകരത കണ്ട് അവർ ഞെട്ടുന്നു. വീട്ടിൽ നിന്നും കൊണ്ടു വന്ന രൂപയെല്ലാം തീർന്നപ്പോൾ അവർ താമസിച്ചിരുന്ന കൊച്ചു വീടിന്റെ ഉടമസ്ഥൻ വാടക കൊടുക്കാത്തതിന് ദേഷ്യപ്പെട്ടപ്പോൾ, അവർ തൊഴിലില്ലായ്മയുടെ കയ്പുനീർ കുടിക്കുന്നു. (വളരെ പ്രതീകാത്മകമായി ബാലചന്ദർ അവ ചിത്രീകരിച്ചിരിക്കുന്നു.) ഈ ഒരു അവസ്ഥയിൽ നായകന്റെ കാമുകി (ശ്രീദേവി) നായകനെ കാണാനായി ഈ കൊച്ചു വാടകക്കെട്ടിടത്തിലെത്തുന്നു. ഒരു ഉച്ച നേരത്ത്. തങ്ങൾ ഊണു കഴിച്ചില്ലായെന്ന് അവർ അറിയാതെ പറഞ്ഞുപോയി. മൂന്നു പേരും ഉണ്ടിട്ടു വരുന്നതും കാത്ത് അവൾ വരാന്തയിൽ ഇരിക്കുന്നു. (എന്നാൽ യഥാർത്ഥത്തിൽ അവർക്കു് കഴിക്കാനായി അകത്ത് ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അക്കാര്യം അവളോടു തുറന്നു പറയാനുള്ള മടികാരണമാണ് അവർ അപ്രകാരം കള്ളം പറഞ്ഞത്) അകത്തു കയറിയ അവർ, ആഹാരം കഴിക്കുകയാണെന്ന് അവളെ ധരിപ്പിക്കുവാൻ വേണ്ടി, പാത്രങ്ങൾ പരസ്പരം മുട്ടിച്ച് ശബ്ദമുണ്ടാക്കുകയും ഏമ്പക്കം വിടുകയും ചെയ്യു. പക്ഷെ, ഇവയുടെ എണ്ണം സംശയാസ്പദമായ രീതിയിൽ കൂടിയപ്പോൾ അവൾ പതുക്കെ വാതിലിനടുത്തു നിന്ന് അകത്തേയ്ക്കു് എത്തി നോക്കുന്നു. നായകൻ അവളെക്കണ്ട് ഇളിഭ്യനായി കുനിഞ്ഞിരിക്കുന്നു. എന്നാൽ മററു രണ്ടുപേരും അവളെ കണ്ടില്ല അതിനാൽ അവർ പാത്രങ്ങൾ പരസ്പരം മുട്ടിക്കുന്നതു് തുടർന്നു. അവൾ വന്നു നില്ക്കുന്നതു് മററു രണ്ടു പേരേയും അറിയിക്കാനായി നായകൻ കാണിക്കുന്ന വിക്രിയകളും, അവളെ കണ്ടപ്പോൾ ഉള്ള അവരുടെ മുഖഭാവങ്ങളും ഒക്കെ, ഒരിക്കലും മറക്കാൻ കഴിയാത്ത വിധം രസാവഹമായിരുന്നു.

കോവളം ഗോപകുമാർ,





മൂന്നുമാസം കഴിയുമ്പോൾ പാലുമാത്രം പോരാ.

നിങ്ങളുടെ കുഞ്ഞിന് ഫാരെക്സ്—

കുഞ്ഞിന്റെ ഉത്തമകട്ടി ആഹാരം—ആവശ്യമാണ്

3 മാസം—കട്ടി ആഹാരത്തിനുള്ള സമയം

3 മാസത്തിനുശേഷം കുഞ്ഞിൻെറ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് പാലുമാത്രം മതിയാകുകയില്ല. ചുണക്കുട്ടിയായി അവൻ വേഗം വളർന്നുകൊണ്ടിരിക്കയാണ്. പാലിൽനിന്ന് ലഭിക്കുന്നതിൽ കൂടുതൽ കാലൊറീസ് അവന് ആവശ്യമുണ്ട്. ദ്രാവകാംശം കുറഞ്ഞതും കാലൊറീസ് കേന്ദ്രീകരിച്ചിട്ടുള്ളതുമായ കട്ടി ആഹാരം അപ്പോൾ ആവശ്യമാണ്. ഈ ഘട്ടത്തിൽ ആഹാരം ചവച്ചിറക്കുന്നതിനും അവൻ പഠിക്കണം. എങ്കിൽ മാത്രമേ കാലക്രമേണ 'മുതിർന്നവരുടെ' ഭക്ഷണവുമായി അവൻ ഇണങ്ങിച്ചേരുകയുള്ളൂ. ഈ സമയത്താണ് അവൻെറ രുചിമുകുളങ്ങൾ വളർച്ച പ്രാപിക്കുന്നത്. അതിനാൽ പുതിയപുതിയ രുചികൾ അവൻെറ ഭക്ഷണത്തിൽ അവതരിപ്പിക്കണം.

3 മാസം—കൂടുതൽ ഇരുമ്പുസത്തിനുള്ള സമയം

''2 മാസത്തിനും 4 മാസത്തിനും ഇടയ്ക്കുള്ള സമയമാണ് കുഞ്ഞുങ്ങൾക്ക് കട്ടി ആഹാരം കൊടുത്തു തുടങ്ങുവാനുള്ള ഏററവും പററിയ സമയം. പാല് നല്ല ആഹാരമാണെങ്കിലും അതിൽ ഇരുമ്പുസത്ത് നന്നേ കുറവായതിനാൽ അത് പൂർണ്ണ ആഹാരം ആകുന്നില്ല. അതുകൊണ്ടാണ് ഇരുമ്പുസത്ത് അടങ്ങിയിട്ടുള്ള കട്ടിആഹാരം അവന് ആവശ്യമായിരിക്കുന്നത്''

ഡോ. സുബാഷ് സി. ആര്യ:
''ഇൻഫൻെറ് & ചൈൽഡ് കെയർ ഫോർ ദി ഇൻഡ്യൻ മദർ''

എന്തുകൊണ്ടാണ് ഡോക്ടർമാർ ഫാരെക്സ് ശുപാർശ ചെയ്യുന്നത്?

കട്ടിയായ ആഹാരം കഴിച്ചു തുടങ്ങുന്ന കുഞ്ഞിന്നു വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഒരാഹാരമാണ് ഫാരെക്സ്. നിങ്ങളുടെ കുഞ്ഞിൻെറ ഇളം ദഹനത്തിനു വേണ്ടി പാകപ്പെടുത്തിയ ആഹാരം. ശീഘ്ര വളർച്ചക്കു വേണ്ട പ്രോട്ടീനുകൾ, ശക്തി നൽകുന്ന കാർബോഹൈഡ്രേററുകളും, കൊഴുപ്പുകളും, ബലിഷ്ഠമായ എല്ലുകൾക്കും ശക്തിയേറിയ പല്ലുകൾക്കും വേണ്ട കാൽഷിയം, ഫോസ്ഫറസ്, വിററാമിനുകൾ എന്നിവയും ആരോഗ്യമുള്ള രക്തത്തിന്നാവശ്യമായ ഇരുമ്പുസത്തും ഫാരെക്സിലുണ്ട്. അങ്ങിനെ കുഞ്ഞിൻെറ സർവ്വതോന്മുഖമായ വളർച്ചക്കാവശ്യമായ ഉത്തമ കട്ടി ആഹാരമാണ് ഫാരെക്സ്.

സൗജന്യം: നിങ്ങൾക്കാവശ്യമായ ''കുഞ്ഞിൻെറ ആദ്യത്തെ ഒരു വർഷം'' എന്ന ലഘു പുസ്തകത്തിന് 50 പൈസ പോസ്റ്റേജ് സ്റ്റാമ്പ് സഹിതം എഴുതുക. ശിശു പരിപാലനം സംബന്ധിച്ച് പുതിയ മാതാക്കൾ അറിഞ്ഞിരിക്കേണ്ട വസ്തുതകൾ ഇതിൽ ലളിതമായി പ്രതിപാദിച്ചിരിക്കുന്നു.
പി. ഒ. ബോക്സ് നമ്പർ 19119 (FAR 263 T),
ബോംബെ 400 025






ഡോക്ടർമാർ ശുപാർശ ചെയ്യുന്നത് ഫാരെക്സ്

കുഞ്ഞിന്റെ വേഗത്തിലുള്ള സമ്പൂർണ്ണ വളർച്ചയ്ക്കു വേണ്ട ഉത്തമ കട്ടി ആഹാരം

CASGLF-10-244 Mal



ഇളക്കങ്ങൾ

'ഇളക്കങ്ങൾ' അത്യന്തം ഹൃദയഹാരിയായ ചിത്രമാണ്. കൗമാര മനസ്സിന്റെ ഇളക്കങ്ങൾ അനാവരണം ചെയ്യുന്നതിൽ സംവിധായകൻ മോഹൻ പൂർണ്ണമായും വിജയിച്ചിരിക്കുന്നു.

സരസമായ സംഭാഷണമാണ് ഈ ചിത്രത്തിൽ എന്നെ ഏററവും ആകർഷിച്ച ഘടകം. പലപ്പോഴും ചിരിച്ചു ചിരിച്ചു 'മണ്ണുകപ്പി'— അക്ഷരാർത്ഥത്തിൽ തന്നെ. സംഭാഷണം ഒരുക്കിയ മോഹൻ— ജോൺ പോൾ ടീമിന് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

മോഹൻ അവതരിപ്പിക്കുന്ന സുധ മലയാള സിനിമക്ക് നല്ലൊരു വാഗ്ദാനമാണ്. ആ നിഷ്കളങ്കയായ ഗ്രാമീണ പെൺകുട്ടിയെ സുധ ശരിക്കും ഉൾക്കൊണ്ടു. കന്നിക്കാരിയെങ്കിലും സുധ മികച്ച അഭിനയം കാഴ്ചവെച്ചു. കഥയുടെ അന്ത്യത്തിൽ, ആ പെൺകുട്ടിയുടെ ദുഃഖത്തിൽ കാണികളും അറിയാതെ പങ്കു ചേരുന്നു.

ഇന്നസെൻറിന്റെ അനായസമായ അഭിനയം ആകർഷണീയമായിരുന്നു. ശങ്കരാടിയും അടൂർഭാസിയും പൊടിപൊടിച്ചു. എന്തുകൊണ്ടോ, നെടുമുടി വേണു ഇതിൽ ഒട്ടും ശോഭിച്ചില്ല.

യു. രാജഗോപാലിന്റെ ഛായാഗ്രഹണം മികച്ചതായി.

ജോൺജോർജ്ജ്. ടി.
ഫൈനൽ എം. ബി. ബി. എസ്സ്.
ആലപ്പുഴ.

ബലൂൺ

'നാന' തിരക്കഥാ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ ടി. വി. കൊച്ചുബാവയുടെ ബലൂൺ ഇക്കാലത്തിറങ്ങിയ സെക്സിന്റെ അതിപ്രസരമില്ലാത്ത ചിത്രങ്ങളിലൊന്നാണ്. ഈ ചിത്രത്തിലെ മുത്തു, കൗസു, ഇമ്പിച്ചി, ഹാജിയാർ എന്നുവേണ്ട എല്ലാ കഥാപാത്രങ്ങളും നല്ല മിഴിവുള്ളവയാണ്. ടിജിയുടെ ശേഖരൻ ചിത്രത്തിലാകമാനം നിറഞ്ഞു നില്ക്കുന്നു. തിക്കുറിശ്ശി രചിച്ച 'പൂമെത്തപ്പുറത്ത് ഞാൻ' എന്ന ഗാനം മനസ്സിൽ തങ്ങിനില്ക്കുന്നു.

അഞ്ചാത നെഞ്ചങ്കൾ

5 സാഹസികർ എന്ന മലയാളം പേരിൽ കേരളത്തിൽ റിലീസായ ഈ ചിത്രത്തിൽ പറയത്തക്ക മേന്മയൊന്നുമില്ല. ജയശങ്കറും, സുമനും, രവീന്ദ്രനുമെല്ലാം വേഷമിട്ടിട്ടുണ്ടെങ്കിലും സരിതയും, കെ. ആർ. വിജയയുമാണ് അഭിനയത്തിന്റെ കാര്യത്തിൽ മുന്നിൽ നില്ക്കുന്നത്. ഇതിലെ ഗാനങ്ങൾ സാമാന്യം കേൾക്കാനിമ്പമുള്ളവയാണ്. കരാട്ടെ മണിയുടെ കരാട്ടെ ഫൈററിംഗ് നന്നായിട്ടുണ്ട്.

എല്ലാം ഇമ്പമയം

കമലഹാസൻ റോളിൽ അഭിനയിച്ചിരിക്കുന്ന ഈ ചിത്രം കാണുവാൻ പോയതു് നിറഞ്ഞ പ്രതീക്ഷകളോടെയാണ്. എങ്കിലും പ്രതീക്ഷിച്ചത്ര നന്നായില്ല. തന്നെ കള്ളക്കേസ്സിൽ കുടുക്കിയ മുതലാളിയോടു് പ്രതികാരം ചെയ്യുന്നതാണ് കഥ. കമലഹാസന്റെ കഥാപാത്രം ചിരിക്കാൻ വക നൽകുന്നു. ഹാസ്യം നിറഞ്ഞുനില്ക്കുന്ന ഒരു ചിത്രമാണിതു്. ഗാനങ്ങളിൽ 'വർലാ, വർലാ' എന്ന ഗാനം മാത്രം ഓർമ്മയിൽ തങ്ങിനില്ക്കുന്നു.


കെ. എം. രാജഗോപാൽ
I പി. ഡി. സി.
തൃപ്പൂണിത്തുറ.

കാതോടു താൻ ഞാൻ പേശുവേൻ

വീണ്ടും സന്തിപ്പോം എന്ന ചിത്രത്തെ തുടർന്ന് എം. എ. കാജായുടെ പുതിയ ചിത്രമാണ് കാതോടു താൻ ഞാൻ പേശുവേൻ. സംവിധായകനും കാജാ തന്നെ. ശ്രീപ്രിയ കഥാനായികയും, കഥയും എഴുതിയിരിക്കുന്നു പറയത്തക്ക അഭിനയമൊന്നും വലുതായിട്ടില്ലെങ്കിലും ഒരുവിധം നന്നായി അഭിനയിച്ചിട്ടുണ്ട്. ചുരുളി രാജന്റെ മനോരമയുടെ ഹാസ്യ രംഗങ്ങൾ മികച്ചു നില്ക്കുന്നു. പുതുമുഖം രാംജി ആണ് കഥാനായകൻ. കാണുവാൻ നല്ല ചേലുള്ള നടനാണ് രാംജി. നടനു് സൗന്ദര്യം മാത്രം പോരല്ലോ അഭിനയിക്കാനും അറിയാൻ കഴിയണമല്ലോ. പകുതിക്കു ശേഷം നന്നായിരിക്കുന്നു. ശ്രീപ്രിയ, രാംജി, ചുരുളി രാജൻ, മനോരമ ഇവരെക്കൂടാതെ വിജയൻ, ഗോപാലകൃഷ്ണൻ, സെലിഗണേഷ് തുടങ്ങിയവരുമുണ്ട്.

അയ്യപ്പൻ
ബാലരാമപുരം.

കാമ്പസിനുള്ളിലെ സിനിമ



എന്റെ ഇന്നലെകൾ

5ാം.

ഷൂട്ടിംഗ്! ഷൂട്ടിംഗ്!

സോമൻ

ആദ്യമായി സിനിമാ ഷൂട്ടിംഗ് കണ്ട കാര്യം ഇപ്പോഴും ഞാൻ ഓർക്കാറുണ്ട്. തിരക്കുള്ളൊരു നടനായി മാറിയ ഞാൻ രാപകൽ വിശ്രമമില്ലാതെ പല ചിത്രങ്ങളുടെ ഷൂട്ടിംഗിൽ പങ്കെടുക്കുമ്പോൾ ചെറുപ്പത്തിൽ സിനിമയെക്കുറിച്ചുണ്ടായിരുന്ന എന്റെ സങ്കല്പങ്ങളെപ്പററി, എന്റെ സ്വപ്നങ്ങളെപ്പററി അറിയാതെ ഞാനോർത്തു പോകാറുണ്ട്. അന്നൊക്കെ എന്തൊരു ഹരമായിരുന്നു. സിനിമ കാണാൻ വേണ്ടി എന്തെല്ലാം പാടുപെട്ടിരിക്കുന്നു. വീട്ടുകാരെ ഒളിച്ചു സിനിമയ്ക്കു പോകാൻ സാധിച്ചാൽ സ്വർഗ്ഗം പിടിച്ചടക്കിയ വാശിയായിരുന്നു എനിക്ക്.

അന്നത്തെ മലയാള സിനിമയിലെ പ്രധാന നായകന്മാരായിരുന്ന സത്യന്റേയും നസീറിന്റേയും ഏതു പടം പത്രമാസികകളിൽ കണ്ടാലും ഞാൻ വെട്ടിയെടുത്ത് ബുക്കിൽ ഒട്ടിക്കും.

ഞാൻ കൂട്ടുകാരുമായി സിനിമയിലെ സ്റ്റണ്ട് വല്ലപ്പോഴുമൊക്കെ അരങ്ങേറിയിരുന്നു. പ്രധാന ഇനം 'വാൾപ്പയിററാണ്'

വാൾപ്പയററ് അന്ന് മിക്ക ചിത്രങ്ങളിലും ഉണ്ടാകും. തമിഴ് സിനിമയിലാണ് കൂടുതൽ. എം. ജി. ആർ. ഏതു ചിത്രത്തിലുണ്ടായാലും വാൾപ്പയററ് ഒഴിച്ചുകൂടാനാകാത്ത ഘടകം തന്നെ. ഈ വാൾപ്പയററിനെ 'വാൾപ്പയിററ്' എന്നാണ് ഞങ്ങൾ തെററിദ്ധരിച്ച് വിളിച്ചിരുന്നത്. ഞങ്ങൾ മാത്രമല്ല മുതിർന്നവർ പോലും അങ്ങനെയാണ് പറഞ്ഞിരുന്നത്. ഞാനും എന്റെ അയലത്തു വീട്ടിലെ രാജപ്പനുമായി മിക്ക ദിവസവും വാൾപ്പയിററ് ചെയ്യാറുണ്ട് വാളിനു പകരം ഞങ്ങൾ ഉപയോഗിക്കുന്നത് സ്ലെയിലാണ്. സിനിമയിൽ എം. ജി. ആറും, നസീറും മററും വാൾപ്പയററ് ചെയ്യുന്ന രംഗങ്ങൾ ഞങ്ങളുടെ മനസ്സുകളിൽ മായാതെ കിടപ്പുണ്ട്. അത് പുനരവതരിപ്പിക്കുകയാണ് ഞങ്ങളുടെ ഉദ്ദേശം. എം. ജി. ആറിനെപ്പോലെ ചാടി വീണുകൊണ്ട്, ആക്ഷനോടുകൂടി ഞങ്ങൾ വാൾപ്പയിററാരംഭിക്കും. ഞങ്ങളുടെ സ്ലെയിലുകൾ ഘർഷണപിഹനം സൃഷ്ടിച്ചുകൊണ്ട് കൂട്ടിമുട്ടും. ഇടയ്ക്ക്, അട്ടഹാസങ്ങളും ആർത്തനാദം മുഴക്കും, വീണുമറിയും.... അബദ്ധവശാൽ സ്ലെയിൽ താഴെപ്പോയാലോ ഒടിഞ്ഞുപോയാലോ പിന്നെ സ്റ്റണ്ടാണ്. പരസ്പരം ഗുസ്തി പിടിച്ചു കെട്ടി മറിയുക. ഈ സ്റ്റണ്ട് പലപ്പോഴും വാശിമൂത്ത് കാര്യമായ അടികലശലിൽ എത്താറുണ്ട്.

ഒരു ദിവസം സിനിമാ പൈത്യക്കാരായ ഞാനും രാജപ്പനും ഞങ്ങളുടെ സ്ലെയിലുകളുപയോഗിച്ച് 'വാൾപ്പയിററ്' നടത്തി. ഒടുവിൽ അത് സ്റ്റണ്ടായി സ്റ്റണ്ട് കാര്യമായി. ഞാൻ രാജപ്പന് കുറെ ഇടി കൊടുത്തു. രാജപ്പൻ എന്നിക്കിട്ടും ശരിക്ക് തരാതിരുന്നില്ല ഇത് കണ്ടുകൊണ്ടു നിന്ന 'അസൂയാലുക്കളായ' ഞങ്ങളുടെ മററു ചില കൂട്ടുകാർ നേരെ എന്റെ വീട്ടിലേയ്ക്കോടിയത് ഞാൻ അറിഞ്ഞില്ല.

അവർ ചെന്ന് അമ്മയെ കണ്ടു.

'എന്താടാ പിള്ളാരേ വന്നത് സോമനിവിടില്ല'

'അമ്മ അതു പറഞ്ഞപ്പോൾ കൂട്ടത്തിലൊരുവൻ തട്ടിവിട്ടു.

'എങ്ങനെ ഇവിടെ കാണും? അറിഞ്ഞോ മോന് മൊട്ടക്കഷായം വച്ച് കൊടുത്തോ'

'അയ്യോ എന്താടാ സോമനെന്തു പററിയെടാ'

'എന്തു പററിയെന്നോ. ആ രാജപ്പന്റെ കയ്യീന്ന് ശരിക്ക് വാങ്ങിച്ചിട്ടുണ്ട്. ശത്തക്കോ....പുത്തക്കോന്നാ ഇടി കൊണ്ടത്....'

കൂട്ടുകാരുടെ 'എരി കയററൽ' അച്ഛനും കേട്ടു.

എല്ലാം കഴിഞ്ഞ് ഒന്നുമറിയാത്തവനെപ്പോലെ ഞാൻ വീട്ടിൽ വന്നു കയറുമ്പോൾ ഒരു വിളി.

'സോമാ'....

അച്ഛനായിരുന്നു....

പിന്നത്തെ കഥ പറയേണ്ടല്ലോ, രാജപ്പന്റെ കയ്യിൽ നിന്നും കൊണ്ടതിന്റെ ബാക്കി അച്ഛൻ തന്നു.

ഞാൻ തിരുവല്ല സെൻറ് മേരീസ് സ്കൂളിൽ ഫോർത്ത് ഫോറത്തിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂളിൽ ചെന്നാലും ഈ 'വാരംപ്പെയിററ് ശീലം' കൈവിടില്ല. അവിടെ വച്ചും തരം കിട്ടുമ്പോഴൊക്കെ ഞങ്ങളുടെ പ്രധാന കളി വാരംപ്പെയിററാണ്. സെൻറ് മേരീസിലെ അദ്ധ്യാപികമാരധികവും കന്യാസ്ത്രീകളാണ്. ഹെലൻ എന്ന അദ്ധ്യാപികയായിരുന്നു ഞങ്ങളുടെ ടീച്ചർ.

ഒരിക്കൽ സ്കൂളിൽ വച്ച് ഞാൻ മറെറാരുവനുമായി ഞങ്ങളുടെ സ്ഥിരം 'യുദ്ധം' നടത്തിഒടുവിൽ അടികലശലുണ്ടാകിയതു് സിസ്റ്റർ ഹെലന്റെ ചെവിയിലെത്തി. അവർ എന്നെ വിളിച്ച് ശകാര വർഷങ്ങൾ ചൊരിഞ്ഞു. പിന്നെ ചൂരൽ ഉപയോഗിച്ച് ആറടിയങ്ങു പാസ്സാക്കി. അടി കൊണ്ടു ഞാൻ പുളഞ്ഞു. ഇങ്ങിനെ പലേ ഞങ്ങളും ബ്രഹങ്ങളും ക്ലശപ്പെടാകെ ഞാൻ കൂട്ടുകാരുമായി സ്കൂളിൽ പോകും. പോരും മുമ്പ് അമ്മ എന്റെ നെററിയിൽ ഒരു 'ഗോവി' തൊട്ടുവിക്കും.

ഞങ്ങൾക്ക് അന്നൊരു റേഷൻകടയുണ്ടായിരുന്നു. ഞാൻ കടയുടെ അടുത്ത് ചെല്ലും. അവിടുന്നാണ് കൂട്ടുകാരോടൊത്ത് സ്കൂളിലേയ്ക്കു തിരിക്കുന്നതു്.

ഒരു ദിവസം ഞാൻ കൂട്ടുകാരുമൊത്ത് സ്കൂളിലേയ്ക്കു പോകവേ അടുത്തുള്ള കാപ്പിക്കടയുടെ മുൻവശം ചെന്നപ്പോൾ അവിടെ ഒരു വാൻ കിടക്കുന്നു ഞങ്ങൾ നിന്നു. വാനിനു ചുററും ഒന്നു നടന്നുനോക്കി. അവിടൊക്കെ ആളുകൾ കൂടിയിട്ടുണ്ട്. റിഫ്ളക്ടറുകൾ, ലൈററുകൾ മുതലായവ വാനിൽ നിന്ന് ആരൊക്കെയോ ഇറക്കി വയ്ക്കുന്നു. കാവി മുണ്ടും, കാവി ഷർട്ടും ധരിച്ച കുറെ ആൾക്കാർ. അതു് നടന്മാരായിരുന്നു. അന്നു ബ്ളാക്ക് ആൻറു വൈററ് ചിത്രങ്ങളിലഭിനയിക്കുമ്പോൾ നടന്മാർ കാവി മുണ്ടും, കാവി ഷർട്ടുമാണ് ഉപയോഗിച്ചിരുന്നതു്. എങ്കിൽ മാത്രമേ ചിത്രത്തിൽ കാണുമ്പോൾ വെള്ള ഷർട്ടും, വെള്ള മുണ്ടുമായി തോന്നുകയുള്ളൂ. സാങ്കേതിക വിദ്യ കൂട്ടത്തിൽ വളർന്നു വികസിച്ച ഇന്ന് കാവിയുടെ ആവശ്യമില്ല. വെള്ള ഷർട്ടും, മുണ്ടും സ്ക്രീനിൽ കാണാൻ അതുതന്നെ ഉപയോഗിച്ചാൽ മതി.

നടന്മാരും സംഘവും മററു ജോലിക്കാരുമെല്ലാം അടുത്തുള്ള പുഴയിലേയ്ക്കു പോവുകയാണ്.

ആരോ പറഞ്ഞു;

'പുഴക്കടവിൽ വെച്ച് സിനിമാ പിടിക്കുന്നു....'

ഞാനും അവരുടെ പുറകേ പുഴക്കടവിലേയ്ക്കു നടന്നു. അവിടെ ചെന്ന് അത്ഭുതത്തോടെ എല്ലാം നോക്കി നിന്നു. ഉള്ളിൽ ഒരായിരം പൂത്തിരി കത്തിയ പ്രതീതി. ഇനി കൂട്ടുകാരോടൊക്കെ ഷൂട്ടിംഗ് കണ്ട കാര്യം പറഞ്ഞു വീമ്പടിക്കാമല്ലോ.

റിഫ്ളക്ടറുകളും ലൈററുകളുമൊക്കെ പുഴയോരത്തു സ്ഥാപിച്ചു.

അപ്പോഴാണൊരു ബഹളം. ഞാൻ ആളുകളുടെ ഇടയിലൂടെ തിക്കിത്തിരക്കി നോക്കി അതാ വരുന്നു സ്ക്രീനിൽ മാത്രം ഞാൻ കണ്ടു പരിചയിച്ചിട്ടുള്ള പ്രേംനസീർ.

നസീർ....നസീർ....നസീർ....

ആളുകൾ ആഹ്ളാദഭരിതരായി ആർപ്പുവിളിച്ചു. ഞാൻ ഉള്ളിൽ തികട്ടി വന്ന ആനന്ദം അടക്കി നസീറിനെത്തന്നെ നോക്കിനിന്നു.

ഷൂട്ടിംഗ് തുടങ്ങി. ആരുടെയോ നിർദ്ദേശമനുസരിച്ച് നസീർ ഒരു വള്ളത്തിൽ കയറി താഴോട്ടു പോയി.... 'പടം പിടിച്ചുകൊണ്ടിരിക്കയാണ്.'

ഞങ്ങൾ നസീർ കയറിയ വള്ളത്തിനോടൊപ്പം കരയിലൂടെ താഴോട്ടു നടന്നു. ഇടയ്ക്കൊരിടത്ത് നസീറിന്റെ വള്ളം

ഇപ്പോഴും ഹെലൻസിസ്റററുണ്ട്. അവർക്ക് എൺപതു വയസായി. അടുത്ത കാലത്ത് ഒരു ദിവസം ഞാൻ സിസ്റററിനെ കണ്ടു. പഴയ ചെറുപ്പക്കാരിയായ ഹെലനല്ല അവർ. അവരെ വാർദ്ധക്യം കീഴടക്കിയിരിക്കുന്നു. എന്നെ കണ്ട ഉടനെ അവർ തിരിച്ചറിഞ്ഞു. എന്നിട്ടു ചോദിച്ചു.

'...എടാ നിനക്കിതാണോ (സിനിമാഭിനയം) ജോലി. ഞാൻ ഈയിടെയാണറിഞ്ഞത്. നീ പെമ്പിള്ളാരെയൊക്കെ കെട്ടിപ്പിടിച്ചിരിക്കുന്ന പടങ്ങൾ ഞാൻ കണ്ടു. നിന്റെ ഒരു സിനിമ എന്നെ കാണിക്കണമല്ലോ'

ടത്തുനിന്നും കൂടെക്കൂടെ ശിക്ഷ ലഭിച്ചിരുന്നെങ്കിലും എന്റെ 'സിനിമാ പൈത്യം' തുടർന്നതേ ഉള്ളൂ.

ഇപ്പോഴും ഹെലൻ സിസ്റ്ററുണ്ട്. അവർക്ക് എൺപതു വയസ്സായി. അടുത്ത കാലത്ത് ഒരു ദിവസം ഞാൻ സിസ്റ്ററിനെ കണ്ടു. പഴയ ചെറുപ്പക്കാരിയായ ഹെലനല്ല അവർ. അവരെ വാർദ്ധക്യം കീഴടക്കിയിരിക്കുന്നു. എന്നെ കണ്ട ഉടനെ അവർ തിരിച്ചറിഞ്ഞു. എന്നിട്ടു ചോദിച്ചു.


'....എടാ നിനക്കിതാണോ (സിനിമാഭിനയം) ജോലി. ഞാൻ ഈയിടെയാണറിഞ്ഞതു്. നീ പെമ്പിള്ളാരെയൊക്കെ കെട്ടിപ്പിടിച്ചിരിക്കുന്ന പടങ്ങൾ ഞാൻ കണ്ടു. നിന്റെ ഒരു സിനിമ എന്നെ കാണിക്കണമല്ലോ'

ഞാൻ പറഞ്ഞു.

'സിസ്റ്റർ, സിസ്റ്ററിനെ കാണിക്കാൻ കൊള്ളാവുന്ന പടങ്ങൾ ഇപ്പോഴില്ല. എങ്കിലും അടുത്തു തന്നെ എന്റെ പടം ഞാൻ കാണിക്കാം'

'വീഡിയോ' യിൽ എന്റെ ഒരു ചിത്രമിട്ട് അവരെ കാണിക്കാനെനിക്കാഗ്രഹമുണ്ട്. 'ഒരു വർഷം ഒരു മാസം' എന്ന സിനിമ കാണിക്കണമെന്നുദ്ദേശിച്ചിരിക്കുകയാണ്. ഇതുവരെ അതു നടന്നില്ല. ഉടനെ അക്കാര്യം സാധിക്കണമെന്നുണ്ട്. പഴയ സോമന്റെ 'സിനിമാപ്പടം' സിസ്റ്റർ ഹെലൻ ഒന്നു കാണട്ടെ.

ഞാൻ ഫോർത്തുഫാറത്തിൽ പഠിക്കുകയായിരുന്നു എന്നു പറഞ്ഞല്ലോ. നിക്കറും ഉടുപ്പുമാണ് എന്റെ വേഷം. രാവിലെ കുളിച്ച് ഉടുപ്പും നിക്കറുമിട്ട് കിടന്ന പുസ്തക



ന്നു. അദ്ദേഹം ഒരു കുട്ടയുമായി വെള്ളത്തിൽ ചാടി മുങ്ങി. മണൽ വാരുകയാണ്. മണൽ കുട്ടയിൽ വാരി നസീർ വള്ളത്തിൽ ഇട്ടുകൊണ്ടിരുന്നു. അതെല്ലാം അവർ ക്യാമറയിൽ പിടിച്ചെടുത്തു.

കിടപ്പാടം എന്ന ചിത്രത്തിന്റെ ഷൂട്ടിംഗായിരുന്നു അത്.

എനിക്കവിടെ നിന്നു പോകാൻ മനസ്സു വന്നില്ല. ഞാൻ വീടു മറന്നു, സ്കൂളു മറന്നു, പരിസരം മറന്നു, എന്നെത്തന്നെ മറ



ന്നു....എനിക്ക് ഒന്നു മാത്രമേ കാണാനാകുന്നുള്ളു. നസീറും വള്ളവും, ഒന്നു മാത്രമേ ചിന്തിക്കാനാകുന്നുള്ളു നസീറും വള്ളവും, അങ്ങിനെ എത്ര നേരം ഞാൻ എല്ലാം മറന്നു് നോക്കി നിന്നെന്നറിയില്ല.

കൂട്ടുകാർ പിള്ളേർ എന്നെ വിളിച്ചു.

'എടാ മണി പതിനൊന്നായി. ഇന്നു് സ്കൂളിൽ ചെല്ലുമ്പോൾ ഇണ്ടിണ്ടം പൊടിയരിക്കഞ്ഞി....'

പെട്ടെന്നു് എനിക്ക് പരിസരബോധമുണ്ടായി. ആദ്യം ഓർമ്മ വന്നതു് സിസ്റ്റർ ഹെലന്റെ ചൂരലാണു് ഞങ്ങൾ മനസ്സില്ലാമനസ്സോടെ സ്കൂളിലേക്കോടി.

അവിടെ ഹെലൻ സിസ്റ്ററുടെ ചൂരൽ ഞങ്ങൾ, വിരുന്നുകാരെ സൽക്കരിക്കാൻ കാത്തിരുപ്പുണ്ടായിരുന്നു....

അടി കിട്ടിയതു പേടിച്ചു് ഞാൻ ഷൂട്ടിംഗ് കണ്ട കാര്യം വീട്ടിൽ പറഞ്ഞില്ല. അതു പറഞ്ഞു്, ഒരു പൊടി ശമ കാണിക്കണമെന്നു് അതിയായ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഒരു ക്രോസ് വിസ്താരത്തിനും. ശിക്ഷയ്ക്കും തയ്യാറാകണമല്ലോ എന്നു ഭയന്നു് ഞാൻ ആ ആഗ്രഹം ഉള്ളിലൊതുക്കി.

അടുത്ത ലക്കത്തിൽ
ഒരു നാടകത്തിന്റെ
അരങ്ങേററം

ഇവർ



പ്രീതാറാണി

തിരുവനന്തപുരം സ്വദേശിയായ പ്രീതാറാണി 'പാവത്തിനു മരണമില്ല' എന്ന ചിത്രത്തിൽ ഒരു ചെറിയ റോളിൽ അഭിനയിച്ചിട്ടുണ്ടു്. അഭിനയത്തോടു് അതീവ താൽപ്പര്യമുള്ള ഈ പെൺകുട്ടിക്ക് ചലച്ചിത്രരംഗത്തു കാലുറപ്പിക്കാനുള്ള ആഗ്രഹമാണുള്ളതു്. പതിനേഴുകാരിയായ പ്രീതാറാണിക്ക് ഏതു റോളും കൈകാര്യം ചെയ്യുവാൻ സമ്മതമാണു്.

ഈ കലാകാരിയുടെ അഡ്രസ്സ്


പ്രീതാറാണി
വിവത്തലമഠം
എൻ. സി. സി. റോഡ്
പേരൂർക്കട
തിരുവനന്തപുരം




ഡെല്ല, ഹനിത

ബാലനടീനടന്മാർ ഇപ്പോഴും മലയാളത്തിൽ വളരെ കുറവാണല്ലോ. സഹോദരീസഹോദരന്മാരായ ഈ ബാലനടനും നടിയും ധാരാളം തമിഴ്, കന്നട ഭാഷാചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ടു്. കന്നട, തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകൾ നന്നായി കൈകാര്യം ചെയ്യാൻ കഴിവുള്ള ഈ കുട്ടികളുടെ ആഗ്രഹം മലയാളത്തിൽ അഭിനയിക്കണം എന്നുള്ളതാണു്.

ഡെല്ല, ഹനിത
C/o. എ. ജെ. ബാബു
മാലത്തുരുത്തിൽ ഹൗസ്;
വൈപ്പിൻ, ഫോർട്ടുകൊച്ചി
682001






കുഞ്ഞുമോൾ

ഒരു ഡ്രാമാ നടിയായ കുഞ്ഞുമോളുടെ ഏററവും വലിയ ആഗ്രഹം സിനിമയിലഭിനയിക്കണമെന്നുള്ളതാണു്. കുണ്ടറക്കാരിയായ ഈ പതിനാലുകാരി ധാരാളം പ്രൊഫഷണൽ നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ടു്.


ഈ കലാകാരിയുടെ അഡ്രസ്സ്:

കുഞ്ഞുമോൾ
ചരുവിളപുത്തൻവീട്
എം. ജി. ടി. സ്കൂൾ സമീപം
കുണ്ടറ പി. ഒ.


ജോണി,
നമ്പ്യാർ



നാന
സിനിമാവാരിക
സ്മിത
ഫോട്ടോ: കുഞ്ഞൻകുട്ടി





ജയഭാരതി, കനകദുർഗ്ഗ

(ഫോട്ടോ കൃഷ്ണൻകുട്ടി)



സെൻസറിംഗ് എന്ന തമാശ

വർഷങ്ങൾക്കു മുമ്പു നടന്ന കാര്യമാണ്.

പ്രശസ്തനായ വി. ശാന്താറാമിന്റെ 'അമർ ഭോപാലി' എന്ന ചിത്രം സെൻസറിംഗിനുവേണ്ടി, അംഗങ്ങളുടെ മുന്നിൽ പ്രദർശിപ്പിക്കുകയാണ്. ചിത്രത്തിലൊരു ഡാൻസ് രംഗമുണ്ട്. നൃത്തം ചെയ്യവേ, നർത്തകിയുടെ സാരി ഊർന്നു വീണു, ഏതാനും സെക്കൻഡ് നേരത്തേയ്ക്ക്, അവളുടെ ബ്ലൗസ് കാണപ്പെട്ടു. ഒട്ടും മനഃപ്പൂർവ്വമല്ലാതെ, ഡാൻസ് ചെയ്ത നടി പോലുമറിയാതെ സംഭവിച്ച ഒരു നിസ്സാര കാര്യമായിരുന്നതു്. നടിയുടെ മാറിടം പ്രദർശിപ്പിക്കുക സംവിധായകന്റെ ലക്ഷ്യമേ ആയിരുന്നില്ല. എന്നാലീഭാഗം തിരശ്ശീലയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, ചിത്രം കണ്ടുകൊണ്ടിരുന്ന, സെൻസർ ബോർഡംഗമായ ഒരു സ്ത്രീ ചാടിയെണീററ് അട്ടഹസിച്ചു—'അശ്ലീലം! അശ്ലീലം! ഈ ഭാഗം വെട്ടിമാററണം' സെൻസർ ബോർഡിലെ മററു പുരുഷകേസരികളും അതിനെ അനുകൂലിച്ചു. സ്ത്രീ മെമ്പർ ഓർമ്മിപ്പിച്ചപ്പോഴാണ്, ചിത്രമാസ്വദിച്ചിരുന്ന പുരുഷമെമ്പർമാർ മാറിടം അശ്ലീലമാണെന്ന യാഥാർത്ഥ്യം പൊടുന്നനെ അനുസ്മരിച്ചതു്.

ഏതായാലും ആ ഭാഗം വെട്ടിമാററിയേ സെൻസർ സർട്ടിഫിക്കററ് നൽകൂ എന്നായി. സംവിധായകനായ ശാന്താറാമാണെങ്കിലോ അതിനു തയ്യാറുമല്ല. അദ്ദേഹം സാചിത്തതയോടും സാവകാശത്തോടും സംഗതികൾ വിശദീകരിച്ചു. നഗ്നപ്രദർശനമല്ല തന്റെ ലക്ഷ്യമെന്നും, നൃത്തം ചെയ്യുമ്പോൾ സാരി ഊർന്നു വീഴുക സ്വാഭാവികമാണെന്നും, എന്നാൽ അതൊരവസരമായി മുതലെടുക്കാൻ ശ്രമിച്ചിട്ടില്ലെന്നുമൊക്കെ അദ്ദേഹം പറഞ്ഞുനോക്കി. എന്നാൽ സെൻസർ ബോർഡംഗങ്ങൾ അതൊന്നും ചെവിക്കൊള്ളാൻ തയ്യാറായില്ല. വാദപ്രതിവാദം ചൂടു പിടിക്കേ, വികാരാവേശത്തോടെ സംസാരിച്ചു, മേൽപ്പറഞ്ഞ സ്ത്രീ മെമ്പറുടെ സാരി പെട്ടെന്നു ചുമലിൽ നിന്നൂർന്നു വീഴുകയും ഒരു നിമിഷനേരത്തേയ്ക്ക് ബ്ലൗസ് കാണപ്പെടുകയും ചെയ്തു. സംസാരം നിർത്തിയിട്ട് ശാന്താറാം സ്ത്രീ മെമ്പറെ അർത്ഥഗർഭമായൊന്നു നോക്കി. ചൂളിപ്പോയ അവർ സാരി പിടിച്ചു നേരെയാക്കിയിട്ടു തല കുനിച്ചു. അതോടെ സ്ത്രീ മെമ്പറുടെ നാവടങ്ങി. പുരുഷ മെമ്പർമാരും നിശ്ശബ്ദരായി. പിന്നെ യാതൊരു തടസ്സവുമുണ്ടായില്ല. 'അമർ ഭോപാലി' ഒരു പോറൽ പോലുമേല്ക്കാതെ സെൻസർ ചെയ്യപ്പെട്ടു.

വർഷങ്ങൾക്കു മുൻപു നടന്ന ഒരു സെൻസർ തമാശ.

കാലമേറെക്കഴിഞ്ഞെങ്കിലും, സാംസ്കാരികവും സാമൂഹികവുമായ വളർച്ച എല്ലാ രംഗങ്ങളിലും സമൂലമാററം സൃഷ്ടിച്ചെങ്കിലും, നമ്മുടെ സെൻസർബോർഡിന്നും അചഞ്ചലമാണ്. മാററത്തിന്റെ കാററ് അവിടെയൊട്ടും വീശിയിട്ടില്ല. ഇന്നും ഇത്തരം തമാശകൾ അഭംഗുരം നടന്നുകൊണ്ടിരിക്കുന്നു, സെൻസർ കത്രിക പൂർവ്വവൽ പ്രതാപത്തോടെ സംഹാരതാണ്ഡവമാടുന്നു.

ബ്രിട്ടീഷ് ഭരണകാലത്തും സെൻസറിംഗുണ്ടായിരുന്നു, സെൻസർബോർഡുമുണ്ടായിരുന്നു. എന്നാലന്ന് സെൻസർഷിപ്പിന്റെ മാനദണ്ഡങ്ങൾ വളരെ വ്യക്തമായിരുന്നു. 'അരുതു'കളുടെ അതിർവരമ്പ് സുവ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. (രാഷ്ട്രീയമായ ആശയങ്ങളുടെ അടിച്ചമർത്തലായിരുന്നല്ലോ അവരുടെ ലക്ഷ്യവും ആവശ്യവും) എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം, നമ്മുടെ സെൻസർ നിയമങ്ങൾക്ക്, അത്തരത്തിലുള്ള എന്തെങ്കിലും സുവ്യക്തമോ സുനിശ്ചിതമോ ആയ ലക്ഷ്യബോധങ്ങളോ മാനദണ്ഡങ്ങളോ ഉണ്ടോ? (രാഷ്ട്രീയ ചിത്രങ്ങളോട് പുലർത്തുന്ന സമീപനങ്ങളിൽപ്പോലും ഏകീകൃതമായ ഒരു കാഴ്ചപ്പാടില്ല. അംഗങ്ങളിൽ ചിലർക്കു രുചിക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്യാത്തതുകൊണ്ടായിരിക്കും, പലപ്പോഴും രാഷ്ട്രീയ ചിത്രങ്ങൾ നിരോധിക്കുകയോ ഭാഗങ്ങൾ വെട്ടിക്കളയുകയോ ചെയ്യുന്നതു്. നിരോധിച്ച ചില ചിത്രങ്ങൾക്ക് റിവൈസിംഗ് കമ്മിററിയും കേന്ദ്രകമ്മിററിയുമൊക്കെ പ്രദർശനാനുമതി നൽകുന്നതിൽ നിന്നു തന്നെ ഇക്കാര്യം വ്യക്തമാണ്.)

സെൻസർ ബോർഡംഗങ്ങളുടെ കണ്ണുകളും മനസ്സും പലപ്പോഴും നടികളുടെ ഉന്തിയ മാറിടങ്ങളിലും, വിടർന്ന നിതംബങ്ങളിലും, കൊഴുത്ത തുടകളിലും മാത്രം ഉടക്കി നില്ക്കുന്നുവെന്നു തോന്നിപ്പിക്കുന്ന തരത്തിലാണ് അവരുടെ പ്രവർത്തനം. ചിത്രങ്ങളിൽ നിന്ന് വെട്ടിമാററാൻ നിർദ്ദേശിക്കുന്ന ഭാഗങ്ങളിൽ നിന്ന് ഇതു് ബോദ്ധ്യമാകും.

ഗുരുദത്തിന്റെ വിഖ്യാത ചിത്രമായ 'സാഹിബ് ബീവി ഔർ ഗുലാം' എന്ന ചിത്രത്തിലെ നൃത്തരംഗത്തിന്റെ ഒരു നല്ല ഭാഗം, യാതൊരു ഔചിത്യബോധവുമില്ലാതെ വെട്ടിമാററി. കാരണമെന്തെന്നോ, നൃത്തമാടുമ്പോൾ നടിയുടെ നഗ്നമായ കാലുകൾ കാണപ്പെട്ടുവത്രെ! 'ഖിലാരി' എന്ന മറെറാരു ഹിന്ദി ചിത്രത്തിൽ ആശാപരേഖ് കുതിരപ്പുറത്തു സഞ്ചരിക്കുമ്പോൾ, മാറിടം കുലുങ്ങുന്നുവെന്ന കാരണത്താൽ, എല്ലാ സമീപദൃശ്യങ്ങളും വെട്ടിമാററി. (നടിയുടെ മാറിടം കുലുക്കാതെ ഓടാനുള്ള വിദ്യ പാവം കുതിരയ്ക്കെങ്ങനെ അറിയാനാണ്) ഇത്തരം നൂറുകണക്കിനുദാഹരണങ്ങൾ നിരത്താനാവും.

പെണ്ണിന്റെ നഗ്നമായ കണങ്കാലും, മാറിടങ്ങളുടെ തുളുമ്പലും അസാന്ദർഭികമായോ ഔചിത്യബോധമില്ലാതെയോ പ്രദർശിപ്പിക്കുമ്പോൾ, അവ തീർച്ചയായും ആഭാസമായിത്തീരും. എന്നാൽ കണങ്കാലിന്റെ പ്രദർശനവും, മാറിടത്തിന്റെ ചലനവും എങ്ങനെയുണ്ടായാലും ആഭാസമാണെന്നു പറയാനാവില്ല. സന്ദർഭങ്ങളുടെ പ്രത്യേകത അനുസരിച്ചു വേണം അവ വിലയിരുത്തേണ്ടുന്നതു്. കുതിരപ്പുറത്തു സവാരി ചെയ്യുമ്പോൾ മാറിടം കുലുങ്ങാതെ തരമില്ല. നൃത്തം ചെയ്യുമ്പോൾ സ്വാഭാവികമായും വസ്ത്രങ്ങൾക്കു സ്ഥാനഭ്രംശം സംഭവിക്കും. (എന്നാൽ ഇത്തരം സ്വാഭാവികതകൾക്ക് അമിത പ്രാധാന്യം നല്കി, അവ പ്രദർശിപ്പിക്കുന്നതു തീർച്ചയായും നന്നല്ല.) ഇതൊന്നുമാലോചിക്കാതെ, സന്ദർഭങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കാതെ, എവിടെ പെണ്ണിന്റെ നഗ്നമേനി കണ്ടാലും, വിളറി പിടിച്ചു, അവ വെട്ടിമാററുന്നതു് കലാപരമായ തത്വദീക്ഷയില്ലായ്മയും, ഔചിത്യബോധമില്ലായ്മയുമാണ്.

തൊട്ടാൽ പൊട്ടുന്ന സ്ഫടികസദൃശമായ സദാചാരബോധമുള്ള ലോലഹൃദയരായ ശുദ്ധാത്മാക്കളാണ് സെൻസർബോർഡംഗങ്ങളെന്നു ധരിച്ചുകളയരുതു്. അല്പം ചില ശരീര ഭാഗങ്ങൾ കാണുമ്പോൾ സടകുടഞ്ഞെഴുന്നേല്ക്കുന്ന, ഇതേ സെൻസർബോർഡു തന്നെ, ആഭാസങ്ങൾ നിറഞ്ഞ ചിത്രങ്ങൾക്കു നേരെ കണ്ണടയ്ക്കുകയും ചെയ്യാറുണ്ട്. സെൻസർബോർഡിന്റെ സദാചാരബോധവും അങ്ങനെയൊരു തമാശയാണ്. (നമ്മുടെ സെൻസർ നിയമം തന്നെ പല മുഖങ്ങളുള്ളതാണ്. രാജ് കപൂറിന്റെ ചിത്രങ്ങളിൽ ചുംബനമാകാം. എന്നാൽ മററുള്ളവർക്കതു പാടില്ല. രാജ് കപൂറൊഴികെ മററാരെങ്കിലും ചുംബനവും നഗ്നരംഗവും കാണിച്ചാൽ, ജനത്തിന്റെ സദാചാരബോധവും സംസ്കാരവും ഇടിഞ്ഞുപൊളിഞ്ഞു വീണതു തന്നെ!)

മലയാളത്തിൽ തന്നെ ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും ചൂണ്ടിക്കാണിക്കാനാവും.

ഏകീകൃതമായ ഒരു കാഴ്ചപ്പാടിന്റെയും, സുവ്യക്തമായ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ, ചിത്രങ്ങൾ പക്ഷഭേദമില്ലാതെ, വൈരനിര്യാതന ബുദ്ധിക്കിരയാകാതെ, സെൻസർ ചെയ്യേണ്ട സ്ഥിതി ഇനിയും വരേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നമ്മുടെ സെൻസർബോർഡ് ഇനിയും ഇത്തരം തമാശകൾ ആവർത്തിച്ചു കൊണ്ടിരിക്കും.



ചില്ല്

സീൻ അഞ്ച്

വീട് INT (സീൻ 3—ൻെറ തുടർച്ച)

അതുവഴി കടന്നുപോകുന്ന അമ്മ. കസത്തെടുത്തു നില്ക്കുന്ന മനുവിനോട്:

അമ്മ: 'ടാ, ടാ! നിറുത്തിയിട്ട പോയി കുളിക്ക്. നേരം ഒത്തിരിയായി.'

സീൻ അഞ്ച് (എ)

കട്ടിലിൽ ചുരുണ്ടുകൂടി കിടക്കുന്ന ജോസുകുട്ടി. പുറത്ത് എന്തോ ശബ്ദം കേട്ട് ജോസ് എണീററ് ജനാലയിലൂടെ നോക്കുന്നു. പുറത്ത്, വീട്ടുജോലിക്ക നില്ക്കുന്ന കറുത്ത പെണ്ണ് അലക്കിയ തുണി വിരിക്കുന്നു അവളുടെ വടിവൊത്ത ശരീരം വിസ്മയത്തോടെ ആസ്വദിക്കുന്നു ജോസ്കുട്ടി. അയയിൽ, ഒരു തുണി വിരിച്ചിട്ടപ്പോഠം ജോസുകുട്ടിക്ക് അവളെ കാണാനാവുന്നില്ല. അയാഠം ജനാലയിൽ തട്ടി ചെറുതായി ശബ്ദമുണ്ടാക്കുന്നു. അവഠം തിരിഞ്ഞു നോക്കുന്നു. അവളിൽ ഒരു ഭാവമാററവുമില്ല. ജോസ് നോട്ടം പിൻവാങ്ങുന്നു. അവഠം തൊട്ടപ്പുറത്ത് മറെറാരു ജോലി ചെയ്യുന്നു. ജോസ് ജനാലയിൽ വീണ്ടും ശബ്ദമുണ്ടാക്കുന്നു. ഇപ്പോഴും അവളുടെ നോട്ടത്തിന് ഭാവവ്യത്യാസമില്ല. ഇത്തവണ ജോസ് നോട്ടം പിൻവലിക്കുന്നില്ല. അവഠം കൂസലില്ലാതെ ജോലി തുടരുന്നു. അവഠം കൺമുന്നിൽ നിന്ന് മറയുന്നതുവരെ ജോസ് നോക്കിനില്ക്കുന്നു. എക്സർസൈസ്സിൽ, ഒരു പൊസിഷനിലെത്തിയ മനു അതേ നിലയിൽനിന്നുതന്നെ അയാളെ നോക്കുന്നു. ആ നില, കൗതുകം സൃഷ്ടിക്കുന്നതാണ്. അമ്മ മറെറാരു മുറിയിലേക്ക്.

സീൻ ആറ്

വീട് INT

ബാത്ത്റൂമിൽനിന്ന് കുളി കഴിഞ്ഞു വരുന്ന മനു നനഞ്ഞ ടൗവ്വൽമാത്രം ഉടുത്തിട്ടുണ്ട്. ഒരു ചെറിയ ടേപ്പ്റെക്കോർഡറിൽനിന്നു കേഠക്കുന്ന പാശ്ചാത്യസംഗീതം. മുടി ചീകുന്നതിനിടയിൽ കണ്ണാടിയിൽ സ്വന്തം ശരീരഭംഗി ഒന്ന് ആസ്വദിക്കുന്നു. എന്തോ ഓർത്തിട്ടെന്നപോലെ മറെറാരു മുറിയിലേക്കു പോകുന്നു. മനുവിൻെറ റൂം. മനു റിസീവർ എടുത്ത് ഡയൽ ചെയ്യുന്നു.

സീൻ ഏഴ്

ആനിയുടെ വീട് സ്വീകരണമുറി

സെററിയിൽ പത്രം വായിച്ചിരിക്കുന്ന ആനിയുടെ അച്ഛൻ ഫോൺ ശബ്ദം കേട്ട് ഒരുനിമിഷം ശ്രദ്ധിക്കുന്നു. സാവധാനം എണീററ് മറെറാരു മുറിയിലേക്ക് നടക്കുന്നു.

സീൻ ഏഴ് (എ)

ആനിയുടെ വീട് കിടപ്പുമുറി

ആനി കട്ടിലിൽ ചുരുണ്ടുകൂടി കിടക്കുന്നു. വാതിൽ തുറന്ന ശബ്ദം കേട്ട് ആനി, പിടഞ്ഞെണീക്കുന്നു. അവിടെയും ഫോണിൻെറ ശബ്ദം, സാമാന്യം നന്നായി കേഠക്കാം.

ആനി: അച്ഛൻ—ഗുഡ്മോർണിംഗ് ഡോക്ടർ.

ആനി (ഉറക്കച്ചടവോടെ) ഗുഡ്മോർണിംഗ്.

ആനി, പെട്ടെന്ന് ഫോൺശബ്ദം ശ്രദ്ധിക്കുന്നു. അവഠം അച്ഛനെ ശ്രദ്ധിക്കുമ്പോഠം, അവിടെ വാത്സല്യം നിറഞ്ഞ കളിയാക്കൽ ഭാവം. അതിൽ ചൂളിപ്പോയ ആനി, കൃത്രിമത്വമുള്ള ഇഷ്ടപ്പെടായ്കയോടെ ആനി—ശ്ശേ!

അവഠം, ഇനിയും വിട്ടുമാറിയിട്ടില്ലാത്ത വർദ്ധിച്ച ക്ഷീണത്തിൽ, ഉറക്കച്ചടവിൽ, തെന്നി നടക്കുന്നു, ഫോണിരിക്കുന്ന മുറിയിലേക്ക്. അച്ഛനു് അവളുടെ ഓരോ ആക്ഷനും കണ്ട് ചിരി വരുന്നു. ആനിയുടെ കിടക്കയിൽ കണ്ട സ്ക്രിബ്ലിംഗ് പാഡും പെൻസിലും അച്ഛൻെറ ശ്രദ്ധയിൽപ്പെടുന്നു. അയാഠം, അതെടുത്തു നോക്കുന്നു. മനുവിൻെറ മുഖം വ്യക്തമാകുന്ന ഏതാനും വരകഠം. അതിൽ, മനുവിനു് വാല് പിടിപ്പിച്ചിട്ടുണ്ട്. അച്ഛനു് ചിരി വർദ്ധിച്ചതേയുള്ളു.

സീൻ ഏഴ് (ബി)

ഫോണിരിക്കുന്നിടം

സെററിയിൽ ചടഞ്ഞുകൂടികിടക്കുന്ന ആനി പതിഞ്ഞ സ്വരത്തിൽ ഫോണിൽ സംസാരിക്കുന്നു.

ആനി: 'ങാ, ആണ്, ഇപ്പോ എണീററതേയുള്ളൂ. അച്ഛൻ, പിതാവ്'

അവരം ഉച്ചത്തിൽ കോട്ടുവായിട്ടു. അതു അങ്ങേ തലയ്ക്കൽ അസുഖകരമായ എന്തോ പ്രതികരണം ഉണ്ടാക്കി.

ആനി: 'അയ്യോ, സോറി, ഇപ്പോ എണീററതുകൊണ്ടാ ശ്ശെടാ.... വല്ലാത്ത ഗതികേടായിപ്പോയല്ലോ.'

ആനി ഫോൺ പൊത്തിപ്പിടിച്ച് കോട്ടുവായിടുന്നു.

ആനി: 'അതേ, നേരത്തെപ്പോലെ ഇപ്പഴും ഒന്നുവന്നു. തനിക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലോയെന്നുവെച്ചാ പൊത്തിപ്പിടിച്ചതു് ഇഷ്ടമില്ലെങ്കിൽ ഇപ്പോ നമ്മളിങ്ങനെ സംസാരിക്കുമോ? അതു പറ, ഞാൻ പറഞ്ഞതിനു മറുപടി താ. പററില്ല....മറുപടി താ (Pause) ങാ, അങ്ങനെ വഴിയേ വാ. പിന്നെ.

ആനി ആരോടെന്നില്ലാതെ
'വീണ്ടും പിണങ്ങിക്കാണും'
ഫോണിൽ 'ഹലോ'

സീൻ ഏഴ്-സി

മനുവിന്റെ വീട് INT

അമ്മയുടെ കാഴ്ചപ്പാടിൽ ഫോണിൽ സംസാരിക്കുന്ന മനു. ശബ്ദം വ്യക്തമല്ല. അത്ര പതുക്കെയാണ് അയാരം പറയുന്നതു്. അമ്മ, ബ്രേക്ക്ഫാസ്റ്റ് എടുത്ത പ്ലേററ് അവിടെ വച്ചിട്ട് പുറത്തേയ്ക്കു പോകുന്നു. ഉച്ചത്തിൽ കേരംക്കുന്ന ചെണ്ട കൊട്ടൽ മനുവിന്റെ ചെവി തുളച്ചു പോകുന്നു. ഫോണിലൂടെ ഒന്നും പറയാൻ കഴിയുന്നില്ല.

സീൻ ഏഴ്-ഡി

ആനിയുടെ വീട്

ആനിക്കും ഫോണിൽ ഒന്നും കേരംക്കാൻ കഴിയുന്നില്ല. ഒന്നുരണ്ടു തവണ ശ്രമിച്ചിട്ടും കഴിയാത്തതുകൊണ്ട് ഫോൺ പെഡ്ഡലിൽ വയ്ക്കുന്നു.

സീൻ ഏഴ്-ഇ

മനുവിന്റെ വീട്

ചെണ്ടയുടെ ഒച്ചയിൽ ഒന്നും പറയാൻ കഴിയാതെ, മനു റിസീവർ താഴെ വച്ചിട്ട് വർദ്ധിച്ച ദേഷ്യത്തിൽ വാതിൽ വലിച്ചടയ്ക്കുന്നു. ചെണ്ടശബ്ദം അല്പം കുറഞ്ഞിട്ടുണ്ട്. ധൃതിയിൽ വന്നു ഫോൺ എടുത്തു് 'ഹലോ....ഹലോ' യെന്ന് വിളിക്കുന്നു. ഫോൺ ഡിസ്കണക്റ്റായിയെന്ന് മനസ്സിലായപ്പോരം ഊക്കോടെ താഴെ വച്ചിട്ട് വാതിൽ വലിച്ചു തുറന്ന് ജോസിന്റെ മുറിയിലേയ്ക്കു ധൃതിയിൽ ചെല്ലുന്നു.

സീൻ ഏഴ്-എഫ്

ജോസ്കുട്ടിയുടെ മുറി INT

ജോസ്കുട്ടി അറിഞ്ഞു ചെണ്ട കൊട്ടുന്നു. മനു കോപം അടക്കാനാവാതെ ചേട്ടനെ നോക്കുന്നുവെങ്കിലും അതൊന്നും ശ്രദ്ധിക്കാതെ ജോസ്കുട്ടി തുടരുന്നു.

സീൻ എട്ട്

ആനിയുടെ വീട് പകൽ

ഒരു കണ്ണാടിയുടെ മുന്നിൽ നിന്ന് ഷേവ് ചെയ്യുന്ന അച്ഛൻ— ബ്രേക്ക്ഫാസ്റ്റ് കഴിക്കുന്ന ആനി കപ്പുറു പിടിച്ച് അവിടേയ്ക്ക് വരുന്നു—

ആനി: ഒന്നുരണ്ട് കക്ഷികളും ബലരാമൻ ചേട്ടനും നിൽപ്പുണ്ട്. രാവിലെ പോയിനുണ പഠിപ്പിക്ക്.

അച്ഛൻ: കോടതിയിൽ ഇന്ന് എന്റെ ദിവസമാണ്. ഭാര്യയെ മറെറാരുത്തൻ തട്ടിക്കൊണ്ട് പോയെന്ന് പറയുന്ന ഒരു ശുംഭന്റെ കേസ്സാണ്. അവനെ ഞാനിന്ന് കൊടഞ്ഞ്, കോടതിച്ചിലവും കൊടിപ്പിച്ചുവിടും.

ആനി: മയ്സ്ട്രേട്ടും വക്കീലും തമ്മിലുള്ള ഒത്തുകളിയല്ലേ—

തിരിഞ്ഞ് നടക്കുന്നതിനിടയിൽ ആനി: പിന്നേ, നര പിഴുതു തന്നതിന്റെ കാശ് കിട്ടാനുണ്ട്. ഇന്ന് കിട്ടണം.

സീൻ എട്ട്-എ

ആനിയുടെ വീട് കിടപ്പുമുറി

കുളി കഴിഞ്ഞ ആനിയുടെ അലസമായ ഒരുങ്ങൽ. ക്യാമറ മുറിയുടെ വിചിത്രമായ കാഴ്ചകരം കാണിക്കുന്നതോടൊപ്പം ആനിയുടെ ഒരുങ്ങലിലെ ചില കുസൃതികളും പകർത്തുന്നു. അവരം ഓരോന്നു തിരഞ്ഞെടുക്കുമ്പോഴും 'ഇന്ന് ഇതു മതി' യെന്ന് ആരോടെന്നില്ലാതെ പറയുന്നുണ്ട്. അവളുടെ അടുത്ത്, ചില്ലറ ജോലി, ചെയ്തു നില്ക്കുന്ന രാധ. രാധയ്ക്ക് ആനിയേക്കാരം അല്പം പ്രായം കൂടും.

ആനി: (ആരോടെന്നില്ലാതെ) മനു ഇന്ന് പിണങ്ങിയെന്നാ തോന്നുന്നതു്.

രാധയ്ക്ക് ചിരി പൊട്ടിപ്പോയി അതു കാണുന്ന ആനി

ആനി: 'കക്ഷി ഒരു പാവത്താനാ'

ഡ്രോയിംഗ് ഷീററും മററും ചുരുട്ടി എടുക്കുന്നതിനിടയിലും ആനി സംസാരം തുടരുന്നു.

ആനി: വളരെ സൂക്ഷിച്ചേ, ഓരോന്ന് പറയാനാവൂ. അല്ലെങ്കിൽ അയാരം ഓരോന്നിനും, വിചാരിക്കാത്ത അർത്ഥം എടുക്കും. എന്തു ചെയ്യാനാ? സഹിക്കുക തന്നെ'

രാധ അമർത്തി ചിരിക്കുന്നു. തന്റെ വാക്കുകളിൽ പ്രതികരണമുണ്ടാക്കുന്നുവെന്നറിഞ്ഞതിൽ പമ്മുന്നു. കണ്ണാടിയുടെ മുന്നിലേയ്ക്കു നീങ്ങി കുസൃതി വിട്ട്, യാഥാർത്ഥ്യഭാവത്തിൽ.


ആനി: (രാധയോട്) 'ഞാനിന്ന് വരാൻ വൈകും. എന്നു വച്ച് സന്ധ്യ കഴിയില്ല.

സ്ക്രീനിന് വെളിയിൽ അച്ഛന്റെ ശബ്ദം.

അച്ഛൻ: 'മോളെ. നീ ഇന്നും ലേററാകും.

ആനി തിരിഞ്ഞ് അച്ഛനെ നോക്കുന്നു.

തിരക്കഥ, സംവിധാനം: ലെനിൻ രാജേന്ദ്രൻ



വാതിൽക്കൽ അച്ഛൻ പുറത്തേയ്ക്കു ഇറങ്ങുന്ന വേഷത്തിൽ. സ്ക്രീനിനു വെളിയിൽ ആനിയുടെ ശബ്ദം.

ആനി: 'ഇപ്പോ ഇറങ്ങാനച്ഛാ. അവിടെ ഓരോരുത്തരും വരുന്നതു്, ഉച്ച നേരത്തിനാ.'

അച്ഛൻ തിരിഞ്ഞു് പോകാൻ തുടങ്ങുമ്പോഴും വികസിക്കുന്ന ദൃശ്യത്തിൽ ആനി, രാധ എന്നിവരെ കാണാം. രാധ, മെല്ലെ ഫ്രെയിം ഔട്ടാകുന്നു. അതിനിടയിൽ.

ആനി: 'അച്ഛന്റെ ഷർട്ടു് മഹാ ബോറ്: ഒന്നു മാറച്ഛാ.'


അച്ഛൻ: 'എന്നെയും ലേറ്റാക്കണമെന്നുണ്ടോ?' അച്ഛൻ പുറത്തേയ്ക്കു് പിന്നാലെ ആനിയും നടക്കുന്നതിനിടയിൽ.

ആനി: 'അല്പം സുന്ദരനായി നടന്നാൽ അച്ഛനു തന്നെ നല്ലതു്.'


ആനി വാതിൽ കടക്കുന്നു. അടയുന്ന വാതിൽ.

സീൻ ഒൻപതു്

ഹൈയർ ഇൻസ്റ്റിറ്റ്യൂട്ടു് ഓഫ് ഫൈൻ ആർട്ട്സ് — പകൽ



കോളേജ് പരിസരത്തിൽ അങ്ങിങ്ങു് കൂടിനില്ക്കുന്ന യുവതീ യുവാക്കൾ. ചെറുതും വലുതുമായ കൂട്ടങ്ങൾ. ആണും പെണ്ണും ഇടകലർന്നുള്ള പെരുമാററങ്ങൾ. ഒരു പ്രത്യേക അന്തരീക്ഷത്തിന്റെ— ശാന്തതയുടെ, സൗഹൃദത്തിന്റെ, ലഹരിയുടെ അന്തരീക്ഷം—നിറപ്പകിട്ടാർന്ന അന്തരീക്ഷത്തിലൂടെ പിൻചെല്ലുവരുന്ന ക്യാമറ, ക്ലാസ്മുറിയ്ക്കുള്ളിലേയ്ക്കു കടന്നു. ഒരു ക്ലാസ്മുറിയിൽ അഞ്ചോ, ആറോ വിദ്യാർത്ഥികൾ മാത്രം. ഇങ്ങനെയുള്ള പെയിന്റിംഗ്, സ്കൾപ്ചെറിംഗ്, കൊമേഴ്സ്യൽ, ആർട്ടു് തുടങ്ങിയ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ഗൗരവതരമായ കലാസൃഷ്ടികളിലൂടെ, അവരുടെ വൈചിത്ര്യമാർന്ന വേഷവിധാനങ്ങളിലൂടെ പെരുമാററത്തിലൂടെ സസൂക്ഷ്മം കടന്നുപോകുന്ന ക്യാമറ.



പ്രിയപ്പെട്ട നാന പത്രാധിപക്ക്,

നാന വിശേഷാൽപ്പതിപ്പ് കണ്ടു. വളരെ മനോഹരമായിരിക്കുന്നു. അഭിനന്ദനങ്ങൾ. അതിപ്രധാനമായ ഒരു കാര്യം പത്രാധിപരുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. കാലം കവർന്ന താരങ്ങൾ എന്ന പംക്തിയിൽ മലയാള തമിഴ് ചലച്ചിത്ര വേദിയിലെ പല പ്രഗത്ഭരേയും അനുസ്മരിച്ചിട്ടുണ്ട്. പക്ഷേ മലയാളത്തിലെ പ്രശസ്തനായിരുന്ന ഭരത് പി. ജെ. ആൻറണി, ശ്രീ: കോട്ടയം ചെല്ലപ്പൻ, പിന്നണി ഗായകനായിരുന്ന ശ്രീ: മെഹബൂബ് എന്നിവരെപ്പററി ഒരു വാക്കുപോലും പറയുന്നില്ല.

ശ്രീ: പി. ജെ. ആൻറണിയെ മലയാളികൾക്ക് മറക്കാൻ സാധിക്കുമോ? ഭരത് അവാർഡു നേടിയ നടൻ, സംവിധായകൻ, നാടകാചാര്യൻ, ഗാനരചയിതാവ്, കഥാകൃത്ത് എന്നീ മഹനീയ സ്ഥാനങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഉന്നതനായിരുന്ന ആ മഹാനെ നാന ഓർക്കാഞ്ഞത് നാനയുടെ ലക്ഷോപലക്ഷം വായനക്കാർക്ക് തീർച്ചയായും ഖേദമായിരിക്കും. മൺമറഞ്ഞ കലാകാരന്മാരെ സ്മരിക്കുമ്പോൾ ആദ്യം ഓർക്കേണ്ടിയിരുന്നത് അദ്ദേഹത്തെയായിരുന്നു.

ശ്രീ: മെഹബൂബും, കോട്ടയം ചെല്ലപ്പനുമെല്ലാം എന്നും മലയാളികളുടെ മനസ്സിലുണ്ടായിരിക്കും. അവർ ചെയ്തിട്ടുള്ള സംഭാവനകൾ വിലയേറിയതാണ്.

ജോസ്, മുനമ്പം

കമലഹാസൻ ഇവിടെ ആരുമല്ല

നാന ഇക്കഴിഞ്ഞ 31–1–82 ലക്കത്തിൽ കമലഹാസൻ ഇവിടെ ആരുമല്ല എന്ന് ശ്രീവിദ്യ എഴുതിയിരുന്നത് തികച്ചും നന്നായിട്ടുണ്ട്. ഒരു നടന് ഒന്നുരണ്ടു ഹിന്ദി ചിത്രങ്ങളിൽ അഭിനയിച്ചപ്പോവുകയും അത് വിജയിച്ചതിലും ഇങ്ങനെ നമ്മുടെ പ്രിയംകരരായ നസീർ, മധു ഇവരെപ്പററിയൊക്കെ വായിൽ വന്നതൊക്കെ പറയാം എന്നുള്ള വ്യവസ്ഥിതി മാറിയാലേ പററൂ. ഈ കമലഹാസൻ ഇതൊക്കെ മനസ്സിലാക്കി ഭേദപ്പെട്ടില്ലെങ്കിലും ഇങ്ങനെ പ്രസ്താവന നടത്താതിരിക്കാൻ ശ്രദ്ധിക്കണം. നാനയിൽ ശ്രീവിദ്യ എഴുതിയതിൽ നാനക്കും ശ്രീവിദ്യക്കും അഭിനന്ദനങ്ങൾ!

എന്ന്

ബാലരാമപുരം അപ്പൻ

നാനാ വർണ്ണങ്ങളിൽ നാനാ മുഖങ്ങൾ

സിനിമാക്കാരേയും സിനിമ ആസ്വദിക്കുന്നവരേയും സമൂഹം കല്പിച്ചിട്ടുള്ള സഭ്യതയെ ലംഘിച്ച് അരുതാത്തതെന്തോ പ്രവർത്തിച്ചവരായി കാണുന്ന സിനിമാവിദ്വേഷികൾക്ക് സിനിമാ പ്രസിദ്ധീകരണങ്ങളും ചതുർത്ഥിയായിരിക്കുമല്ലോ! ആ സ്ഥിതിക്ക് അതു വാങ്ങാനോ തുറന്നുനോക്കാനോ തയ്യാറില്ലെങ്കിൽപ്പോലും അത്തരക്കാരും ആനുകാലിക പ്രസിദ്ധീകരണങ്ങൾ വില്പനയ്ക്ക് നിരത്തിയിരിക്കുന്ന പീടികയ്ക്കു മുമ്പിൽ അറിയാതെ ഒരു സെക്കൻറ് നിന്നുപോകുംവിധം ആകർഷണീയത മാററി നില്ക്കുന്ന മുഖം സിനിമാവാരികയെന്ന നിലയിൽ നാനയ്ക്കു മാത്രമുള്ള സവിശേഷതയാണ്. നാനാവിധ സമീപനം കൊണ്ടും അഭിരുചികൊണ്ടും തമ്മിൽ തമ്മിൽ അകന്നുനില്ക്കുന്ന പ്രേക്ഷകരെയെല്ലാം ഒന്നുപോലെ സംതൃപ്തരാക്കുംവിധം വ്യത്യസ്തതയുളവാകുന്ന വിഭവങ്ങളൊരുക്കി വായനക്കാരെ ഏകോപിപ്പിക്കുന്നതിൽ നാന എന്നത്തെയൊന്നിലും മുൻപന്തിയിൽ തന്നെ. അതെടുത്തു പറയാവുന്ന നേട്ടവുമാണ്.

കാര്യപ്രസക്തമാണെങ്കിൽ വായനക്കാരുടെ വാദഗതികളെ അംഗീകരിക്കാനും, അവരുടെ ന്യായീകരണങ്ങളെ നിരാകരിക്കാതെ അവർക്കനുകൂലമായി അതുവരെയുള്ള ശൈലിയിൽ മാററം വരുത്തുവാനും, തങ്ങളുടെ അപാകതകളെ ചൂണ്ടിക്കാണിക്കുന്നതാണെങ്കിൽ കൂടി അത്തരം നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരസ്യപ്പെടുത്താനുമുള്ള ചങ്കൂററമാണ് നാനയുടെ ഒററപ്പെട്ട വ്യക്തിത്വം. ഉലയാത്ത നിലവാരത്തിനും ഉറപ്പുള്ള നിലനിൽപ്പിനും മൂലകാരണവും അതുതന്നെ. ഒപ്പം പുതുമണത്തോടെ ഓരോ വാരവും നാനയെ സ്വീകരിക്കാനുള്ള വായനക്കാരുടെ ആവേശവും കൂടിയാകുമ്പോൾ നാനയുടെ വളർച്ചയ്ക്ക് ആക്കം കൂടുന്നതേയുള്ളു.

കഴിഞ്ഞ വർഷത്തെ വിഭവങ്ങളിൽ ഇപ്പോഴും തുടരുന്ന തിക്കുറിശ്ശിയുടെ 'ഒളിവില്ലാത്ത ഓർമ്മകൾ' ഏറെ നാൾക്കുശേഷവും വായിക്കുന്നവരിൽ ഓർമ്മകളായിത്തന്നെ തങ്ങിനില്ക്കാൻ പോന്നവിധം സ്വാഭാവികതയുള്ളതാണ്. തിരക്കഥാമത്സരത്തിൻെറ തിരക്കിട്ട പരിപാടിയിലൂടെ പുതുമുഖങ്ങളെ തിരയുന്നതിലും, അവരെ അഭിനന്ദിക്കുന്നതിലും അസൂയാവഹമായ നേട്ടമാണ് നാന കൈവരിച്ചത്. എന്നാൽ നാന അഭിനന്ദിച്ച് പ്രസിദ്ധീകരിച്ചു വന്നിരുന്ന 'ബലൂൺ' തിരക്കഥയ്ക്ക് ഓക്കാപ്പുറത്ത് ബ്രേക്കിട്ടത്, ചിത്രമാകുമ്പോഴേയ്ക്കും പ്രേക്ഷകനു വന്നേക്കാവുന്ന രസക്കുറവ് ഒഴിവാക്കാൻ വേണ്ടി ആയിരുന്നെങ്കിൽക്കൂടി അതു് വായനക്കാരനെ നിരാശപ്പെടുത്താനെ ഉപകരിച്ചുള്ളു. പിന്നെ എടുത്തു പറയേണ്ട ഒരു പോരായ്മ 'കാമ്പസിനുള്ളിലെ സിനിമ'യാണ്. കോളേജദ്ധ്യയനമാണ് സിനിമാസ്വാദനശേഷിക്കുള്ള മാനദണ്ഡമെന്നു തോന്നിപ്പോകും ആ പംക്തിയിലൂടെ കണ്ണോടിക്കുമ്പോൾ. അകത്തുള്ളവരേക്കാൾ നിലവാരമുള്ള പ്രേക്ഷകർ നിരവധി കാമ്പസിനു് പുറത്തുണ്ട്. എന്നാൽ 'ശങ്കരാഭരണ'ത്തെച്ചൊല്ലിയും സോമൻെറ ദുരവസ്ഥയെ ചൊല്ലിയുമുള്ള പരാമർശവും ചർച്ചയുമെല്ലാം ആരോഗ്യകരവുമാണ്.

എന്തെല്ലാം വർണ്ണങ്ങൾ വസന്തം നൽകിയാലും മഴവില്ലിൻെറ മനോഹാരിതയും ആകർഷണീയതയും അവയ്ക്കുണ്ടാകാറില്ല. ഇവിടെ നാനയാണ് മഴവില്ല്. മററുള്ളവ വെറും വർണ്ണങ്ങൾ മാത്രം.

രാജിൽ, കല്ലമ്പള്ളി



ഷഹൻഷാമാർ തേടുന്ന വൻതാരന്മാർ

ഇരിക്കും മുമ്പ് കാലു നീട്ടുക എന്നു കേട്ടിട്ടുണ്ട്. സിനിമാരംഗത്താണ് ഇക്കാര്യത്തിന് കൂടുതൽ ഉദാഹരണങ്ങളുണ്ടാകുക. ഒന്നോ രണ്ടോ സിനിമയിൽ മുഖം കാണിച്ചാൽ പിന്നെ വലിയ താരങ്ങളുടെ ഭാവം കാട്ടുന്ന പലരും ഈ രംഗത്തുണ്ട്. ഇതിന്റെ ഭാരമെല്ലാം താങ്ങേണ്ടതു് നിർമ്മാതാക്കളായതിനാൽ എന്തു കാണിക്കുന്നതിനും ഇക്കൂട്ടർക്കു മടിയില്ല.

'നിദ്ര'യിൽ നിന്നുണർന്നെണീററ യുവനടി ഇപ്പോൾ ഹേമമാലിനിയെപ്പോലെ നടിക്കുന്നു. സിനിമയിൽ നടിക്കുന്നു എന്നല്ല. പുറത്തു് നടിക്കുന്നു. ഈയിടെ ഒരു സിനിമയിൽ അഭിനയിക്കാൻ തലസ്ഥാന നഗരിയിലെത്തിയ നടി ആദ്യദിവസം നിർമ്മാതാക്കൾ ഏർപ്പെടുത്തിയിരുന്ന ഹോട്ടലിൽ താമസിച്ചു. രണ്ടാം ദിവസം നടിക്കു തോന്നി ആ ഹോട്ടൽ പോരെന്നു്. ഉടനെ തന്നെ മറെറാരു വലിയ ഹോട്ടലിലേക്കു് അവർ താമസം മാററി. അവിടെ രണ്ടുദിവസം കഴിയവേ, തലസ്ഥാനനഗരിയിൽ അത്യാധുനിക സൗകര്യങ്ങളുള്ള ഒരു സ്റ്റാർ ഉണ്ടെന്നു് നടി മനസ്സിലാക്കി. പിന്നെ താമസമുണ്ടായില്ല. അവർ ഉടനെ അങ്ങോട്ടു മാറി. അവിടെ ദിവസം മുറിവാടകയെന്തെന്നോ? ഇരുനൂററി ഇരുപത്തിയഞ്ചു രൂപ. ഏററവും ചുരുങ്ങിയ ചിലവിൽ ഒരു മലയാളപടം പിടിക്കാനിറങ്ങിയ ഈ ചിത്ര നിർമ്മാതാവിന്റെ ഹൃദയം 'ചില്ലു'പോലെ പൊട്ടാൻ ഇതിൽ കൂടുതൽ ഇനി എന്തു വേണം?

രതിമാരും മന്മഥന്മാരും

കഴിഞ്ഞ ഡിസംബർ പതിനേഴാം തീയതി മദ്രാസ് വേപ്പേരിയിലുള്ള ഒരു കെട്ടിടത്തിന്റെ രണ്ടാംനിലയിൽ നിരവധി ആളുകൾ നിശ്ശബ്ദരായി വന്നു കൂടുന്നു. അതിലുള്ള ഒരു മുറിയിലേക്കു് അവർ തള്ളിക്കയറി. അവിടെയൊരു വീഡിയോ ഉണ്ട്. അതിൽ അർദ്ധനഗ്നരും, നഗ്നരുമായ യുവതീ യുവാക്കളുടെ മേനി വടിവുകൾ മാറി മറിയുന്നു.

എല്ലാവരും എല്ലാം കണ്ടാസ്വദിച്ചിരിക്കവേ പെട്ടെന്നു് പുറത്തൊരനക്കം. പിന്നെ അകത്തുള്ള ഒരാൾ വിളിച്ചുകൂവി. പോലീസ്! പോലീസ്! വീഡിയോയിൽ മനം കവരുന്ന ദൃശ്യങ്ങൾ കണ്ടിരുന്ന മഹാന്മാർ ഇരുട്ടിലേക്കു് പാഞ്ഞു.

സ്വർണ്ണക്കച്ചവടക്കാരനായ കെട്ടിടയുടമയെ പോലീസ് കസ്റ്റഡിയിലെടുത്തു. ഒപ്പം വീഡിയോയും, ബ്ലൂഫിലിം കാസററുകളും.

വീഡിയോ വന്നതോടെ മദ്രാസ്സിൽ ബ്ലൂഫിലിം കച്ചവടം പൊടിപൊടിക്കുന്നുണ്ട്. വിദേശനിർമ്മിതമാണധികവും. എന്നാൽ ഇപ്പോൾ വിപണിയിൽ സ്വദേശനിർമ്മിതവും സുലഭമായി ലഭിക്കുന്നു. ഈയിടെ പോലീസ് റെയ്ഡിൽ സ്വദേശനിർമ്മിതമായ ചില കാസ്സെററുകൾ ലഭിച്ചു. ഇതിൽ അറിയപ്പെടുന്ന കുറെ താരങ്ങളുടെ മദനകേളികൾ ഉൾപ്പെടുന്നുണ്ടത്രെ. പലരും ബ്ലൂഫിലിമുകളിൽ അഭിനയിച്ചിട്ടുണ്ട്. പോലീസിന് ആരുടെയൊക്കെ കിട്ടിയിട്ടുണ്ടെന്നു് വെളിപ്പെടുത്താതിരിക്കുകയാണ് ചിലർ.


ഒരിക്കൽ മലയാളത്തിൽ ശിവതാണ്ഡവമാടിയ ഒരു നടി, ഈയിടെ ഉത്തരേന്ത്യയിൽ കോളിളക്കമുണ്ടാക്കിയ ഒരു നടൻ, മറെറാരു തമ്പുരാട്ടി നടി ഇവരെ കൂടാതെ ആദ്യ കാലത്തു് 'നീല' ചിത്രത്തിൽ അഭിനയിച്ച ഒരു തമിഴ് നടിയും, പോലീസിന്റെ കയ്യിലകപ്പെട്ട ഈ നീല ചിത്രങ്ങളിൽ ഉണ്ടെന്നാണ് കേൾക്കുന്നതു്.

ഇതിലും കഷ്ടം! പോലീസിന്റെ കയ്യിൽ കിട്ടിയ ബ്ലൂ ഫിലിം ചുരുളുകളിൽ നിന്നും കുറെ ഇപ്പോൾ പുറത്തു വ്യാപിക്കുന്നു എന്നുള്ളതാണ്.

അരമന രഹസ്യം







സ്ഥലത്തെ പ്രധാന റൗഡി

തുഷാര ബിന്ദുക്കൾ അടർന്നു വീഴുന്ന നാട്ടിൽച്ചെന്നു ചിത്രമെടുത്തപ്പോൾ ഒരു സംഭവമുണ്ടായി. രണ്ടക്ഷര സംവിധായകന്റേതാണ് ചിത്രം. അദ്ദേഹം അവതരിപ്പിച്ച 'മററൊരു ജയനും' ബാർലി വെള്ളം കുടിക്കുന്ന, ചെറിയ വേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഒരു നടനും സംവിധായകന്റെ പ്രിയപ്പെട്ടവരായിരുന്നു. കൂട്ടത്തിൽ ഒരു പുതുമുഖവുമുണ്ട്. മററൊരു ജയനെപ്പോലെ തടിയുള്ള ഒരു രണ്ടക്ഷര വില്ല നടൻ.

ആദ്യത്തെ രണ്ടു നടന്മാരെപ്പോലെ കടന്ന സ്നേഹമോ അടുപ്പമോ സംവിധായകനോടു കാണിക്കാൻ പുതുമുഖ നടനൊരു മടി. അതുകൊണ്ടു തന്നെ അയാൾ ഒഴിഞ്ഞു മാറി നടന്നു

ഒരവസരത്തിൽ സംവിധായകനും പ്രിയപ്പെട്ട നടന്മാരും ഒന്നിച്ചുകൂടി സംസാരിച്ചിരുന്നപ്പോൾ പുതുമുഖ നടൻ അതു വഴി നടന്ന് സ്റ്റെപ്പ് കയറി മുകളിലേയ്ക്ക് പോയി. സംവിധായകൻ ബാർലിയോടു ചോദിച്ചു. നിങ്ങളൊക്കെ ഒരു നാട്ടുകാരല്ലേ ആളെങ്ങിനെ കൊള്ളാമോ. ബാർലിക്ക് പുതുമുഖ നടനെ അത്ര പിടുത്തമല്ല. ഒരെതിരാളിയെപ്പോലെയാണ് കാണുന്നത്. അഭിനയത്തിന്റെ കാര്യം പോട്ടെ ബാർലിയെക്കാൾ തടിമിടുക്കുണ്ട് പുതുമുഖ നടന്. അതുകൊണ്ടു തന്നെ കിട്ടിയ അവസരം 'ബാർലി' പാഴാക്കിയില്ല.

'അവൻ വല്യ റൗഡിയാണ്—അവനെപ്പററി എന്തെല്ലാം പറയാനുണ്ടെന്നോ അതൊക്കെ അറിഞ്ഞാൽ ആരും അവനെ അടുപ്പിക്കില്ല.'

സംവിധായകൻ എല്ലാം മൂളിക്കേട്ടു. ഇപ്പോഴത്തെ അവസ്ഥ എന്തെന്നറിയാമോ. ഈ സംവിധായകന്റെ ഒററ ചിത്രത്തിലും പുതുമുഖ നടനില്ല.

അങ്ങിനെ ബാർലിയുടെ കൊളുത്ത് ശരിക്ക് പിടിക്കുകയും, ബാർലി ഒന്നുകൂടി സംവിധായകന്റെ പ്രിയപ്പെട്ടവനായി തീരുകയും ചെയ്തു.

—



അങ്ങാടി പാട്ട്...




എം. ആർ. രധികക പറയുന്നത്, ഞാനിപ്പോൾ കൂടുതലും തെലുങ്ക് പടത്തിൽ അഭിനയിക്കുന്നു എന്നാണ്. തമിഴിൽ തന്റെ കഴിവുകളെ പ്രയോജനപ്പെടുത്തുന്ന വേഷങ്ങൾ തനിക്ക് ലഭിക്കുന്നില്ലെന്ന് രാധിക പറഞ്ഞു. പാലവനൈവ്വോലെ, മൗനഗീതങ്ങൾ തുടങ്ങിയ ചിത്രങ്ങളുടെ തെലുങ്ക് പതിപ്പിലെ നായിക രാധിക ഇപ്പോൾ ആണ്. മലയാളത്തിൽ രാധിക ഇപ്പോൾ ഐ. വി. ശശിയുടെ കൈകേയി എന്ന ചിത്രത്തിൽ അഭിനയിക്കുന്നു.

✶ ✶ ✶ ✶

'ഇളം ജോഡികൾ' എന്ന ചിത്രത്തിൽ ആദ്യം രാധ, കാർത്തിക്, സുരേഷ്, ശാന്തികൃഷ്ണ എന്നീ ജോഡികളെ ആണ് കരാർ ചെയ്തിരുന്നത്. എന്നാൽ ശാന്തികൃഷ്ണയെ മാററി വിജയശാന്തിയെ ആ റോളിൽ അഭിനയിപ്പിച്ചു. കാരണം, ആ ചിത്രത്തിൽ നീന്തൽ വേഷത്തിൽ അഭിനയിക്കേണ്ട ഒരു രംഗമുണ്ട്. അതുകൊണ്ട് ശാന്തികൃഷ്ണ അഭിനയിക്കാൻ വിസമ്മതിച്ചു.

സ്വന്ന്.. മിന്ന്..





കുരിയൻ വർണ്ണശാല

സിനിമാ രംഗത്തു് നിശ്ശബ്ദ സേവനം നടത്തുന്ന കുറെയധികം ആരുകാരുണ്ടു്. പേരോ പ്രശസ്തിയോ ആഗ്രഹിക്കാതെയോ അല്ലെങ്കിൽ അതു ലഭിക്കാതെയോ ഇക്കൂട്ടർ തങ്ങളുടെ സേവനം തുടർന്നുകൊണ്ടിരിക്കും. പലരും ഒരു നല്ല നില ആഗ്രഹിക്കാത്തവരല്ല. പക്ഷേ പ്രതികൂല സാഹചര്യങ്ങൾ അവരെ പിന്തള്ളിക്കളയും. അനിശ്ചിതത്വത്തിൽ തൂങ്ങിനില്ക്കുന്ന ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുതന്നെ ഇവർ തങ്ങളുടെ പ്രവർത്തിയിൽ വ്യാപൃതരായിക്കഴിയും. ആഗ്രഹങ്ങളും അഭിലാഷങ്ങളും ഉള്ളിലൊതുക്കാൻ വിധിക്കപ്പെട്ടവരാണവർ.

എന്നാൽ വല്ലപ്പോഴുമൊരിക്കൽ ഇവരിൽ ചിലരെ ഭാഗ്യം അനുഗ്രഹിക്കാറുണ്ടു്. യഥാർത്ഥത്തിൽ ഇവരുടെ 'ഒറിജിനാലിററി' എന്തെന്നു് നമുക്കു് ബോദ്ധ്യപ്പെടാൻ ഒരവസരമായിത്തീരുന്നു അതു്.

ഐ. വി. ശശിയോടൊപ്പം തന്നെ സിനിമാ രംഗത്തു കടന്നുവന്നയാളാണു് ഇപ്പോൾ സിനിമാ നിർമ്മാതാവും സംവിധായകനുമായി മാറിക്കഴിഞ്ഞ കുരിയൻ വർണ്ണശാല. എന്നാൽ കുരിയൻ ഭാവനയിൽ കണ്ട വളർച്ച വളരെയകലെയായിരുന്നു. ഉററ സുഹൃത്തായ ഐ. വി. ശശി ഉയരങ്ങളിലേയ്ക്കു കുതിച്ചു. കുര്യനു് ആശിച്ചതു നേടാൻ പിന്നെയും വർഷങ്ങളുടെ തപസ്സു് തുടരേണ്ടിവന്നു എന്നു മാത്രം.

തൃശ്ശൂർ വരന്തരപ്പള്ളി സ്വദേശിയായ കുരിയൻ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തൃശ്ശൂർ ഗവണ്മെൻറ് ഒക്കുപ്പേഷണൽ ഇൻസ്റ്റിററ്യൂട്ടിൽ പഠിച്ചു. ചെറുപ്പത്തിലേ ചിത്രകലയിൽ വാസനയുണ്ടായിരുന്ന കുരിയനു് ഇൻസ്റ്റിററ്യൂട്ടിലെ പഠനം കൊണ്ടു് നല്ലൊരു ചിത്രകാരനായി ഉയരാനുള്ള സാദ്ധ്യത തെളിഞ്ഞു.

പിന്നീടു് കുരിയൻ മദ്രാസ് ലിത്തോ പ്രസ്സിൽ ജോലിയിലേർപ്പെട്ടിരിക്കെ. അന്നു് മദ്രാസ്സിൽ, സ്വന്തം ഭാഗ്യാന്വേഷണത്തിൽ വ്യാപൃതനായിരുന്ന ഐ. വി. ശശിയുമായി പരിചയപ്പെട്ടു. അന്നു് ശശി ചില ചിത്രങ്ങളിലെ ആർട്ടു് ഡയറക്ടറായി പ്രവർത്തിച്ചിരുന്നു.

രണ്ടുപേരും പതിവായി, സിലോൺ റേഡിയോയിൽ 'വാനമൃദം' എന്ന പരിപാടി അവതരിപ്പിച്ചു് പ്രശസ്തരായ 'ക്രസ്ത്യൻ ആർട്ട്സി'ൽ പോകാറുണ്ടായിരുന്നു. ശശി അവരുടെ മാഗസിനുകൾക്കു് കവർ വരയ്ക്കും. കുരിയനും അതിൽ സഹായിക്കും.

അങ്ങിനെയിരിക്കേയാണു് ക്രിസ്ത്യൻ ആർട്ട്സ് എടുക്കാനിരുന്ന 'കായൽ', ഉത്സവം എന്ന പേരിൽ മുരളീ മൂവീസ് നിർമ്മിക്കാൻ തീരുമാനിച്ചതു്. ഐ. വി. ശശിയെ സംവിധായകനായി നിശ്ചയിച്ചു.

ഉത്സവത്തിൻെറ അസിസ്റ്റൻറു് ഡയറക്ടറായി പ്രവർത്തിച്ചതു് കുരിയനാണു്. ഒപ്പം അതിൻെറ പരസ്യജോലികളും ചെയ്തു. സിനിമയുമായി ആദ്യം ബന്ധപ്പെടുകയായിരുന്നു കുരിയൻ.

പിന്നീടു് അനുഭവം, അയൽക്കാരി എന്നീ ചിത്രങ്ങളുടെ സഹസംവിധായകനായി പ്രവർത്തിക്കുകയും അതിൻെറയൊക്കെ പരസ്യ ജോലികൾ നിർവ്വഹിക്കുകയും ചെയ്തു കുരിയൻ.

രണ്ടുമൂന്നു ചിത്രങ്ങൾകൊണ്ടുതന്നെ പബ്ലിസിററി ഡിസൈനർ എന്ന നിലയിൽ താൻ സമർത്ഥനാണെന്നു തെളിയിക്കാൻ കുരിയനു കഴിഞ്ഞു. മേൽച്ചൊന്ന ചിത്രങ്ങളുടെ പോസ്റ്ററുകളും, പ്രസ്സ് പബ്ലിസിററിയും മററും കുരിയനെ ഈ രംഗത്തു് ശ്രദ്ധേയനാക്കി.

പിന്നീടു് കുരിയൻ ഡ: ബാലകൃഷ്ണനുമായി പരിചയപ്പെടുകയും 'കോളജ് ഗേൾ' എന്ന ചിത്രത്തിൻെറ 'പരസ്യകല' നിർവ്വഹിക്കുകയും ചെയ്തു. അവിടന്നങ്ങോട്ടു് ഈ രംഗത്തു് കുരിയൻെറ വളർച്ച അത്ഭുതാവഹമായിരുന്നു. ഇതാ ഇവിടെ വരെ, രതിനിർവ്വേദം തുടങ്ങിയ ഇരുനൂറോളം ചിത്രങ്ങളുടെ പരസ്യജോലികൾ ഭംഗിയായി നിർവ്വഹിക്കാൻ കുരിയനു കഴിഞ്ഞു.

'ഇതാ ഇവിടെ വരെ, രതിനിർവ്വേദം തുടങ്ങിയ ചിത്രങ്ങളിലെ പോസ്ററുകൾ കുരിയനെ പ്രസിദ്ധനാക്കി.

പരസ്യകലയെപ്പററി, സ്വന്തമായ ചില സങ്കല്പങ്ങൾ സൂക്ഷിക്കുന്ന കലാകാരനാണു കുരിയൻ. എന്നാൽ പലപ്പോഴും ഈ രംഗത്തു് ആശിക്കുംവിധം ജോലി ചെയ്യാൻ സാധിക്കാറില്ലെന്നു കുരിയൻ പറയുന്നു. നിർമ്മാതാക്കളുടെ ഇടപെടലാണു് അതിനു കാരണം. നന്നായി ഒരു പോസ്റ്റർ ഡിസൈൻ മനസ്സിൽ കാണുമ്പോഴായിരിക്കും അതിൽ ഒട്ടു മിക്ക നടീനടന്മാരുടേയും രൂപങ്ങളുണ്ടായിരിക്കണമെന്നു നിർമ്മാതാവു് നിർദ്ദേശിക്കുന്നതു്. അതു് ചിത്രത്തിൻെറ സാമ്പത്തിക വിജയത്തിൻെറ പ്രശ്നവുമായി ബന്ധപ്പെട്ടതാകുമ്പോൾ അനുസരിച്ചേ മതിയാകൂ. ഇങ്ങനെ ചെയ്യുമ്പോൾ പലപ്പോഴും ഭംഗി നഷ്ടപ്പെടും, നല്ല ഭാവനയ്ക്കു് സാദ്ധ്യത ഇല്ലാതാകും. ഒരു ചിത്രത്തിൻെറ പരസ്യ ചിത്രങ്ങൾ ഭാവനാപൂർണ്ണമാകണമെങ്കിൽ അതു ചെയ്യുന്നയാൾക്കു് പരിപൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചു കിട്ടണം എന്നു കുരിയൻ പറയുന്നു.

കുരിയൻ ഇഷ്ടപ്പെടുന്ന ഏററവും നല്ല പബ്ലിസിററി ഡിസൈനർ എസ്. എ നായരാണു്. കൊമേഴ്സ്യൽ സിനിമയ്ക്കു് എസ്. എ നായർ ചെയ്ത സേവനങ്ങൾ വളരെ വിലപ്പെട്ടതും, ഫലപ്രദവുമാണെന്നു് കുരിയൻ പറയുന്നു. ചിത്രത്തിൻെറ പ്രമേയ സ്വഭാവം മനസ്സിലാക്കി അതിനു യോജിച്ച പോസ്റ്ററുകളും മററു പരസ്യജോലികളും ഇത്രയും തികവോടെ ചെയ്യാൻ വേറെയധികം പേർ നമുക്കില്ല.

കുരിയനും ഓരോ ചിത്രത്തിൻെറ സ്വഭാവമനുസരിച്ചാണു് പരസ്യജോലികൾ ചെയ്യുന്നതു്. ഇതാ ഇവിടെ വരെ, രതിനിർവ്വേദം എന്നീ ചിത്രങ്ങൾക്കുവേണ്ടി ചെയ്ത പോസ്റ്ററുകളാണു് കുരിയനു് മാനസ്സികമായ സംതൃപ്തി നൽകിയതു്. ഈ ചിത്രത്തിനുവേണ്ടി സ്കെച്ചുകളും, പെയിൻറിംഗുകളും, ഉപയോഗിച്ചിരുന്നു.

എസ് എ നായർ കഴിഞ്ഞാൽ ഏററവുമധികം തിരക്കുള്ള പബ്ലിസിററി ഡിസൈനറായിരിക്കേയാണു് കുരിയൻ സ്വന്തമായി ചിത്രം നിർമ്മിക്കാൻ പരിപാടിയിട്ടതു്. ഷെരിഫിനെക്കൊണ്ടു് സ്ക്രിപ്ററ് ഐ. വി ശശിയെക്കൊണ്ടു് സംവിധാനം ചെയ്യിക്കണമെന്നായിരുന്നു കുരിയൻെറ മോഹം. അതു് നിശ്ചയിച്ചിരുന്നതാണു്. നിർഭാഗ്യമെന്നു പറയട്ടെ ആയിടെ ഐ. വി ശശി, ഷെരീഫ് ടീം തെററിപ്പിരിഞ്ഞു. രണ്ടുപേരുടെയും ഉററ സുഹൃത്തായിരുന്ന കുരിയൻ ഷെരിഫിൻെറ ഭാഗത്തു് ന്യായം കണ്ടു



തിനാലകാം അദ്ദേഹത്തോട് ചേർന്നു.

അങ്ങിനെ കരിയന്റെ ആദ്യചിത്രം ഷെരീഫ് തന്നെ തിരക്കഥയെഴുതി സംവിധാനം ചെയ്തു. അസ്തമിക്കാത്ത പകലുകൾ എന്ന ആ സിനിമ ഒരു വിജയമായിരുന്നു.

അതിന്റെ പിൻബലത്തിലാകാം ഒരാത്മവിശ്വാസം കൈവരിക്കാൻ കരിയനു കഴിഞ്ഞിട്ടുണ്ട്.

ഇപ്പോൾ അന്തിച്ചുവപ്പ് എന്ന ഒരു ചിത്രത്തിന്റെ നിർമ്മാണജോലികളിൽ ഏർപ്പെട്ടിരിക്കുകയാണ് കരിയൻ. ചിത്രം പൂർത്തിയാകാറായി. ശങ്കർ, മമ്മൂട്ടി, ജലജ, മാള, ശങ്കരാടി, സുകുമാരി തുടങ്ങിയവർ വേഷമിടുന്ന അന്തിച്ചുവപ്പ് കരിയൻ വർണ്ണശാല തന്നെയാണ് സംവിധാനം ചെയ്തിട്ടുള്ളത്. വർഷങ്ങളായുള്ള അനുഭവ സമ്പത്ത് സംവിധാനകൃത്യം ഒട്ടൊക്കെ അനായാസമായി നിർവ്വഹിക്കാൻ തനിക്കു ധൈര്യമേകിയിട്ടുണ്ടെന്ന് കരിയൻ പറയുന്നു.


വെറും സ്റ്റണ്ട് ചിത്രങ്ങളുടെ പിറകെ പോകാൻ കരിയൻ തയ്യാറല്ല. തനി ആർട്ട് പടങ്ങളെടുത്തു കീശ കാലിയാക്കാൻ കരിയനില്ല. എന്നാൽ കാണികളെ നിരാശപ്പെടുത്താത്ത തരത്തിലുള്ള ഭേദപ്പെട്ട ചിത്രങ്ങൾ നിർമ്മിക്കണമെന്നാണ് ഈ സംവിധായകന്റെ മോഹം. കലാപരമായി തീരെ മോശമാകാതെ നോക്കാനും അതേ സമയം സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനും കരിയൻ ശ്രദ്ധിക്കുന്നു.

ചിത്രകാരന്മാർ സംവിധായകന്മാരായി മാറിയപ്പോഴൊക്കെ നല്ല ചിത്രങ്ങൾ നമുക്ക് ലഭിച്ചിട്ടുള്ള അനുഭവങ്ങളാണുള്ളത്. പി. എൻ. മേനോൻ, ഭരതൻ, ഐ. വി. ശശി ഒക്കെ ഇതിനുദാഹരണങ്ങളാണ്. ആ നിരയിലേയ്ക്കിതാ പുതിയ ഒരാൾ. കരിയൻ വർണ്ണശാല. ഈ രംഗത്ത് കാര്യമായ എന്തെങ്കിലും സംഭാവന ചെയ്യാൻ കരിയനു കഴിയുമെന്നതിൽ സംശയം വേണ്ട.

—എസ്സാർ

(തുടർച്ച)

എന്റെ അമ്മാവന്റെ



ഒളിമങ്ങാത്ത ഓർമ്മകൾ

തിക്കുറിശ്ശി സുകുമാരൻനായർ

മുരിങ്ങയ്ക്കു് എന്തു സംഭവിക്കുന്നുവെന്നുള്ളതും കാത്തു് അമ്മയും ചിററമ്മമാരും കഴിഞ്ഞു. അന്നു രാത്രി എല്ലാപേരും കിടന്നുറങ്ങുമ്പോൾ എന്തോ പൊരുപൊരാ ഞെരിഞ്ഞു മുറിഞ്ഞു് വീഴുന്ന ശബ്ദം കേട്ടു. അങ്കണത്തിൽ കിടന്ന കൊച്ചമ്മയുടെ മകൾ ഗോമതിയും വാല്യക്കാരിപ്പെണ്ണും ചിമ്മിനി വിളക്കും കൊളുത്തി കതകു തുറന്നു് വടക്കേപ്പുറത്തു് നോക്കിയപ്പോൾ കണ്ട കാഴ്ച, എത്രയോ കാലമായി ആ വീട്ടിലെ ഒരംഗമായിരുന്ന ആ മുരിങ്ങ കഴുത്തും നടുവുമൊടിഞ്ഞു് കോഴിക്കൂട്ടിന്റെ പുറത്തു് താറുമാറായി കിടക്കുന്നതാണു്. ആ മൃതദേഹം കാണുവാൻ അവർ അമ്മയേയും ചിററമ്മമാരേയും വിളിച്ചുണർത്തി. എല്ലാപേരും എണീററു് നോക്കി. ഒന്നും മിണ്ടാതെ വീണ്ടും കിടപ്പു മുറികളിലേയ്ക്കു ചെന്നു. അവർക്കിതു പുത്തരിയല്ല. ഈ സംഭവം നേരത്തേ പ്രതീക്ഷിച്ചതാണു്. മുരിങ്ങ മുറിഞ്ഞു വീഴുമോ അതോ മുരിങ്ങയിൽ പുഴുക്കുത്തു പററുമോ എന്നുള്ള സംശയമേ ഉണ്ടായിരുന്നുള്ളു. ശരിക്കും ഇനിയാർക്കും പ്രയോജനപ്പെടാത്ത വിധം തന്നെ ആ കുടുംബമിത്രം മണ്ണോടു മണ്ണടിഞ്ഞു.

നാട്ടുമ്പുറങ്ങളിൽ അന്നു് മിക്ക വീടുകളിലും കോഴി വളർത്തുക പതിവാണു്. അങ്ങിനെ എന്റെ വീട്ടിലും ഓരോ ശാഖക്കാർക്കും കോഴികളുണ്ടു്. ഇഷ്ടംപോലെ മുട്ട കൂട്ടാൻ വേണ്ടിയാണു് ആ കോഴി കൃഷി. വല്ല വിരുന്നുകാരും വന്നാൽ പെട്ടെന്നു് കുറെ മുട്ടയെടുത്തു് പൊരിക്കുകയോ അവിയലു വെയ്ക്കുകയോ അപ്പം ചുടുകയോ ഒക്കെ ചെയ്യാം. എന്നല്ല കാലത്തു കാലത്തു് ഒന്നും രണ്ടും മുട്ട അര വേവു് വേവിച്ചു് കഴിക്കുക എന്നുള്ളതും ഒരു നിഷ്ഠയാണു്.

വീടിന്റെ വടക്കേപ്പുറത്താണു് കോഴിക്കൂടു്. നല്ല ഭംഗിയായി കെട്ടിയുണ്ടായതാണതു്. മിക്കവാറും കോഴികളുടെ വിഹാരം വടക്കേപ്പുറത്തും അതിനു ചുററുമുള്ള പറമ്പുകളിലുമത്രേ. വീടിന്റെ മുൻവശത്തെ മുററത്തു് അവയ്ക്കു് പ്രവേശനമില്ല. വീട്ടിനകത്തും കഴിയുന്നത്ര കയററുകില്ല. തിണ്ണയും തളവുമൊക്കെ വൃത്തികേടാക്കും.

കോഴികൾ വീട്ടിലുണ്ടെന്നല്ലാതെ ഒന്നിനേയും കൊച്ചമ്മാവൻ കണ്ടിട്ടില്ല. കോഴികൾ ശബ്ദിക്കുന്നതുതന്നെ അമ്മാവനു് അസഹ്യവും അരോചകവുമാണു്. ആരു കണ്ടാലും ഒന്നു തിരിഞ്ഞു നിന്നു നോക്കുന്ന ഒരു സുന്ദരനായ പൂവൻ അക്കൂട്ടത്തിലുണ്ടായിരുന്നു. അവനാണു് ആ ഒരുക്കൂട്ടം പിടകളുടെ കാമുകനും ഭർത്താവും രക്ഷകർത്താവുമെല്ലാം. അവൻ നടക്കുന്നതുതന്നെ കാണാൻ നല്ല ചന്തമാണു്: ചില സുന്ദരികളായ പെണ്ണുങ്ങളുടെ നടപ്പാണു് അവന്റേതു്. അവന്റെ ചുററും പിടകളെല്ലാം കൂടും. ഓരോരുത്തർക്കും അവനിൽ പ്രത്യേക സ്വാതന്ത്ര്യവും പ്രേമവുമുണ്ടെന്നു് കാണിക്കുവാൻ പരസ്പരം മത്സരിക്കാറുണ്ടു്. അവൻ അവരെയൊന്നും അത്ര കാര്യമായി ഗണിക്കാറില്ല. എന്നെക്കാൾ സുന്ദരൻ ആരുണ്ടു് എന്ന അഹന്തയാണവനു്. അമ്മാവന്റെ കണ്ണിൽ പെടാതെ വീട്ടുകാർ അവനെ പ്രത്യേകം സൂക്ഷിച്ചുവന്നു. ഒരുദിവസം അവന്റെ ഗ്രഹനില പിഴച്ച സമയത്തു് എങ്ങിനെയോ മുൻവശത്തെ മുററത്തിൽ അവൻ മന്ദസഞ്ചാരം നടത്തി. അമ്മാവൻ വരാന്തയിൽ ചാരുകസേരയിൽ ഉച്ചഭക്ഷണവും കഴിഞ്ഞു് വിശ്രമിക്കയായിരുന്നു. മുററത്തു് ലാസ്യനൃത്തം നടത്തി മുന്നോട്ടു വന്ന അവനെ അമ്മാവൻ കണ്ടു മെല്ലെ തലപൊക്കി ഒന്നുറപ്പിച്ചുനോക്കി. എന്നിട്ടു് അകത്തോട്ടു നോക്കി ഒരു വിളി.

പെണ്ണേ ഗോമതി.

എന്തോ.

ഇതു് ഏതു കോഴി.

ഇവിടത്തേതു തന്നെ.

ഇവിടത്തേതു് എന്നുവെച്ചാൽ?

വലിയമ്മേടേതു്.

ലക്ഷ്മിക്കുട്ടിയുടേതോ.

അതെ.

ഇവറ്റക്കു് എവിടുന്നു കിട്ടി ഇതിനെ. എന്തു മനോഹരം. കോഴിയെന്നു പറയുകില്ല. ഒന്നാംതരം മയിലിനെപ്പോലിരിക്കുന്നു.

അമ്മാവൻ കോഴിയെക്കണ്ടതും ഈ അഭിപ്രായം പുറപ്പെടുവിച്ചതും നിനച്ചിരിക്കാത്ത ഒരു സംഭവമായിരുന്നു അമ്മയ്ക്കും മററുള്ളവർക്കും. ഇതുവരെ പാടുപെട്ടു് കാത്തു സൂക്ഷിച്ചതു് നിശ്ശേഷം നിഷ്പ്രയോജനമായിത്തീർന്നുവെന്ന ആശങ്കയോടെ മനസ്സുതളർന്ന അമ്മയും മററുള്ളോരും എന്തെങ്കിലും ഒരു ഗുണം കിട്ടുന്നെങ്കിൽ കിട്ടിക്കോട്ടെയെന്നു കരുതി.

'അയ്യോ അതിനു നാലഞ്ചുദിവസമായി ചോര തൂററലാ'

അമ്മ അപ്പോൾ തോന്നിയ ഒരു ബുദ്ധി അമ്മാവന്റെ കരിംകണ്ണിന്റെയും കരിനാക്കിന്റേയും നേക്കു് പ്രയോഗിച്ചു. അമ്മാവൻ അതു കേട്ടപാടെ, 'എന്നിട്ടാണോ കുതിരപോലിരിക്കുന്നതു്. ഒരു പതിനഞ്ചു റാത്തൽ ഇറച്ചി കാണും.

അത്രതന്നെ. അമ്മയും മററുള്ളവരും നിശ്ശബ്ദരായി. അവരുടെ മുഖത്തെല്ലാം ആസന്നഭാവിയിൽ സംഭവിക്കാൻ പോകുന്ന ഒരു വിപത്തിന്റെ സൂചനാ രേഖകൾ ഇഴഞ്ഞു കയറി.

ഗോമതി പൊടുന്നനവേ ചെന്നു് പൂവനെ വിരട്ടിപ്പിടിച്ചു് തെങ്ങിന്റെ ചോട്ടിലെ ഒരു കുററിയിൽ കെട്ടിയിട്ടു: അകത്തളത്തിലിരുന്നു് അമ്മയും കൂട്ടരും ചിന്തതുടങ്ങി.

എന്തെങ്കിലും സംഭവിക്കുമെന്നുള്ള കാര്യത്തിൽ അവർക്കാർക്കും ഒരു സംശയവുമില്ല. കാരണം ഇതിനുമുമ്പിൽ എത്രയോ അനുഭവങ്ങൾക്കു് സാക്ഷ്യം വഹിച്ചവരാണവർ. ഏതു രൂപത്തിലാണു് അമ്മാവന്റെ കണ്ണും നാവും പൂവന്റെ പുറത്തു് പെരുമാറാൻ പോകുന്നതെന്ന വിചാര പരമ്പരകളിൽപെട്ടു് നട്ടം തിരിയുവാൻ അധികനേരം കൊടുക്കാതെ തന്നെ അമ്മാവന്റെ നാക്കും കണ്ണും പ്രവർത്തിച്ചു. തെങ്ങിന്റെ മണ്ടയിൽ നിന്നും ഒരു കുലത്തേങ്ങ കുലയൊടിഞ്ഞു് ഒന്നോടെ നുള്ളു പിടിച്ച മാതിരി പൊത്തോ എന്നു് ഒരു ദാക്ഷിണ്യവും കൂടാതെ നേരെ പൂവന്റെ പുറത്തു വീണതും പൂവന്റെ മരണസമയത്തുള്ള നീണ്ട ദയനീയമായ കൂവലും തുടർന്നുള്ള ഞരങ്ങലും മൂളലുമെല്ലാം ഒരു ഞൊടിക്കുള്ളിൽ നടന്നുകഴിഞ്ഞു. വടക്കേപ്പുറത്തു് ഓടിക്കിതച്ചുവന്നവർ കണ്ടു് ചതഞ്ഞു് തൂവലിൽ കുറെയൊക്കെ ദൂരെത്തെറിച്ചു് പ്രാണൻ വെടിഞ്ഞുകിടക്കുന്ന പൂവാലൻ പൂവനെയാണു്. വാസ്തവത്തിൽ എല്ലാപേരുടെയും കണ്ണിൽ ജലം നിറഞ്ഞു. അമ്മയും മററും ആ പ്രേതം കാണാൻ കഴിവില്ലാതെ പെട്ടെന്നു് അകത്തേക്കു മാറിക്കളഞ്ഞു. തീരെ സഹിക്കാൻ വയ്യാതെ കൊച്ചു പെണ്ണു് ഗോമതി പറഞ്ഞു.

'ഈ അമ്മാവന്റെ കണ്ണിലു് കാന്താരിമുളകു് അരച്ചു തേയ്ക്കണം.'

ആ ശിക്ഷ പോരെന്നു തോന്നിയ വയസ്സായ നെല്ലുകുത്തികാരി പാർവ്വതി പറഞ്ഞു.

'കണ്ണിലു് തീക്കൊള്ളി എടുത്തുവെയ്ക്കണം. ഇങ്ങനെ അവരുടെ മനോധർമ്മത്തിനനുസരിച്ചു് ശിക്ഷാവിധികളുടെ പട്ടിക പൊയ്ക്കൊണ്ടിരുന്നെങ്കിലും 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ' എന്ന മട്ടിൽ അമ്മാവൻ കസേരയിൽ കിടന്നു് ജ്ഞാനവാസിഷ്ഠം വായിക്കുന്നു.

'അതെന്താ പെണ്ണേ ഒരു ശബ്ദം കേട്ടതു്.'

ആരും ഒന്നും മിണ്ടിയില്ല.

'അകത്താരുമില്ലയോടീ. എടീ ഗോമതീ' ഗോമതി വിളി കേട്ടില്ല.

എല്ലാം എവിടെപ്പോയി. പെണ്ണേ എന്താണവിടെ ഒരു ശബ്ദം കേട്ടതെന്നു്.

ഓലമടല്ലു വീണു് ആ പൂവൻകോഴി ചത്തു.

അമ്മയാണതു് പറഞ്ഞതു് അമ്മയുടെ ശബ്ദത്തിൽ വല്ലാത്ത ദേഷ്യവും സങ്കടവും വെറുപ്പുമൊക്കെ ഇടകലർന്നിരുന്നുവെന്നുള്ള സത്യം അമ്മാവൻ മനസ്സിലാക്കിയോ എന്നു് നിശ്ചയമില്ല.

ചത്തോ— നല്ല കോഴിയായിരുന്നു. എന്തു ചെയ്യാം. അതിനു് ആയുസ്സററു. ഇപ്പോൾ നിങ്ങളൊക്കെ വിചാരിക്കുന്നതെന്തെന്നും എനിക്കറിയാം. ഞാൻ കണ്ണുവെച്ചതു കൊണ്ടാണു് അതു് ചത്തതെന്നായിരിക്കും. ജ്ഞാനവാസിഷ്ഠത്തിൽത്തന്നെ പറഞ്ഞിരിക്കുന്നതു കണ്ടില്ലേ. എല്ലാം ഇന്നല്ലെങ്കിൽ നാളെ ഇല്ലാതാവും. ബ്രഹ്മം മാത്രമേ ശാശ്വതമായുള്ളു. ബ്രഹ്മത്തിനു മാത്രം അഴിവില്ല. ബാക്കി ബ്രഹ്മാണ്ഡ കടാഹങ്ങളും സൗരയൂഥവും എല്ലാം നശിക്കും.'

ഏതായാലും ആ അന്തോണിയെ വിളിച്ചു് അതിന്റെ തൂവലൊക്കെ നല്ലവണ്ണം പിന്നിക്കളഞ്ഞു് തൊലി നല്ലപോലെ ഉരിച്ചു് ഭംഗിയായി നാലഞ്ചുവട്ടം കഴുകി ചോരമണം കളഞ്ഞു്, കുറെ ഭാഗം വറുത്തരച്ചും ശേഷം പൊരിച്ചെടുത്തും പാകം ചെയ്യിൻ— അത്താഴത്തിനു് ദോശയും കോഴിയിറച്ചിയും ആയിക്കളയാം.

അമ്മയ്ക്കും ചിററമ്മമാർക്കും മാത്രമല്ല ആ വീട്ടിലെ തൂണിനും ചുവരിനും വരെ അടക്കാൻവയ്യാത്ത അരിശം തോന്നി. എന്തു ചെയ്യാനൊക്കും. കോഴിയെ പാകം ചെയ്യേണ്ടുന്ന നിർദ്ദേശങ്ങളെല്ലാം പറഞ്ഞു കൊടുത്തശേഷം അമ്മാവൻ വീണ്ടും ജ്ഞാനവാസിഷ്ഠത്തിൽ ഏകാഗ്രത ചെലുത്തി.

ഞങ്ങളുടെ കൃഷിപ്പണികൾ നോക്കുന്ന ഒരു കയ്യാളുണ്ടു്. അണ്ടിക്കണ്ണൻ കൊച്ചപ്പി. ആളു് നാടാർ സമുദായത്തിൽ പെട്ടവനാണു് ഒരു സായംകാല സമയത്തു് അമ്മാവൻ വീട്ടുമുററത്തു് നില്ക്കുകയായിരുന്നു. അപ്പോൾ ഒരു പറമ്പു കഴിഞ്ഞുള്ള ഇടവഴിയിൽ കൂടി കൊച്ചപ്പി ഒരു കാളയുമായി നടന്നുപോകുന്നതു് അമ്മാവൻ കണ്ടു.

ആരാടാ അതു് കൊച്ചപ്പിയോ

ആമാം. അടിയൻ താൻ.

നീയെന്താ പതിവില്ലാതെ ഇടവഴിയേ പോകുന്നതു്. എന്നും ഈ പറമ്പിൽ കൂടിയല്ലയോ നിന്റെ സവാരി.

കൊച്ചപ്പി മനഃപൂർവ്വം ഇടവഴിയേ പോവുകയായിരുന്നു. അവൻ അന്നു് തൊടുവട്ടി കാളച്ചന്തയിൽ നിന്നു് ഒരു നല്ല കാളയെ വിലയ്ക്കു വാങ്ങിക്കൊണ്ടു വരികയാണു്. അവനറിയാം അതു് കൊട്ടുമ്പലത്തെ ഇളയ യശമാൻ കണ്ടാൽ കാളയുടെ കഥ തീരുമെന്നു്. അതു് ഭയന്നാണു് അവൻ കാണിക്കാതെ ഇടവഴിയേ സഞ്ചാരം വെച്ചതു്. അമ്മാവൻ വിടുമോ. അമ്മാവനു് കഴുകന്റെ ദൃഷ്ടിയാണു്.

നീ ഇവിടെ വാ. നിന്നോടു ചോദിക്കട്ടെ.

കൊച്ചപ്പി കാളയെ ഇടവഴിയിൽ വിട്ടിട്ടു് തനിയേ അമ്മാവന്റടുത്തേക്കു വന്നു.

'നീ എവിടെപ്പോയിരുന്നു.

ചന്തയ്ക്കു് പോയിരുന്തേൻ.

ഏതു ചന്തയിൽ.

കാളച്ചന്തയിലെ.

എന്നിട്ടു് കാള വാങ്ങിയോ.

വാങ്കിനേൻ.

എവിടെ കാള.

അങ്കെ ഇടവഴിയിലെ വിട്ടേൻ.

കൊണ്ടുവാ കാണട്ടെ.

അതു് റൊമ്പ ചിന്ന കാളെ. എല്ലും തൊലിയും താനിരുക്കു്.

ഇനി തീററി എതാവതു കൊടുത്തു താൻ

ശരി. നീ ഇങ്ങോട്ടു കൊണ്ടുവാ. ഞാനൊന്നു കാണട്ടെ. യശമാനുക്കു് കാണും പടിയാ അവ്വളവു് പെരിയകാള ഒണ്ണുമല്ല.

പെരിയതോ ചിന്നതോ കൊണ്ടുവാടാ.

കൊച്ചപ്പി അറച്ചറച്ചു് മടിച്ചു് മടിച്ചു് നടന്നു് കാളയെ അമ്മാവന്റെ അടുക്കലേക്കു് നയിച്ചു. അവന്റെ നെഞ്ചിനകത്തു് ഒമ്പതാം ഉത്സവം നടക്കുന്നതു് മററാരുമറിഞ്ഞിരിക്കയില്ല. അമ്മാവൻ കാളയ്ക്കു് വലം,



ഇന്നത്തെ പത്രവ്യവസായ പ്രതിസന്ധിയെക്കുറിച്ച് നിങ്ങളറിഞ്ഞിരിക്കേണ്ട വസ്തുതകൾ—1

ചോദ്യം:

ഒരു രാഷ്ട്രത്തിന്റെ വികസനത്തിലും പുരോഗതിയിലും ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വഹിക്കുന്ന പങ്കെന്താണ്?

ഉത്തരം:

ഒരു രാഷ്ട്രത്തിന്റെ ഭാവിഭാഗധേയം കരുപ്പിടിക്കുന്ന ശക്തമായ ഉപാധിയാണു വർത്തമാനപത്രങ്ങളും മാസികകളും. അവ അറിവു പകരുകയും ബോധനം നടത്തുകയും ചെയ്യുന്നതോടൊപ്പം ഗവർമെന്റും പൊതുജനങ്ങളും തമ്മിലുള്ള അർത്ഥപൂർണ്ണമായ ബന്ധം ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

വസ്തുതകൾ:

ഏതൊരു പുരോഗമനാത്മകമായ ജനായത്ത സംവിധാനത്തിലും പത്രമാസികകൾക്കു സുപ്രധാനമായ പങ്കാണ് വഹിക്കാനുള്ളത്. ജനാഭിപ്രായത്തിനാധാരമായ വിലപ്പെട്ട വിവരങ്ങളുടെ ശേഖരമാണ് പത്രങ്ങൾ. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ നമ്മുടെ നാടിന്റെ നിലയെയും നിലപാടിനെയുംകുറിച്ച് അവ വ്യക്തമായ അവബോധം ജനിപ്പിക്കുന്നു. അങ്ങനെ ദേശീയലക്ഷ്യങ്ങൾ നേടാൻ ജനങ്ങളെ കർമ്മോന്മുഖരാക്കുന്നു. പാർലമെന്ററിനു വെളിയിൽ, ജനതയുടെ വികാരങ്ങൾ, അവരുടെ ആഗ്രഹാഭിലാഷങ്ങളും പ്രശ്നങ്ങളും ആശങ്കകളും പത്രങ്ങളാണ് പ്രകടിപ്പിക്കുന്നത്. അവ നമ്മുടെ കാഴ്ചപ്പാടിനെ മാററിമറിക്കുകയും ഭാവിയുടെ രൂപവും പാതയും തെളിക്കുകയും ചെയ്യുന്നു.

ഒരു വികസ്വരസമ്പദ്ഘടനയിൽ, വളരുന്ന സാക്ഷരതാനിലവാരത്തോടും ജനാധിപത്യാവശ്യങ്ങളോടും പത്രങ്ങൾ പൊരുത്തപ്പെടേണ്ടത് അത്യാവശ്യമാണ്. ഇന്ത്യൻ പത്രങ്ങളുടെ പുരോഗതി പൊതുവെ മോശമാണ്. അസംസ്കൃത സാധനങ്ങളുടെയും സേവനങ്ങളുടെയും വ്യയവർദ്ധനയും ആധുനികയന്ത്രോപകരണങ്ങളുടെ അഭാവവും ഗവർമെന്റിന്റെ തെററായ നയപരിപാടികളുമാണ് ഇതിന്റെ കാരണം.

പത്രങ്ങൾ, നിർണ്ണായകശക്തിയാണ്.
അവയ്ക്കു കരുത്തേകുക.

പുറപ്പെടുവിക്കുന്നത്:

ഇന്ത്യൻ & ഈസ്റ്റേൺ ന്യൂസ് പേപ്പർ സൊസൈററി.

വെച്ച് വിസ്തരിച്ചു നോക്കി അപ്പോഴെല്ലാം കൊച്ചപ്പി കുറേശ്ശാ കുറേശ്ശാ ഏതോ ആപത്തിന്റെ അന്ധകൂപത്തിലേയ്ക്കു വഴുതി വഴുതി വീഴാൻ തുടങ്ങുന്നതുപോലെയായിരുന്നു. അവന്റെ നെഞ്ചിടിപ്പ് അമ്മാവന്റെ ചെവിയിൽ ചെന്നു് നിശ്ചയമായും തറച്ചിരിക്കും. കുരുപ്പട്ടി വിറ്റും കപ്പ വിറ്റും കുറേക്കാലം കൊണ്ടു് ശേഖരിച്ചുവെച്ച പണം ആകെ മൊത്തം കൊടുത്താണു് അവൻ കാളയെ വാങ്ങിച്ചിരിക്കുന്നതു്. അതു് ഒടുവിൽ ഈ കാലൻ കൊച്ചമ്മാവന്റെ കൺമുമ്പിൽ വന്നുപെടുമെന്നു് അവൻ സ്വപ്നേപി വിചാരിച്ചതല്ല.

അമ്മാവന്റെ നാവിൽ നിന്നും എന്താണു് പുറത്തു ചാടുന്നതെന്നുള്ള ഉൽക്കണ്ഠ സ്വതവേ അണ്ടിക്കണ്ണുള്ള അവന്റെ മിഴികളെ കൂടുതൽ വെളിയിലേയ്ക്കു് തള്ളിച്ചു.

'എടാ കൊച്ചപ്പി.

അടിയൻ.

'നല്ല ലക്ഷണമുള്ള കാളയാണെടാ. അതിന്റെ കുളമ്പും കൊമ്പും വാലുമൊക്കെ ശാസ്ത്രീയമായി ലക്ഷണമൊത്തതാ'

കൊച്ചപ്പിയുടെ ചങ്കിടിഞ്ഞു. അവന്റെ തൊണ്ടയിൽ ഹൃദയരക്തം ഇരച്ചുകയറി. കണ്ണുകളിൽ ഇരുട്ടു കെട്ടി. കാലും കയ്യും വിറയ്ക്കാൻ തുടങ്ങി.

ശരി കൊണ്ടുപോ.

ഒരു പ്രേതം നീങ്ങുന്നതുപോലെ അവൻ ചുവടു വച്ചു നടന്നു. അമ്മാവൻ സദാ കൊണ്ടുനടക്കാറുള്ള വടിവാളുമായി വലിയമ്മാവന്റെ ബംഗ്ലാവിലേയ്ക്കു വെടി പറഞ്ഞു് സമയം നീക്കുവാൻ പുറപ്പെട്ടു.

കൊച്ചപ്പി കാളയേയും കൊണ്ടു് കുടിലിലെത്തി. അവന്റെ കെട്ടിയോളു് കാള വാങ്ങിയ സന്തോഷത്തിൽ ഓടിയടുത്തു് തടവുകയും തലോടുകയുമൊക്കെ ചെയ്തു. പിള്ളേരും ചുറ്റും കൂടി കാളയെ ഓമനിക്കാൻ തുടങ്ങി. കൊച്ചപ്പിയുടെ മുഖം ഒരു ശവത്തിന്റെ മുഖംപോലെ നിർജ്ജീവമാണു്.

എന്ത് ഒരുമാതിരിയാ ഇരുക്കു്—

അവന്റെ കെട്ടിയോളു ചോദിച്ചു.

കൊച്ചപ്പി മൗനം.

ശൊല്ലുങ്ക. എന്ത് മുഖത്തുക്കു ഒരു വാട്ടം?

അപ്പോഴും കൊച്ചപ്പി മൗനം. അവന്റെ തൊണ്ടയിൽ ഹൃദയരക്തം തളം കെട്ടിയിരിക്കയാണു്. അക്ഷരങ്ങൾ അതിനെത്തുളച്ചു പുറത്തു വരുന്നില്ല.

എന്ന നടന്തതു്. ഉള്ളതെച്ചൊല്ലുങ്ക.

'കൊട്ടിയമ്പലത്തെ യശമാൻ കാളയെ പാത്തുട്ടാരു്'

അതുക്കെന്നെ പാത്തിട്ടുപോട്ടും.

പാത്തിട്ടുപോട്ടുമാ. ഉനക്കെന്ന തെരിയും. അവരു് കണ്ണുവെച്ചാ ഒണ്ണും ഉരുപ്പെടാതു്.

കെട്ടിയോളു് ഒന്നും പകരം പറഞ്ഞില്ല. നേരം രാത്രിയായി. കൊച്ചപ്പി കാളയ്ക്കു് പുല്ലും വൈക്കോലും വെള്ളവുമൊക്കെ ഇഷ്ടംപോലെ നൽകി അഴിക്കൂട്ടിൽ കെട്ടി.

രാത്രി കൊച്ചപ്പിക്കു് ഉറക്കം വന്നില്ല. കാളയ്ക്കു് എന്തു സംഭവിക്കുമെന്നുള്ള ഭയം അവനെ പല തവണ അഴിക്കൂട്ടിൽ ചെന്നു നോക്കുവാൻ പ്രേരിപ്പിച്ചു. കാള പുല്ലും വയ്ക്കോലും തിന്നു് അയവിറക്കിക്കൊണ്ടു കിടക്കുന്നു. അവനു് സമാധാനമായി.

നേരം വെളുത്തു. അവൻ കണ്ണും മുഖവും കഴുകുന്നതിനു മുമ്പുതന്നെ കാളയുടെ അടുക്കലെത്തി. കാള കിടക്കുകയാണു്. അവൻ കാളയെ എഴുന്നേല്പിക്കാൻ ശ്രമിച്ചു. കാള എഴുന്നേൽക്കുന്നില്ല. അവൻ വാലുചുരുട്ടി വേദനിപ്പിച്ചു. എഴുന്നേല്ക്കുന്നില്ല. മൂക്കുചരടു പിടിച്ചു വലിച്ചു് നൊമ്പരപ്പെടുത്തി. പഠിച്ച പണി പതിനെട്ടും നോക്കി കാള കിടന്നിടത്തു നിന്നും ഒരിഞ്ചുപോലും പൊങ്ങുന്നില്ല. ഒടുവിൽ മനസ്സില്ലാ മനസ്സോടെ കാന്താരിമുളകു് അരച്ചു് അവൻ കാളയുടെ കണ്ണിൽ തേച്ചു. അവസാനത്തെ ക്രിയയായിരുന്നു അതു്. എന്നിട്ടും കാളയ്ക്കു് കുലുക്കമില്ല. അതു് എണീൽക്കാൻ ശ്രമിക്കുന്നുണ്ടു്. പക്ഷേ നാലു കാലും തളർന്നു് ധഡോ എന്നു താഴെ വീഴും. അതിനു് നിലയുറയ്ക്കുന്നില്ല. കാലിന്റെ മുട്ടുകൾക്കുള്ള ശക്തി നഷ്ടപ്പെട്ടിരിക്കുന്നു. അടുത്തുള്ള അവന്റെ സുഹൃത്തുക്കളെല്ലാം വന്നു. എല്ലാവരുംകൂടി കാളയെ പൊക്കിയെടുത്തു് അഴിക്കൂട്ടിൽ നിന്നും പുറത്തു കൊണ്ടുവന്നു് എണീല്പിച്ചു നിറുത്താൻ പാടുപെട്ടു. നില്ക്കുന്നതിനു മുമ്പു് കാലു തളർന്നു് അതു് നിലം പതിക്കും. കാളയുടെ ഇരു കണ്ണിൽ നിന്നും ധാരധാരയായി അശ്രുക്കൾ പൊഴിഞ്ഞുകൊണ്ടിരുന്നു. അതിന്റെ അവശതയെന്തെന്നു് പറയുവാൻ നാവനക്കുന്നതുപോലെ തോന്നും.

ഒഴുകുന്ന കണ്ണുകളോടെ അതു് നാലുപാടും ദയനീയമായി നോക്കുന്നുണ്ടു്. വായിൽക്കൂടി നുരയും പതയും പുറത്തുവരുന്നു. കൊച്ചപ്പിയുടെ വീട്ടിൽ കെട്ടിയോളും പിള്ളേരും മാറത്തടിച്ചു് അറയോ മുറയോ വിളിച്ചു കരയുന്നു. ആകെക്കൂടി ഒരു മരണം നടന്ന ലക്ഷണം. കുറച്ചു കാലങ്ങൾക്കു് കൊച്ചപ്പിയുടെ ജ്യേഷ്ഠൻ പനയിൽ നിന്നു വീണപ്പോൾ മാത്രമേ ഇങ്ങനെയൊരു അന്തരീക്ഷം അവിടെ ഉണ്ടായിട്ടുള്ളു. ജീവിതം വഴിമുട്ടിയ കൊച്ചപ്പി നെഞ്ചത്തടിച്ചു നിലവിളിച്ചു കരഞ്ഞു് ആകാശത്തു നോക്കിക്കൊണ്ടു പറഞ്ഞു.

'ഉടയ തമ്പുരാനേ എൻ കുടുംപത്തെത്തൊലച്ചു പോട്ടാരെ മഹാപാപീ. ഇതെവിടെ എന്നെ കൊലൈ ശെയ്യലാമായിരുന്തുതേ.

അന്ത കാലമാടനക്കെ കണ്ണിലെ തീ എരിയാതാ— അവരുക്കെ തലയിലെ ഇടി വീഴാതാ— പാമ്പുകൊത്താതാ—


(തുടരും)

അന്നും ഇന്നും






അരുണാ ഇറാനി



അലൈകൾ ഓയ്‌വതില്ലൈ എന്ന ചിത്രത്തിൽ അഭിനയിച്ചവർ എല്ലാം തന്നെ ഇപ്പോൾ വളരെ തിരക്കു പിടിച്ചവരാണു്. രാധ തെലുങ്കിലേയും തമിഴിലേയും നമ്പർ വൺ ആണു്. കാർത്തിക് 'മുരളി' എന്ന പേരിൽ ഇപ്പോൾ തെലുങ്കിലും അഭിനയിക്കുന്നു. ത്യാഗരാജൻ സരിതയുടേയും രാജ്യലക്ഷ്മിയുടേയും നായകനായി അഭിനയിക്കുന്നു.

* *



പ്രസവത്തിനു ശേഷം ഹേമമാലിനി ആദ്യമായി ഒരു ഡബ്ബിംഗിൽ പങ്കെടുത്തു. അന്നു് ഹേമയെ കണ്ടവരെല്ലാം അതിശയിച്ചു. ഹേമ എന്നത്തേക്കാൾ സുന്ദരിയായി മാറിയിരിക്കുന്നു. സിനിമാ അഭിനയം തുടരാൻ തന്നെയാണു് ഹേമമാലിനി തീരുമാനിച്ചിരിക്കുന്നതു്. കെ. ബാലചന്ദ്രൻ ഹിന്ദിയിൽ നിർമ്മിക്കുന്ന അപൂർവ്വ രാഗത്തിലെ നായിക ഹേമമാലിനിയാണു്. നായകൻ കമലും.

ഹിറ്റ്.. മിസ്സ്...



Seasons Greetings
and
Best wishes
for a Bright and prosperous
New Year

POORNIMA JAYARAM
22, VEERABATHRA IYER STREET, NUNGAMBAKKAM,
MADRAS-600 034

നൃത്തം...നൃത്തം

പൂർണ്ണിമാജയറാം മഞ്ഞിൽ വിരിഞ്ഞ പൂക്കൾ എന്ന ചിത്രത്തിൽ അഭിനയിച്ചുകൊണ്ടിരിക്കുമ്പോൾ രസകരമായ ഒരു സംഭവമുണ്ടായി. ചിത്രത്തിൽ ഒരു 'ക്ലാസ്സിക്കൽ ഡാൻസ് രംഗം' കൂടി ഉൾപ്പെടുത്തണമെന്ന് സംവിധായകന് പെട്ടെന്നൊരു തോന്നൽ.

പൂർണ്ണിമാ ജയറാമിന്റെ നൃത്തം ചിത്രീകരിക്കാനുണ്ടെന്നറിഞ്ഞ, നെടുമുടി വേണു അന്തം വിട്ടു. കാരണം മഞ്ഞിൽ വിരിഞ്ഞ പൂക്കളിൽ അഭിനയിക്കവേ വേണു പൂർണ്ണിമാ ജയറാമിനെപ്പറ്റി മനസ്സിലാക്കിയിരുന്നു.

വേണു ഫാസിലിനോട് പറഞ്ഞു.

'ആശാനെ ആ പെണ്ണിന് നൃത്തം ചവിട്ടാനൊന്നുമറിഞ്ഞുകൂടാ—വേണ്ടാത്ത വേലയ്ക്കൊന്നും പോകരുത്.'

അതു കാര്യമാക്കാതെ ഫാസിൽ പൂർണ്ണിമാജയറാമിന്റെ നൃത്തം ചിത്രീകരിക്കാൻ തീരുമാനിച്ചു.


പക്ഷെ നൃത്ത സംവിധായകനുണ്ടായിരുന്നിട്ടുപോലും വളരെ പണിപ്പെട്ടാണ് ആ രംഗങ്ങളെടുത്തത്. അവസാനം അത് പ്രദർശിപ്പിച്ചു കണ്ടപ്പോൾ മഹാമോശമായതിനാൽ വെട്ടിക്കളഞ്ഞു.

പക്ഷെ പൂർണ്ണിമാ ജയറാമിന്റെ അമ്മ ശ്രീലേഖ മകൾക്ക് നൃത്തമറിഞ്ഞുകൂടെന്ന കാര്യം സമ്മതിക്കാൻ തയ്യാറില്ലായിരുന്നു. അവർ അഭിമാനത്തോടെ പറഞ്ഞു.

'പൂർണ്ണിമ ഏഴരവർഷം നൃത്തം പഠിച്ചതാ.'

ഇതു കേട്ട ഫാസിൽ സംശയം പ്രകടിപ്പിച്ചു.

'പോസ്റ്റൽ ട്യൂഷനായിരിക്കും....?'





അവർ ഒന്നിക്കുമ്പോൾ...

ചലച്ചിത്ര രംഗത്തുള്ള എല്ലാവരും ബഹുമാനിക്കുന്ന സംഗീതജ്ഞനാണ് വി. ദക്ഷിണാമൂർത്തി. മലയാളം, തമിഴ് ചലച്ചിത്ര രംഗങ്ങളിലെ സംഗീതസംവിധായകരെല്ലാം അദ്ദേഹത്തെ ഗുരുവായി ആരാധിക്കുന്നു.

'ഞങ്ങളെല്ലാം വെറും കൊച്ചരുവികൾ. അദ്ദേഹം മഹാസാഗരമാണ്. ആ മനുഷ്യനെ കാണുന്നതു തന്നെ ഞങ്ങളെ സംബന്ധിച്ച് ഒരു മഹാഭാഗ്യമാണ്,' ദക്ഷിണാമൂർത്തിയെപ്പറ്റി തമിഴിലെ പ്രശസ്ത സംഗീത സംവിധായകനായ ഇളയരാജ പറഞ്ഞ വാക്കുകളാണിത്. എം. എസ്. വിശ്വനാഥനും, കെ. വി. മഹാദേവനുമൊക്കെ ദക്ഷിണാമൂർത്തിയെ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാണ്.

ഇതുപോലെയാണ് ബാലമുരളീകൃഷ്ണ എന്ന ഗായകന്റെ കാര്യവും. എല്ലാ പാട്ടുകാരും ബാലമുരളീകൃഷ്ണയെ ശാസ്ത്രീയ സംഗീതത്തിന്റെ മാസ്റ്ററായി ഗണിച്ചു പോരുന്നു. അദ്ദേഹം വളരെ അപൂർവ്വമായിട്ടേ സിനിമകൾക്ക് വേണ്ടി പാടിയിട്ടുള്ളൂ. ഒരിക്കലും മറക്കാൻ കഴിയാത്ത ചില പാട്ടുകൾ ബാലമുരളീകൃഷ്ണ പാടിയിട്ടുണ്ട്. നൂൽവേലി എന്ന തമിഴ് ചിത്രത്തിലെ 'മൗനത്തിൽ വിളയാട്ടം മനസ്സാക്ഷിയെ' തന്നെ ഉദാഹരണം.

ശ്രീകുമാരൻ തമ്പി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഗാനം എന്ന ചിത്രത്തിന്റെ സംഗീത സംവിധായകൻ ദക്ഷിണാമൂർത്തിയാണ്. പ്രധാന ഗായകൻ ഡോ: ബാലമുരളീകൃഷ്ണയും. ദക്ഷിണാമൂർത്തിയുടെ സംഗീത സംവിധാനത്തിൽ ബാലമുരളീകൃഷ്ണ ഒരു ചിത്രത്തിനു വേണ്ടി പാടുന്നതു ഇതാദ്യമായിട്ടാണ്.

കൂടാതെ മറ്റൊരു പ്രത്യേകതയും ഗാനത്തിനുണ്ട്. ബാലമുരളീകൃഷ്ണയും



യേശുദാസും ഒന്നിച്ച് ഈ ചിത്രത്തിനു വേണ്ടി ഒരു പാട്ട് പാടിയിരിക്കുന്നു. ഇതും നടാടെയാണ്.

ഗാനത്തിനു വേണ്ടി ത്യാഗരാജ സ്വാമികൾ, മുത്തുസ്വാമി ദീക്ഷിതർ, തുടങ്ങിയവരുടെ കൃതികൾ പുതുതായി ചിട്ടപ്പെടുത്തിയിരിക്കുന്നു. തമ്പി എഴുതിയ 'ആലാപനം.....' എന്നു തുടങ്ങുന്ന ഗാനം യേശുദാസും ജാനകിയുമാണ് പാടിയിരിക്കുന്നത്. ദക്ഷിണാമൂർത്തിയുടെ ഭാവനയിൽ ഉയിർക്കൊണ്ട ഏററവും നല്ല ഈണമാണീ പാട്ടിന്റേത്.

ഒരു പാട്ട് ചിട്ടപ്പെടുത്താൻ ചിലപ്പോൾ ദക്ഷിണാമൂർത്തി മൂന്നു ദിവസങ്ങൾ എടുക്കാറുണ്ട്. തന്റെ അസിസ്റ്റന്റുകളോട് ചോദിക്കുന്നതുപോലെ തന്നെ അദ്ദേഹം നിർമ്മാതാക്കളോടും അഭിപ്രായം ആരായുന്നു. പാട്ടുകൾക്ക് സംഗീതം പകരുന്നത് 'സ്വാമി'യെ സംബന്ധിച്ചിടത്തോളം ഒരു തപസ്യയാണ്.

ഇങ്ങിനെ ചിട്ടപ്പെടുത്തിയ ഗാനങ്ങൾ ചിലപ്പോൾ ചിത്രത്തിൽ ഉൾപ്പെടുത്താതെ വരുന്ന സന്ദർഭങ്ങളുണ്ടാകാറുണ്ട്. ആ അനുഭവം തന്നെ സംബന്ധിച്ചിടത്തോളം വളരെ നിരാശാജനകമാണെന്ന് അദ്ദേഹം പറയുന്നു. ഈയിടെ സംഭവം എന്ന ചിത്രത്തിനു വേണ്ടി 'സിന്ദൂര തിലകമണിഞ്ഞു വാനം.....' എന്ന ഗാനം അതിമനോഹരമായി ദക്ഷിണാമൂർത്തി സ്വരപ്പെടുത്തിയെങ്കിലും ചിത്രത്തിൽ ആ പാട്ട് ഉണ്ടായിരുന്നില്ല.

ഗാനത്തിനു വേണ്ടി ദക്ഷിണാമൂർത്തി സംഗീതം പകർന്ന പാട്ടുകളും, കീർത്തനങ്ങളെല്ലാം ചിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കീർത്തനങ്ങൾ അധികവും ആലപിച്ചിരിക്കുന്നത് ബാലമുരളീകൃഷ്ണയാണ്. കൂട്ടത്തിൽ അദ്ദേഹം പാടിയ 'എന്തരോ മഹാനുഭാവലു.....' എന്ന കൃതി അവാച്യമായ ഒരനുഭൂതി പകർന്നു നൽകുന്നു.

—

ഇവർ എന്റെ പ്രിയപ്പെട്ടവർ

ജെസിയുടെ എല്ലാ ചിത്രത്തിലും സുകുമാരി, ശങ്കരാടി, സോമൻ, അംബിക തുടങ്ങിയ നടീനടന്മാരുണ്ടാകും. ഇത് തന്റെ ഒരു ഗ്രൂപ്പാണെന്ന ആക്ഷേപം ഉണ്ടാകുന്നതായി ജെസിക്കു തന്നെ അറിയാം. എന്നാൽ ഈ നടീനടന്മാരെയൊക്കെ സ്ഥിരമായി എല്ലാ ചിത്രങ്ങളിലും അഭിനയിപ്പിക്കുന്നതിനെപ്പററി ജെസിക്കു ചില ന്യായീകരണങ്ങളുണ്ട്.

ജെസി ഇങ്ങനെ പറയുന്നു.

'എനിക്കൊരു ഗ്രൂപ്പുണ്ടെന്ന ആക്ഷേപമുണ്ട്. അതെനിക്കറിയാം. എന്നാൽ ഞാൻ നശിച്ചാലും ആ ഗ്രൂപ്പിനെ ഉപേക്ഷിക്കില്ല. എന്റെ ഗ്രൂപ്പിനെ ഞാനുപേക്ഷിച്ചാൽ അതിനേക്കാൾ നല്ല നടീനടന്മാരെ കണ്ടുപിടിക്കണം. ഞാൻ അതിനു സാധിക്കില്ല. കാരണം ഞാൻ തെരഞ്ഞെടുക്കുന്നവരേക്കാൾ നല്ല നടീനടന്മാർ മലയാളത്തിലില്ല.

സുകുമാരിയെ ഞാൻ സെലക്ട് ചെയ്യുമ്പോൾ, അതായത് നാരായണിയായിട്ടും, മറിയയായിട്ടും, മിസ്സിസ് മേനോനായിട്ടും ഞാനവരെ തെരഞ്ഞെടുക്കുമ്പോൾ, ഇത്രയും വേഷപ്പകർച്ച തരുന്ന നടി സുകുമാരി മാത്രമാണ്.

ശങ്കരാടിയും അതുപോലെ തന്നെ ഏതു കഥാപാത്രമായി മാറാനും ആ നടന് അനായാസം കഴിയുന്നു. തികഞ്ഞ സ്വാഭാവികതയോടെ ഫലവത്തായി അഭിനയിക്കാൻ ശങ്കരാടിയെപ്പോലെ ആ പ്രായത്തിലുള്ള ഏതു നടന്മാർക്കാണു കഴിയുക?

ഞാൻ ഏററവും കൂടുതൽ ഇഷ്ടപ്പെടുന്ന നടിയാണു ജയഭാരതി. ഇത്ര താളവും, ലയവും ഒപ്പിച്ചു സംഭാഷണമുരുവിടാൻ മററൊരു നടിക്കും കഴിയില്ല. സോമന്റെ കാര്യവും അതു തന്നെ. നമ്മുടെ നായക നടന്മാരിൽ ഏററവും നല്ല അഭിനയ സിദ്ധിയുള്ള ആളാണ് സോമൻ. അംബികയെപ്പോലെ സൗന്ദര്യവും അഭിനയശേഷിയും ഒത്തിണങ്ങിയ ആ പ്രായത്തിലുള്ള നടികൾ വേറെ ആരുണ്ട്?

അതുകൊണ്ട് മലയാളസിനിമയിൽ ഏററവും നല്ല ഗ്രൂപ്പാണെന്റേത്. ആ ഗ്രൂപ്പിനെ ഞാൻ ഉപേക്ഷിച്ചാൽ അതിനേക്കാൾ നല്ല നടീനടന്മാരെ കണ്ടുപിടിക്കണം. അതിനു കഴിയുമെന്നു തോന്നുന്നില്ല. അതുകൊണ്ട് ഈ ഗൗരത്തിനു ഞാൻ തന്നെ ഉത്തരവാദി. ഇതിലേതെങ്കിലും ആർട്ടിസ്റ്റിനു പകരം മററൊരാളെ ആരെങ്കിലും നിർദ്ദേശിച്ചാൽ ഞാൻ സ്വീകരിക്കാം. പക്ഷേ അവർ ഇവരേക്കാൾ കഴിവുള്ളവരായിരിക്കണമെന്നു മാത്രം.'










കണ്ടതും കേട്ടതും



Published by R. Krishnaswamy at Quilon and printed at The Pioneer Press Private Ltd., Sivakasi.

സിനിമയിലല്ല



ലക്ഷ്മി,
പൂർണ്ണിമാജയറാം
(ഫോട്ടോ സെബാസ്റ്റ്യൻ

Regd. KL/QN/57 NANA FILM WEEKLY Price: Rs. 1-60
R. No. 22650/72

